# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages - 68

വാല്യം - 9 | ലക്കം - 1 | ധനു - 1191 | ജനുവരി 2016



## എറണാകുളം കരയോഗം
# നവതി ആഘോഷം
## 2015





ചെന്നൈ പ്രളയബാധിതർക്ക് സഹായം എത്തിക്കുവാൻ എറണാകുളം കരയോഗം സംഘടിപ്പിച്ച യോഗത്തിൽ കളക്ടർ എം.ജി.രാജമാണിക്യം സംസാരിക്കുന്നു. പി.രാമചന്ദ്രൻ (വേണു), പ്രസ്സ് ക്ലബ്ബ് പ്രസിഡൻറ് കെ.രവികുമാർ, കെ.പി.കെ. മേനോൻ, കെ.വി.പി. കൃഷ്ണകുമാർ, കെ.ടി.മോഹനൻ തുടങ്ങിയവർ വേദിയിൽ.



ചെന്നൈ പ്രളയബാധിതർക്ക് ആശ്വാസമായി വിവിധ സാമൂഹ്യ സംഘടനകളുടെ സഹകരണത്തിൽ എറണാകുളം കരയോഗം സമാഹരിച്ച ഉൽപ്പന്നങ്ങൾ കളക്ടർ എം.ജി.രാജമാണിക്യത്തിന് കരയോഗം ജനറൽ സെക്രട്ടറി പി.രാമചന്ദ്രൻ (വേണു) കൈമാറുന്നു. സമീപം പ്രസിഡണ്ട് കെ.പി.കെ. മേനോൻ, കെ.രാമചന്ദ്രൻ നായർ, ആലപ്പാട്ട് മുരളീധരൻ, കരയോഗം ജീവനക്കാർ തുടങ്ങിയവർ.

1191 ധനു

വാല്യം9 ലക്കം1 ജനുവരി 2016

**ഉള്ളടക്കം**

എഡിറ്റോറിയൽ ..... 3
ജനറൽ സെക്രട്ടറിയുടെ പംക്തി ..... 5
ബാലലോകം ..... 7
മഹോൽസവമായി മാറിയ കരയോഗോൽസവം ..... 8
ദ്വിജാവന്തി ..... 11
തോട പറഞ്ഞ കഥ ..... 12
മംഗല്യഭാഗ്യം നല്കുന്ന തിരുമാന്ധാംകുന്നിലമ്മ ..... 18
തളിപ്പറമ്പ് രാജരാജേശ്വരക്ഷേത്രം ..... 22
മനഃസ്സിന്റെ നിറം ..... 24
ഭാരതീയന്റെ നാണം മാറാൻ ..... 25
സിറോസിസ് ..... 31
ജന്മജന്മാന്തരങ്ങളിലെ വിഹ്വലതകൾ ..... 32
ആർത്തവവിരാമം ..... 37
കവിയുടെ/ദൈവത്തിന്റെ വിരലുകൾ ..... 40
ഇളംകുളം പി. എൻ. കുഞ്ഞൻപിള്ള ..... 45
നഗരങ്ങൾ ഗ്രാമങ്ങളെ വിഴുങ്ങുന്നത് ..... 47
പ്രമേഹം ..... 48
വാസ്തു ..... 50
ടി.ഡി.എം. ഹാളിന്റെ ഓർമ്മച്ചെപ്പ് തുറക്കുമ്പോൾ ..... 51
മാലിന്യമുക്ത ഊർജ്ജത്തെക്കുറിച്ച് ഒരു വിചാരം ..... 54
മാസഫലം ..... 56
മാട്രിമോണിയൽ ..... 57-68

**പത്രാധിപസമിതി**
കെ. പി. കൃഷ്ണമേനോൻ
(മാനേജിംഗ് എഡിറ്റർ)
എം. ശ്രീവല്ലഭൻ നായർ
(എഡിറ്റർ)
പി. രാമചന്ദ്രൻ(വേണു)
കെ. ടി. മോഹനൻ
എം. മുരളീധരൻ
കെ. പ്രസന്നകുമാർ



(എഡിറ്റോറിയൽ)

# സാമുദായിക രാഷ്ട്രീയം

നമ്മുടെ നാടിന്റെ സ്വാതന്ത്ര്യലബ്ദിക്കുശേഷം കുറെനാൾ, അതായത് അടിയന്തിരാവസ്ഥയുടെ കാലഘട്ടംവരെ, ഇവിടെ വലിയ മതസ്പർദ്ധ ഇല്ലാതെ, ജാതി സ്പർദ്ധ ഇല്ലാതെ, ഏതാണ്ട് സമാധാനപരമായി, സൗഹാർദ്ദത്തോടുകൂടി ജനങ്ങൾ ജീവിച്ചു പോന്നു. അന്നുവരെ ഭരണഘടനയിൽ മതേതരത്വം എന്ന ഒരു വാക്ക് ഉണ്ടായിരുന്നില്ല. ഭരണഘടനാ രൂപികരണവേളയിൽ തന്നെ അതിന്റെ ശില്പികൾ ആ വാക്ക് ചേർക്കുന്നതിനോട് വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നതുമാണ്. എന്നാൽ അടിയന്തിരാവസ്ഥയുടെ കരാള രാത്രികളിൽ ഇന്ദിര ഇന്ത്യയാണ്, ഇന്ത്യ ഇന്ദിരയാണ് എന്ന് പ്രഖ്യാപിച്ച് ഏകാധിപത്യം അടിച്ചേൽപ്പിച്ച, ആ നാളുകളിൽ ഇന്ദിരാഗാന്ധിയാണല്ലോ ഭരണഘടനയിൽ മതേതരത്വം എന്ന വാക്ക് കൂട്ടിച്ചേർത്തത്. ഇന്ന് ഇത്രയധികം വളച്ചൊടിക്കപ്പെട്ടിട്ടുള്ള, ദുർവ്യാഖ്യാനം ചെയ്യപ്പെട്ടിട്ടുള്ള മറ്റൊരു വാക്കുണ്ടോ എന്ന് സംശയമാണ്. ഇന്ന് മതതീവ്രവാദികളും രാജ്യദ്രോഹികളും വരെ എടുത്തണിയുന്ന ഒരാഭരണമായി മാറിയിരിക്കുന്നു ആ വാക്ക് . ഈയിടെ ഒരു മതാധിഷ്ഠിത രാഷ്ട്രീയ പാർട്ടിയുടെ നേതാവും പ്രഖ്യാപിച്ചു കേട്ടു, ഞങ്ങളാണ് ഏറ്റവും വലിയ മതേതര പാർട്ടി എന്ന്. ഇന്ന് ഭാരതത്തിലെ പ്രത്യേകിച്ചും കേരളത്തിലെ രാഷ്ട്രീയത്തിന്റെ ഗതി നിർണ്ണയിക്കുന്നത് ഇവിടുത്തെ സാമുദായിക ശക്തികളാണ്. അതുകൊണ്ടു തന്നെ ഒട്ടുമിക്ക രാഷ്ട്രീയ പാർട്ടികളും അവരു

ടെ അജ്ഞാനുവർത്തികളായി മാറിക്കഴിഞ്ഞിരിക്കുന്നു. കേരളത്തിലെ പ്രബലരായ രണ്ട് വിഭാഗങ്ങൾ അവരവരുടെതായ സംഘടിത രാഷ്ട്രീയ ശക്തിയുടെ പ്രാമാണ്യത്തിൽ നേട്ടങ്ങൾ കൊയ്ത് മറ്റുള്ളവരെ പിന്നിലാക്കി ബഹുദൂരം മുന്നേറിയപ്പോൾ ഇതാ മൂന്നാമതൊരു വിഭാഗവും സാമുദായികാടിസ്ഥാനത്തിൽ സംഘടിച്ചിരിക്കുന്നു, നിലനില്പ്പിനു വേണ്ടി അങ്ങനെ ചെയ്യുവാൻ നിർബന്ധിതരായിരിക്കുന്നു.

ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ജോലി ഭാഗിച്ച് നല്കുന്ന ഒരു രാജ്യത്ത് , ജാതിയും ഉപജാതിയും അനുസരിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന ഒരു രാജ്യത്ത്, മതത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളെ വിഭജിച്ച് നിയമങ്ങൾ നടപ്പാക്കുന്ന ഒരു രാജ്യത്ത് മതേതതരത്വ ഭരണമാണ് നടക്കുന്നത് എന്ന് എഴുതി വെച്ചാൽ, നേതാക്കൾ ഘോരഘോരം പ്രസംഗിച്ചാൽ, അത് വിശ്വസിക്കുവാൻ സാധാരണ ബുദ്ധിയുള്ള സാമാന്യ ജനങ്ങൾക്ക് സാധിക്കില്ല. സാമുദായികാടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതുകൊണ്ട് തന്നെ ജനങ്ങൾ സാമുദായി കാടിസ്ഥാനത്തിൽ ചിന്തിക്കുകയും, സാമുദായികമായി സംഘടിച്ച് ആനുകൂല്യങ്ങൾക്ക് വേണ്ടി വിലപേശുകയും ചെയ്യുന്നു. അങ്ങനെ കേരളജനത പല തട്ടകങ്ങളിൽ നിന്ന് ആനുകൂല്യങ്ങൾ നേടിയെടുക്കുമ്പോൾ ഇതിലൊന്നിലും പെടാതെ നിരാശയോടെ അന്ധാളിച്ച് നില്ക്കുന്ന ഒരു വിഭാഗവും ഇവിടെ ഉണ്ട്. മറ്റുള്ളവർ ഓടുമ്പോൾ നടക്കണമെന്നുപോലും ചിന്തിക്കാതെ ദൂരവും അടുപ്പവും ഉരുവിട്ടുകൊണ്ട് എല്ലാത്തിൽ നിന്നും ദൂരം പാലിച്ച് ഭഗ്നാശരായി മാറി നില്ക്കുന്ന നേതൃത്വവും ഹതഭാഗ്യരായ അനുയായികളും ഇന്ന് ശക്തിപ്രാപിച്ചു കഴിഞ്ഞ സാമുദായിക രാഷ്ട്രീയ മത്സരത്തിൽ തങ്ങളുടെ സ്ഥാനം എവിടെ എന്നുപോലും അറിയില്ലാത്ത പാവങ്ങൾ. സർവ്വമേഖലയിൽ നിന്നും പിന്തള്ളപ്പെട്ടു കഴിഞ്ഞിട്ടും ഇന്നും ആഢ്യത്വം പുലമ്പിക്കൊണ്ട് അന്ധകാരത്തിൽ കിടന്നു തപ്പുകയാണ്. ആർക്കുവേണ്ടിയാണ് ആരെ ഭയന്നാണ് ആത്മഹത്യാപരമായ ഈ നിലപാട് കൈക്കൊള്ളുന്നതെന്ന് മാത്രം മനസ്സിലാവുന്നില്ല. ഒരേ സമുദായത്തിലെ ആളുകൾ പല തട്ടുകളിൽ നിന്ന് പരസ്പരം പോരടിച്ച് നശിക്കുന്നു. പലരുടെ പിന്നാലേയും പല കൊടികളുമേന്തി അലയുന്നു. ഇതിനൊരറുതി വരുത്തേണ്ടേ?. ഛിന്നഭിന്നമായി കിടക്കുന്ന ഈ വിഭാഗത്തെ ഒരു രാഷ്ട്രീയ ശക്തിയാക്കി മാറ്റേണ്ടേ? എത്രകാലമിങ്ങനെ അനാഥത്വം പേറി അലയണം. ദുരഭിമാനം വെടിഞ്ഞ് ഇനിയെങ്കിലും തങ്ങൾക്ക് യോജിച്ച തങ്ങളുടെ സംസ്കാരത്തെ മാനിക്കുന്ന ശക്തികളോടൊപ്പം ചേർന്നു നിന്ന് അവകാശങ്ങൾക്കു വേണ്ടി പോരാടണം (അല്ലെങ്കിൽ സിംഹകൂട്ടത്തിൽ ചെന്നുപെട്ട ആട്ടിൻ കുട്ടിയെ പോലെയാകും ഇക്കൂട്ടർ). നേതാക്കൾക്ക് അതിനുള്ള നട്ടെല്ല് ഇല്ലെങ്കിൽ ദയവായി മാറിക്കൊടുക്കുക. കഴിവുള്ളവർ ഏറ്റെടുത്തു നടത്തിക്കൊള്ളും. ജനം രക്ഷപ്പെടുകയും ചെയ്യും. ●

# എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം

## 2016 ജനുവരി ഫെബ്രുവരി മാസത്തെ പരിപാടികൾ

| തീയതി | ഇന്നത്തെ ചിന്താവിഷയം | മുഖ്യപ്രഭാഷകൻ | വിഷയം | ഹോസ്റ്റ് | നമ്പർ |
|---|---|---|---|---|---|
| 21.1.16 | ഡി.കെ.നായർ | സി.രാമചന്ദ്രൻ | ഭാവിയിൽ വരാനിരിക്കുന്ന ചില ശാസ്ത്ര വിസ്മയങ്ങൾ | വി.കെ.യു.മേനോൻ | 856 |
| 28.1.2016 | എം .രാജലക്ഷ്മി | ടി.കെ. ശ്രീകുമാരൻ നായർ | ജനുവരി 30 1948 | എ.എൻ.കെ.മേനോൻ നിർമ്മലാദേവി | 857 |
| 4.2.16 | ഡോ . മനോഹരൻ | വി.പി.ജി. മാരാർ | ഇൻഡ്യൻ ജനാധിപത്യം ഇന്നു നേരിടുന്ന വെല്ലുവിളികൾ | എസ്. ശ്രീകുമാർ കെ. സുമതി | 858 |
| 11.2.2016 | ഡോ.സുന്ദരി. ജി. മേനോൻ | | മെഡിക്കൽ ക്വിസ് | ഡോ.സുന്ദരി.ജി. മേനോൻ | 859 |

## ജനറൽ സെക്രട്ടറിയുടെ പംക്തി

# "ഏവർക്കും എറണാകുളം കരയോഗത്തിൻെറ പുതുവത്സരാശംസകൾ"

90 വർഷത്തെ സേവനപാരമ്പര്യവുമായി എറണാകുളം കരയോഗമെന്ന മഹാപ്രസ്ഥാനം കൂടുതൽ അർപ്പണബോധത്തോടെ കൂടുതൽ പ്രതീക്ഷകളോടെ സേവനത്തിൻെറ പുതിയ പന്ഥാവിലേക്ക് ഇറങ്ങിത്തിരിക്കുകയാണ്. കാലത്തിൻെറ മാറ്റമനുസരിച്ച് പുതിയത് ഉൾക്കൊള്ളുവാനും പഴയതിൻെറ നൻമകൾ സ്വീകരിച്ച് മുന്നോട്ടു പോകുവാനുമാണ് ഇനി നാം ശ്രദ്ധിക്കേണ്ടത്. ഒരു സാമൂഹ്യ സാംസ്ക്കാരിക സംഘടന എന്ന നിലയിൽ കേരളത്തിലെ പൊതുസമൂഹം എറണാകുളം കരയോഗത്തെ അംഗീകരിച്ചിരിക്കുന്നു. നമ്മിൽ കൂടുതൽ പ്രതീക്ഷകളും അർപ്പിക്കുന്നു.

നവതി ആഘോഷം നമ്മെ കൂടുതൽ ചിന്തിപ്പിക്കുവാനും പൊതുസമൂഹം എങ്ങനെ ഈ പ്രസ്ഥാനത്തെ വീക്ഷിക്കുന്നു എന്ന് മനസ്സിലാക്കുവാനുള്ള ഒരു മഹത്തായ വേദിയായിരുന്നു. 21 ാം തീയതി രാവിലെ കരയോഗം അദ്ധ്യക്ഷൻ കെ പികെ മേനോൻ പതാക ഉയർത്തി ആരംഭിച്ച ആഘോഷ പരിപാടികൾ 25-ാം തീയതി രാത്രി 8.30ന് സമാപിച്ചു. ബഹു.കേരള ഗവർണർ ഉദ്ഘാടനം ചെയ്ത നവതി ആഘോഷപരിപാടിയിൽ അദ്ദേഹം തൻെറ വാക്കുകൾ കൊണ്ട് ഈ പ്രസ്ഥാനത്തെ ധന്യമാക്കി. വെറുമൊരു ആഘോഷമായിട്ട് മാത്രമല്ല നഗരത്തിന് ഒരു ഉത്സവപ്രതീതിയുടെ ഛായ തന്നെ നൽകുവാൻ നമുക്ക് കഴിഞ്ഞു. വ്യത്യസ്തവും നൂതനവുമായ ചർച്ചകൾ, സെമിനാറുകൾ, വിവിധ ഹാളുകളിലായി നടന്ന നാടൻ കലാരൂപങ്ങൾ, സായംസന്ധ്യകളിൽ അരങ്ങേറിയ കലാപരിപാടികൾ, സമാപനസമ്മേളനം തെക്കേമഠം മൂപ്പിൽ സ്വാമിയാർ ശ്രീമദ് വാസുദേവാനന്ദ ബ്രഹ്മാനന്ദ ഭൂതി ദീപപ്രോജ്വലനം ചെയ്ത് ഉദ്ഘാടനം നിർവ്വഹിച്ചതും, അദ്ദേഹത്തിൻെറ അനുഗ്രഹഭാഷണങ്ങൾ എല്ലാമെല്ലാം ശ്രദ്ധേയമായിരുന്നു. കേരളത്തിലെ പ്രശസ്തരും വിവിധ പ്രവർത്തനമേഖലകളിൽ മികവു കാണിച്ച ഒൻപത് മഹത് വ്യക്തികളെ ആദരിച്ച ചടങ്ങ് നമ്മുടെ നവതി ആഘോഷങ്ങൾ കൂടുതൽ ആകർഷകമാക്കി.

തിങ്കൾ മുതൽ വെള്ളി വരെ പ്രവൃത്തി ദിവസമായിട്ട് പോലും പ്രേക്ഷക സാന്നിദ്ധ്യം കൊണ്ട് പ്രൗഢഗംഭീരമായ സദസ്സ് എടുത്തു പറയേണ്ടതാണ്. ഇതിലെല്ലാമുപരിയായി കേരളത്തിലെ പത്രദൃശ്യമാധ്യമങ്ങൾ, നമുക്ക് നൽകിയ വാർത്താ പ്രാധാന്യവും രണ്ടാഴ്ചയോളം നിരന്തരമായി എല്ലാ ദിവസവും മുടങ്ങാതെ എറണാകുളം കരയോഗത്തിൻെറ പ്രവർത്തനങ്ങളും എറണാകുളം പട്ടണവുമായുള്ള ഈ പ്രസ്ഥാനത്തിൻെറ ബന്ധവും എല്ലാം ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ലേഖനങ്ങളും റിപ്പോർട്ടുകളും നമുക്ക് കൂടുതൽ ഉത്തരവാദിത്തങ്ങളുണ്ട് എന്ന് ബോദ്ധ്യപ്പെടുത്തുന്നു. ഇനിയുള്ള ഓരോ ദിവസവും എറണാകുളം കരയോഗത്തിൻെറ പ്രവർത്തനം വളരെ സൂക്ഷ്മതയോടെ ചെയ്യേണ്ടതാണ് എന്ന് ബോദ്ധ്യപ്പെടുത്തുവാൻ ഉതകുന്ന രീതിയിലായിരുന്നു പൊതുസമൂഹം കരയോഗത്തിൻെറ പ്രവർത്തനങ്ങളിൽ കാണിക്കുന്ന ആകാംക്ഷയും സഹകരണവും. എല്ലാ പത്രദൃശ്യമാധ്യമ സുഹൃത്തുക്കൾക്കും ആയിരമായിരം നന്ദി ഈ അവസരത്തിൽ രേഖ

പ്പെടുത്തുന്നു.

എന്തുകൊണ്ടും വളരെ പുതുമയാർന്ന ഒരു ശൈലി അവലംബിച്ചുകൊണ്ട് "നവതിക" എന്ന സ്മരണിക ബഹു. ഗവർണർ പി.സദാശിവം പ്രകാശനം ചെയ്തു. നമ്മൾ കണ്ട് പരിചയിച്ച പഴയ രീതികളിൽ നിന്ന് ഒരു പ്രസ്ഥാനത്തിന്റെ ജീവിതകഥ എങ്ങനെ പറയാമെന്നും, അതുപോലെ ഈ പ്രസ്ഥാനം ഈ പട്ടണവുമായി എങ്ങനെ സാമൂഹ്യമായി ബന്ധപ്പെട്ടു കിടക്കുന്നു എന്നും വളരെ വ്യക്തവും എന്നാൽ അതിലെല്ലാമുപരി കൃത്യവുമായി നവതികയിലൂടെ അവതരിപ്പിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

ഇന്ന് എറണാകുളം കരയോഗത്തിന്റെ നവതിക എന്ന സ്മരണിക നഗരത്തിൽ സംസാരവിഷയമാണ് എന്ന് അഭിമാനപൂർവ്വം പറയാം. അതിനുവേണ്ടി അഹോരാത്രം പ്രവർത്തിച്ച ശ്രീ.രവി കുറ്റിക്കാടിനോടും അദ്ദേഹത്തിന്റെ സഹപ്രവർത്തകരോടും പ്രത്യേകം നന്ദി പ്രകാശിപ്പിക്കുന്നു.

നവതി ആഘോഷ പരിപാടികളിൽ അഞ്ചുദിവസങ്ങളിലായി കരയോഗത്തിന്റെ അതിഥികളായി വന്ന എല്ലാ മഹത്‌വ്യക്തികളോടും പ്രത്യേകം കടപ്പാട് രേഖപ്പെടുത്തുന്നു. അതുപോലെ തന്നെ നവതി ആഘോഷത്തിന്റെ നടത്തിപ്പിനായുള്ള ആഘോഷകമ്മിറ്റിഅംഗങ്ങൾ, കരയോഗം ജീവനക്കാർ, കരയോഗാംഗങ്ങൾ എന്നു വേണ്ട കരയോഗത്തിന്റെ എല്ലാ അഭ്യുദയകാംക്ഷികളോടും ഹൃദയംഗമമായ നന്ദി.

അഞ്ചു ദിവസം നീണ്ടു നിന്ന പരിപാടിയിലുപരിയായി വിവിധ പുതിയ പദ്ധതികൾ നവതിയുടെ ഓർമ്മയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. എറണാകുളത്ത് ഒരു പോളിക്ലിനിക്, ഗുരുവായൂരിൽ ഗസ്റ്റ് ഹൗസും ഓഡിറ്റോറിയവും എന്നിവ എടുത്തുപറയേണ്ടുന്ന രണ്ട് പദ്ധതികളാണ്. ചെറായിയിൽ കണിച്ചിലാഴത്ത് വീട്ടിൽ ശ്രീമതി.കെ.കെ.ഗീതമ്മയുടെ ഉടമസ്ഥതയിലുള്ള തൃക്കടക്കപ്പിള്ളി ശ്രീ ദുർഗ്ഗാഭഗവതി ക്ഷേത്രവും, അതിനോടനുബന്ധിച്ചുള്ള സ്ഥലവും സൗജന്യമായി നൽകാമെന്ന് ഏറ്റിട്ടുള്ള ഗീതമ്മയോടും കുടുംബാംഗങ്ങളോടും നന്ദി രേഖപ്പെടുത്തട്ടെ. പ്രസ്തുത സ്ഥലം എറണാകുളം കരയോഗത്തിന് ലഭിക്കുന്ന മുറയ്ക്ക് ക്ഷേത്രം പരിപാലിച്ചുകൊണ്ട് തുറസ്സായ സ്ഥലങ്ങൾ വൃദ്ധസദനം, ബാലമന്ദിരം, ഗ്രന്ഥശാല, വായനശാല തുടങ്ങിയ ജീവകാരുണ്യ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്. അതുപോലെ തന്നെ കൊച്ചി കോർപ്പറേഷനുമായി സഹകരിച്ച് "വിശക്കുന്നവർക്ക് ആഹാരം" നൽകുന്ന ഒരു പുതിയ സേവനമേഖലയും കൂടി തുറക്കുന്നു. കൂടാതെ വളരെ അത്യന്താധുനിക രീതിയിൽ കാലത്തിന്റെ ആവശ്യങ്ങൾക്ക് അനുസൃതമായി വൃത്തിയും ശുചിത്വവും എല്ലാ അടിസ്ഥാനസൗകര്യങ്ങളുമുള്ള ഒരു "ഫ്യൂണറൽ ഹോം" കൊച്ചി നഗരസഭയുമായി സഹകരിച്ച് നിർമ്മിക്കുക എന്നതാണ് മറ്റൊരു പദ്ധതി.

മേൽപറഞ്ഞ പദ്ധതികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ശതാബ്ദിയിലേക്ക് കടക്കുന്ന 2025ൽ മറ്റൊരു സ്വപ്ന പദ്ധതിയും കൂടി നമ്മുടെ മനസ്സിലുണ്ട്.

എറണാകുളം കരയോഗത്തിന്റെ മേൽനോട്ടത്തിലോ നേതൃത്വത്തിലോ തികച്ചും പൊതുജനപങ്കാളിത്തത്തോടെ സ്വയം പര്യാപ്തതയുള്ള ഹൈന്ദവ ഭാരതീയ സംസ്ക്കാരങ്ങൾ ഉയർത്തിപ്പിടിക്കുന്ന ജീവിത രീതിയിൽ ഒരു ഗ്രാമം നിർമ്മിക്കുകയാണ് ആ സ്വപ്നം. "സ്വപ്നം" എന്നു വിവക്ഷിക്കുന്നത് ഉറങ്ങുമ്പോൾ കാണുന്നതല്ല എന്നും ഉണർന്നിരിക്കുമ്പോൾ കാണുന്ന സ്വപ്നങ്ങൾ യാഥാർത്ഥ്യത്തിലേക്ക് നമ്മെ നയിക്കുമെന്ന തിരിച്ചറിവുണ്ടാകണം എന്ന ലക്ഷ്യത്തോടെ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം. അതിനുവേണ്ടിയുള്ള പ്രാർത്ഥനയും അനുഗ്രഹവും പ്രതീക്ഷിച്ചുകൊള്ളുന്നു.

"സേവനം ജീവിതസാഫല്യം" എന്ന ആപ്തവാക്യം ഉയർത്തിപ്പിടിച്ച് എറണാകുളം കരയോഗത്തിന്റെയും സമുദായത്തിന്റെയും സമൂഹത്തിന്റെയും വളർച്ചയ്ക്കും അഭ്യുന്നതിയ്ക്കും വേണ്ടി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം. നവതി ആഘോഷത്തിൽ സഹകരിച്ച എല്ലാവർക്കും ഒരിക്കൽകൂടി നന്ദി രേഖപ്പെടുത്തുന്നു.

എറണാകുളം കരയോഗത്തിന്റെ സഹകരണത്തോടെ ബീം നടത്തുന്ന പ്രതിമാസ പരിപാടിയിൽ രണ്ടു ദിവസമായി 2015 ജനുവരി 25ന് ലതാമങ്കേഷ്കർ ഗാനങ്ങൾ കോർത്തിണക്കിയുള്ള സംഗീതപരിപാടി "യേ സിന്ദഗി ഉസി കീ" യും, 28 ന് അപർണ നങ്ങ്യാരുടെ "നങ്ങ്യാർകൂത്തും" ടിഡിഎം ഹാൾ ഗംഗയിൽ.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ പ്രതിമാസ കഥകളി രാവണവിജയം ജനുവരി 26-ാം തീയതി വൈകുന്നേരം 6.15 ന് ടിഡിഎം ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സാന്നിദ്ധ്യവും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്,

**ജനറൽ സെക്രട്ടറി**





ലക്ഷ്മി ദേവി

# ബാലലോകം

പ്രിയപ്പെട്ട കൂട്ടുകാരെ,

പുതുവർഷത്തിൽ തുടങ്ങേണ്ട കാര്യങ്ങളെക്കുറിച്ച് മനസ്സിൽ എന്തെങ്കിലുമൊക്കെ ആലോചിച്ചിട്ടുണ്ടാവുമല്ലോ?

എല്ലാ വർഷവും കൂട്ടുകാർ പുതിയതായി എന്തെങ്കിലും നല്ല കാര്യങ്ങൾ ചെയ്യാൻ മനസ്സുകൊണ്ട് തയ്യാറാവണം കേട്ടോ. നിങ്ങളൊക്കെയാണ് നാളത്തെ ഉത്തമപൗരൻമാർ എന്നറിയാമല്ലോ . ഒരു നല്ല നാളെ, അതാവണ്ടേ നിങ്ങളുടെ സ്വപ്നം.

**ഇനി ഒരു കുഞ്ഞു കഥ കേട്ടോളു.**

കുട്ടൻ ഒരു യാത്രയിലാണ്. രസകരമായ ഒരു യാത്ര പ്രിയപ്പെട്ട ചങ്ങാതിമാരെല്ലാം കൂടെയുണ്ട്. ഉണ്ണി, അപ്പു, കണ്ണൻ, മീനു, ജാനു....എല്ലാവരും കൂടിയങ്ങനെ കളിച്ചു നടക്കുകയാണ്. (അച്ഛനോ അമ്മയോ ടീച്ചറോ ആരും കൂടെയില്ല. പാർക്കിലും ബീച്ചിലും വീഗാലാന്റിലും ഒക്കെ ഇഷ്ടം പോലെ തുള്ളിക്കളിച്ചു നടക്കുന്നു. ഓ, വല്ലാത്ത ദാഹം എല്ലാവരും കൂടി അടുത്ത് കണ്ട ഐസ്ക്രീം പാർലറിലേക്ക് ഒറ്റ ഓട്ടം. ഓരോരുത്തരും അവരവർക്ക് വേണ്ടതെല്ലാം ആവശ്യപ്പെട്ടു. കൊതിയോടെ കാത്തിരിപ്പായി. അതാ, ഐസ്ക്രീം മുന്നിൽ. കുട്ടൻ വേഗം കൈ നീട്ടി. പെട്ടെന്ന് ...... അമ്മയുടെ ശബ്ദം കാതുകളിൽ കേട്ടു. കുട്ടൻ ഞെട്ടിയുണർന്നു. അമ്മ മുന്നിൽ. ചങ്ങാതിമാരുമില്ല. ഐസ്ക്രീമുമില്ല.

അതെ, അതൊരു സ്വപ്നമായിരുന്നു.

കൂട്ടുകാരും ഇത് പോലെ സ്വപ്നങ്ങൾ കാണാറില്ലേ തീർച്ചയായും ഉണ്ടാവും. സ്വപ്നം കാണാത്തവർ ആരുമില്ല. എന്നാൽ എന്താണ് സ്വപ്നം. എങ്ങിനെയാണ് സ്വപ്നങ്ങൾ ഉണ്ടാവുന്നത്. നാം ജീവിതത്തിന്റെ മൂന്നിലൊരു ഭാഗം ഉറങ്ങുന്നതിനായി ചിലവഴിക്കുന്നു. ശാരീരികമായ ആരോഗ്യത്തിന് 8 മണിക്കൂർ എങ്കിലും ഉറക്കം ആവശ്യമാണ്. എന്നാൽ രാത്രിയിൽ നാം നിദ്രയുടെ വേളകളിലാണ് സ്വപ്നങ്ങൾ കാണുന്നത്. സ്വപ്നങ്ങൾക്കിടയിൽ ഉണരുകയാണെങ്കിൽ. നമുക്ക് സ്വപ്നത്തെക്കുറിച്ച് കൂടുതലായി ഓർമ്മിക്കാൻ കഴിയുന്നു. എന്തു കൊണ്ടാണ് സ്വപ്നങ്ങളുണ്ടാവുന്നത് എന്ന് കൃത്യമായി ആർക്കും അറിയില്ല. എന്നാൽ എട്ടുമണിക്കൂർ ഉറക്കത്തിനിടയിൽ മിക്കവാറും എല്ലാവരും തന്നെ മൂന്നു തവണയെങ്കിലും സ്വപ്നങ്ങൾ കാണുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. ഇനി കൂട്ടുകാർ കണ്ട ഏതെങ്കിലും സ്വപ്നത്തെക്കുറിച്ച് ഒന്നെഴുതി നോക്കൂ. ഡയറി എഴുതുന്നവർ അതിൽ സ്വപ്നങ്ങൾ കൂടി ഉൾപ്പെടുത്തണം. കുറെ നാളുകൾക്കു ശേഷം വായിക്കുവാൻ നല്ല രസമാവും.

ഇത്രയും പറഞ്ഞത് ഉറക്കത്തിലെ സ്വപ്നങ്ങളെക്കുറിച്ച്

**ഇനി നാളെയെക്കുറിച്ചുള്ള സ്വപ്നങ്ങൾ**

ഇതാ ഒരു വർഷം കൂടി പടി ഇറങ്ങുന്നു, ഒരു പിടി മധുരങ്ങളും ഒരുപിടി വേദനകളും ബാക്കി വെച്ച് കൊണ്ട്, കൂട്ടുകാർക്ക് കഴിഞ്ഞ കൊല്ലത്തെ ഡിസംബർ ഓർമ്മിക്കാൻ കഴിയുന്നുണ്ടോ? അന്ന് നാം കുറെ പ്രതിജ്ഞകൾ എടുത്തില്ലേ? അടുത്ത ഒന്നാം തീയതി മുതൽ തുടങ്ങേണ്ടതായ നല്ല കാര്യങ്ങളെക്കുറിച്ച് തുടരേണ്ടതില്ലാത്ത ചീ

17-ാം പേജിൽ തുടരും



# മഹോൽസവമായി മാറിയ
# കരയോഗോൽസവം

**പി. രാമചന്ദ്രൻ (വേണു)**
**ജനറൽ സെക്രട്ടറി**

എറണാകുളം കരയോഗത്തിന്റെ നവതി ആഘോഷങ്ങൾ ഉൽസവനഗരിക്ക് മഹോത്സവ പ്രതീതി ജനിപ്പിച്ച അഞ്ചു നാളുകളായിരുന്നു. പ്രശസ്തർ പങ്കെടുത്ത സമ്മേളനങ്ങളും സംവാദങ്ങളും നവരത്ന പ്രതിഭാസംഗമവും കലാസാംസകാരിക വിരുന്നുകളും അവിസ്മരണീയ ദിനരാത്രങ്ങളിലൂടെ നഗരമനസ്സിനെ കൊണ്ടുപോയി. സദസ്സുകളിൽ നാനാതുറകളിലുള്ളവരുടെ സജീവ സാന്നിധ്യവും കൂടിയായപ്പോൾ ടി ഡി എം ഹാൾ പൊതുസമൂഹത്തിന്റെ പരിച്ഛേദമായി.

പ്രസ്ഥാനത്തിന് ദീപം തെളിയിച്ച പൂർവികർക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചാണ് ആഘോഷങ്ങൾ തുടങ്ങിയത്. ജസ്റ്റിസ് പി എൻ രവീന്ദ്രൻ തിരി തെളിയിച്ചു. തുടർന്ന് ഡിസംബർ 21 മുതൽ 25 വരെ പുണ്യനദികളുടെ പേരിട്ട ടി ഡി എം ഹാളിലെ വിവിധ വേദികളിൽ വൈവിധ്യമാർന്ന പരിപാടികളുടെ തിരശീല ഉയർന്നു.

21ന് രാവിലെ ടി ഡി എം ഹാളിന് മുന്നിൽ പ്രസിഡണ്ട് കെ പി കെ മേനോൻ പതാക ഉയർത്തിയപ്പോൾ വിളംബര പ്രതീകമായി 90 കതിനാവെടികൾ മുഴങ്ങി. സേവനത്തിലൂടെ നാടിന്റെയും പ്രസ്ഥാനത്തിന്റെയും ആത്മാവുയർത്തിയ കരയോഗത്തിന് അഭിനന്ദനം ചൊരിയുന്ന വാക്കുകളുമായാണ് കേരള ഗവർണർ ജസ്റ്റിസ് പി സദാശിവം ഉദ്ഘാടന വേദിയിൽ എത്തിയത്. സേവനം വ്യാപിപ്പിക്കേണ്ട പുതിയ മേഖലകളെ ഗവർണർ കരയോഗത്തിന് ചൂണ്ടിക്കാട്ടി. സർക്കാരും സർക്കാരിതര സംഘടനകളുമായി ചേർന്ന് പെൺകുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ സൗജന്യ ശുചിമുറികൾ നിർമിക്കാനും അവഗണിക്കപ്പെട്ടവർക്ക് സൗജന്യവിദ്യാഭ്യാസവും നിർധനർക്ക് മരുന്നും ഭക്ഷണവും നൽകാനും കരയോഗം ശ്രമിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഗവർണറുടെ നിർദ്ദേശം കരയോഗം ശിരസാ വഹിക്കുകയാണെന്നും ഉടനടി നടപ്പാക്കാൻ ശ്രമിക്കുമെന്നും നന്ദി പ്രകാശനത്തിൽ ജനറൽ സെക്രട്ടറി പി രാമചന്ദ്രൻ(വേണു) പറഞ്ഞപ്പോൾ നിറഞ്ഞ കൈയടിയോടെ സദസ് അത് ഏറ്റുവാങ്ങി. നടൻ സുരേഷ്ഗോപി, ചിൻമയമിഷൻ കേരള അധ്യക്ഷൻ സ്വാമി വിവിക്താനന്ദ സരസ്വതി, സംസ്ഥാന ഫിഷറീസ് മന്ത്രി കെ ബാബു, ജസ്റ്റിസ് കെ എസ് രാധാകൃഷ്ണൻ, കരയോഗം ട്രഷറർ കെ ടി മോഹനൻ എന്നിവർ സംസാരിച്ചു. എറണാകുളം നഗരത്തിന്റെയും 90 വർഷത്തെ കരയോഗത്തിന്റെയും ചരിത്രം അനാവരണം ചെയ്യുന്ന സ്മരണിക 'നവതിക' കരയോഗം പ്രസിഡണ്ട് കെ പി കെ മേനോന് നൽകി ഗവർണർ പ്രകാശനം ചെയ്തു.

ഉച്ചകഴിഞ്ഞ് കരയോഗത്തിലെ മുതിർന്ന അംഗങ്ങളെ ആദരിക്കുന്ന ചടങ്ങാണ് നടന്നത്. പല കാലങ്ങളിൽ കരയോഗവുമായി ബന്ധപ്പെട്ട മൂന്നു നാലു തലമുറകൾ സംഗമത്തിന് എത്തിയപ്പോൾ അകത്തളത്തിൽ കൂട്ടുകുടുംബത്തിലെ അംഗങ്ങൾ ഒത്തുകൂടിയ പ്രതീതിയായി. പലരും കരയോഗത്തിന്റെ പഴയ ഓർമകൾ പങ്കുവെച്ചപ്പോൾ പുതുതലമുറ കൗതുകത്തോടെ കേട്ടിരിക്കുകയായിരുന്നു.

രണ്ടാം ദിവസമായ ഡിസംബർ 22ന് നവരത്ന പ്രതിഭകളെ ആദരിക്കുന്ന ചടങ്ങ് തുടങ്ങും മുമ്പേ പ്രധാന വേദിയായ ഗംഗയിൽ ഇരിപ്പിടങ്ങൾ നിറഞ്ഞു കവിഞ്ഞിരുന്നു. വിവിധമേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച മുതിർന്ന വ്യക്തികളായ പത്മഭൂഷൺ ടി വി ആർ ഷേണായി, പത്മശ്രീ മധു, പത്മശ്രീ അഡ്വ. സി കെ മേനോൻ, പത്മശ്രീ ഡോ. എം ലീലാവതി, പ്രൊഫ. എം കെ സാനു, ഡോ. വി പി ഗംഗാധരൻ, ഡോ. എ സുകുമാരൻ നായർ, അഡ്വ. പി ജി പരമേശ്വര പണിക്കർ, സുജാത മോഹൻ എന്നീ പ്രതിഭകളാണ് ആദരിക്കപ്പെട്ടത്. നവരത്ന പ്രതിഭാ പുരസ്കാരം സമ്മാനിക്കാനെത്തിയ മാതൃഭൂമി മാനേജിംഗ് ഡയറക്ടർ എം പി വീരേന്ദ്രകുമാർ 'മറക്കുന്നതൊക്കെ മരിച്ചു പോകും ഓർക്കുന്നത് ജീവിക്കും' എന്ന് പറയുന്നതു പോലെ കരയോഗം എന്നും ഓർമിക്കപ്പെടും എന്ന് ആശംസിച്ചു. ഈ സ്ഥാപനത്തിന്റെ നിഷ്കാമ കർമത്തെ എത്ര പ്രശംസിച്ചാലും മതിയാകില്ല എന്ന് ആമുഖമായി പറഞ്ഞു പ്രസംഗം തുടങ്ങിയപ്പോൾ സദസ് നീണ്ട കരഘോഷത്തോടെയാണ് പ്രതികരിച്ചത്. ഉദ്ഘാടകനായ മുൻ കേന്ദ്രമന്ത്രി ഒ. രാജഗോപാൽ 'കാലത്തിന്റെ കുത്തൊഴുക്കിൽ പിടിച്ചുനിൽക്കുകയും മറ്റുള്ള

വർക്കായി പ്രവർത്തിക്കുകയും കാലഘട്ടത്തെ അതിജീവിക്കുകയും ചെയ്യുന്ന പ്രവർത്തനമാണ് കരയോഗത്തിൽ കാണാൻ കഴിയുന്ന'തെന്ന് പറഞ്ഞപ്പോഴും സദസിൽ ആഹ്ലാദത്തിന്റെ തിരയിളക്കമുണ്ടായി. ജാതി മതചിന്തകൾക്കതീതമായി പ്രവൃത്തിക്കുന്ന കരയോഗമെന്ന മഹാപ്രതിഭാസത്തെ നവരത്ന പ്രതിഭകളും മുക്തകണ്ഠം പ്രശംസിച്ചാണ് യാത്രയായത്. പലരും പുരസ്കാര സംഖ്യ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള മുതൽക്കൂട്ടായി കരയോഗത്തിന് നൽകിയപ്പോൾ പത്മശ്രീ സി കെ മേനോൻ പത്ത് ലക്ഷത്തിന്റെ ചെക്കാണ് സംഭാവനയായി നൽകിയത്.

തുടർന്നുള്ള നാളുകളിൽ രാവിലെയും ഉച്ചക്കും ആലസ്യത്തിൽ നിന്നും പലരെയും കുലുക്കിയുണർത്തിയ ചർച്ചകളും സംവാദങ്ങളും വേദികളെ ചൂടുപിടിപ്പിച്ചു. നഗരത്തിൽ പല സെമിനാറുകളും ഇതിനകം കണ്ടവർ ഇവിടെ ഓരോ ദിവസവും നടന്ന സെമിനാറുകളുടെ വിഷയങ്ങളിലാണ് പുതുമ കണ്ടെത്തിയത്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മതം എന്ന വിഷയം മുൻ നിർത്തി നടന്ന ചർച്ച, മതങ്ങൾ തമ്മിൽ നിലനിൽക്കുന്ന വിയോജിപ്പുകൾക്കിടയിലും അടിസ്ഥാന വിഷയങ്ങളിൽ യോജിപ്പിന്റെയും സഹകരണത്തിന്റെയും സഹവർത്തിത്വത്തിന്റെയും മേഖലകളിലേക്ക് വിരൽ ചൂണ്ടി. ജസ്റ്റിസ് ആർ ഭാസ്കരനായിരുന്നു ഉദ്ഘാടനം. ഡോ. മുരളീവല്ലഭൻ, സ്വാമി ചിദാനന്ദപുരി, ഫാ. പോൾ തേലക്കാട്, അഡ്വ. എം ആർ രാജേന്ദ്രൻനായർ, ശ്രീവല്ലഭൻനായർ എന്നിവർ ചർച്ചകളെ സജീവമാക്കി.

മാറുന്ന തൊഴിൽ സംസ്കാരത്തെകുറിച്ചായിരുന്നു കാലിക പ്രസക്തമായ മറ്റൊരു സെമിനാർ. ജസ്റ്റിസ് സി എൻ രാമചന്ദ്രൻനായർ ഉദ്ഘാടനം ചെയ്തു. ഡോ. എം പി സുകുമാരൻനായർ അധ്യക്ഷനായിരുന്നു. മുൻ എം പി: എ സി ജോസ് വിഷയം അവതരിപ്പിച്ചു. മുൻ മന്ത്രി ബിനോയ് വിശ്വം, ബി എം എസ് നേതാവ് കെ കെ വിജയകുമാർ എന്നിവർ സംസാരിച്ചു. ചൂടുപിടിച്ച ചർച്ചകളായിരുന്നില്ലെങ്കിലും അഭിപ്രായങ്ങളും നിർദേശങ്ങളും ശ്രദ്ധേയമായിരുന്നു. സാംസ്കാരിക രംഗം എന്ന വിഷയത്തെക്കുറിച്ചായിരുന്നു മറ്റൊരു സെമിനാർ. വേദിയിൽ പ്രശസ്ത എഴുത്തുകാരുടെ സാന്നിധ്യം ഉണ്ടായിരുന്നതുകൊണ്ടാകാം വലിയ തിരക്കുള്ള സദസായിരുന്നു. നോവലിസ്റ്റ് സി രാധാകൃഷ്ണനനും പ്രശസ്തനായ കെ എൽ മോഹനവർമയും ജോൺപോളും ശ്രീകുമാരി രാമചന്ദ്രനും ചർച്ചകൾക്ക് തിരികൊളുത്തി. വ്യത്യസ്തമായിരുന്നു കാഴ്ചപ്പാടുകൾ. ലക്ഷ്മി മോഹനും സംസാരിച്ചു. മാധ്യമങ്ങളുടെ വിശ്വാസ്യതയെക്കുറിച്ചുള്ള സെമിനാർ ദേശീയ മാധ്യമങ്ങളുടെ ശ്രദ്ധപിടിച്ചുപറ്റി. സെമിനാർ തീർന്നയുടനെ തന്നെ ദൃശ്യമാധ്യമങ്ങളിൽ ചർച്ചയായി. ചാനലുകളുടെ നിലവാരത്തകർച്ചയെക്കുറിച്ചുള്ള ജസ്റ്റിസ് കെ ടി ശങ്കരന്റെ പരാമർശങ്ങളാണ് ഇതിന് വഴിമരുന്നിട്ടത്. രവി കുറ്റിക്കാടും അഡ്വ. എ ജയശങ്കറും കെ കെ മധുസൂദനനും പി രാജനും കെ വി എസ് ഹരിദാസും വാദമുഖങ്ങൾ നിരത്തിയതിനോട് സദസ് യോജിപ്പും വിയോജിപ്പും പ്രകടമാക്കിയ മാധ്യമ ചർച്ച എക്കാലവും ഓർമിക്കപ്പെടുന്ന ഒന്നായി മാറി.

സ്ത്രീകളുടെയും കുട്ടികളുടെയും സാമൂഹ്യസുരക്ഷിതത്വവും മുതിർന്ന പൗരൻമാരുടെ സംരക്ഷണവും സംബന്ധിച്ച സെമിനാർ കേൾക്കാൻ സ്ത്രീകളായിരുന്നു മുൻപന്തിയിലും വേദിയിലും. സീനിയർ അഡ്വ. വി കെ ബീരാൻ ഉദ്ഘാടനം ചെയ്തു. ഡോ. പി വിജയലക്ഷ്മി മേനോൻ അധ്യക്ഷത വഹിച്ചു. കെ പി സി സി വൈസ് പ്രസിഡണ്ട് ലാലി വിൻസെന്റ്, ജനാധിപത്യമഹിളാ അസോസിയേഷൻ ജില്ലാ സെക്രട്ടറി ഹെന്നി ബേബി, അഡ്വ. ഒ എം ശാലീന, കെ ഭവാനി എന്നിവർ സംസാരിച്ചു.

പുതുമയുടെ പുതുതലമുറ എന്ന സെമിനാറിൽ വാശിയേറിയ ചർച്ചക്കെത്തിയത് പുതുതലമുറകളുടെ പ്രതിനിധികളായിരുന്നു. സദസിലാകട്ടെ അവരുടെ അഭിപ്രായങ്ങൾ കേട്ടിരുന്ന പഴയ തലമുറയും. കൊണ്ടും കൊടുത്തുമുള്ള വാദമുഖങ്ങൾ ജസ്റ്റിസ് എ കെ ജയശങ്കരൻനമ്പ്യാർ ഉദ്ഘാടനം ചെയ്തു. ഐ സി ഐ സി ഐ ബാങ്ക് സീനിയർ ചീഫ് മാനേജർ വി അരുൺ യുവതലമുറയെ പ്രതിനിധീകരിച്ച് വിഷയം അവതരിപ്പിച്ചതോടെ ചർച്ചക്ക് കാറ്റുപിടിച്ചു. ഡോ. ലക്ഷ്മി ശങ്കർ, നാസിൽ, അഡ്വ. പാർവതി സഞ്ജയ്, എ. മുരളീധരൻ എന്നിവർ വേറിട്ട അഭിപ്രായങ്ങളുമായി വേദി നിറഞ്ഞു. സദസിൽ നിന്ന് അഭിപ്രായം പറയാൻ ആളുകളുടെ നീണ്ട നിര കാണാമായിരുന്നു. യുവതലമുറയെ പിന്താങ്ങിയും ശക്തമായി എതിർത്തും അഭിപ്രായങ്ങൾ ഉയർന്നു. ഇനിയും ചർച്ച ചെയ്യേണ്ട വിഷയമാണിതെന്ന് പറഞ്ഞാണ് സെമിനാർ പിരിഞ്ഞത്.

'എറണാകുളം കരയോഗം ശതാബ്ദിയിലേക്ക് -കാഴ്ചപ്പാട്'എന്ന വിഷയത്തെക്കുറിച്ച് സമാപന ദിവസം ചർച്ച ചെയ്യാനെത്തിയത് പി എസ് സി ചെയർമാൻ ഡോ. കെ എസ് രാധാകൃഷ്ണനും ജി സി ഡി എ ചെയർമാൻ എൻ വേണുഗോപാലും ബി ജെ പി സംസ്ഥാന ജനറൽ സെക്രട്ടറി എ രാധാകൃഷ്ണനും മുൻ എം പി പി രാജീവും റിട്ട. ജഡ്ജി കെ രാമചന്ദ്രനുമായിരുന്നു. ജസ്റ്റിസ് ടി ആർ രാമചന്ദ്രൻനായർ ഉദ്ഘാടനം ചെയ്തു. പ്രാസംഗികരിൽ നിന്ന് ക്രിയാത്മക നിർദേശങ്ങൾ ഉണ്ടായെങ്കിലും സ്വാഗത പ്രാസംഗികനായ ജനറൽ സെക്രട്ടറി പി രാമചന്ദ്രൻ (വേണു) നിർദേശിച്ച ഭാവി വികസന പദ്ധതിക

46-ാം പേജിൽ തുടരും



## എറണാകുളം ശിവക്ഷേത്രം 2016 (1191)ലെ

# ഉത്സവാഘോഷ പരിപാടികൾ

### (15.01.2016 മുതൽ 22.01.2016 വരെ)

**ഒന്നാം ദിവസം 15.01.16 (1191 മകരം 1) വെള്ളിയാഴ്ച**

| | | |
|---|---|---|
| രാത്രി 7.00 മണിക്ക് | : | കൊടിയേറ്റം |
| 7.00 മുതൽ | : | നൃത്തനൃത്ത്യങ്ങൾ (ഡി.എച്ച് ഗ്രൗണ്ടിൽ) |

**രണ്ടാം ദിവസം ശനിയാഴ്ച 16.01.16 (1191 മകരം 2) ശനിയാഴ്ച**

| | | |
|---|---|---|
| രാത്രി 7.00 മണിമുതൽ | : | ഗാനമേള (ഡി.എച്ച് ഗ്രൗണ്ടിൽ) |
| രാത്രി 8.00 മണിക്ക് | : | തായമ്പക |

**മൂന്നാം ദിവസം ഞായറാഴ്ച 17.01.16 (1191 മകരം 3) ഞായറാഴ്ച**

| | | |
|---|---|---|
| വൈകുന്നേരം 5.30 മുതൽ | | |
| 7.00 മണി വരെ | : | ഭക്തിഗാനമേള |
| 8.00 മണി മുതൽ | | |
| 10 മണി വരെ | : | തായമ്പക |
| 10.00 മണി മുതൽ | : | കൃഷ്ണനാട്ടം |
| അവതരണം | : | ഗുരുവായൂർ ദേവസ്വം കൃഷ്ണനാട്ടം കളരി |

**നാലാം ദിവസം (18.01.16) (1191 മകരം 4) തിങ്കളാഴ്ച**

| | | |
|---|---|---|
| രാത്രി 8.00 മണി മുതൽ | : | ഡബിൾ തായമ്പക |
| 10. 00 മണി മുതൽ | : | മേജർ സെറ്റ് കഥകളി |

**അഞ്ചാം ദിവസം 19.01.16 (1191 മകരം 5) ചൊവ്വാഴ്ച**

| | | |
|---|---|---|
| രാത്രി 7.00 മണി മുതൽ 9.30 വരെ | : | നൃത്തസന്ധ്യ |
| അവതരണം | : | നൃത്തകൈരളി എറണാകുളം |
| 8.00 മുതൽ 10.00 മണി വരെ | : | തായമ്പക |
| 10.00 മുതൽ | : | മേജർസെറ്റ് കഥകളി |

**ആറാം ദിവസം 20.01.2016 (1191 മകരം 6) ബുധനാഴ്ച (ചെറിയ വിളക്ക്)**

| | | |
|---|---|---|
| 6.30 ന് | : | മെഗാ ഗാനമേള (ഡി.എച്ച് ഗ്രൗണ്ട്) |
| രാത്രി 8.00 മണി മുതൽ 10 മണി വരെ | : | തായമ്പക |
| 11.00 മണിക്ക് | : | ചെറിയ വിളക്ക് |

**ഏഴാം ദിവസം 21.01.16 (1191 മകരം 7) വ്യാഴാഴ്ച (വലിയവിളക്ക്)**

| | | |
|---|---|---|
| വൈകുന്നേരം 3.00 ന് | : | പകൽപൂരം |
| ചോറ്റാനിക്കര ശ്രീ. വിജയൻമാരാർ നയിക്കുന്ന | : | മേജർസെറ്റ് പഞ്ചവാദ്യം |
| 6.00 ന് | : | പകൽപൂരം അണിനിരക്കൽ<br>തുടർന്ന് വർണ്ണാഭമായ കുടമാറ്റം,<br>ഗംഭീര പാണ്ടിമേളം |
| രാത്രി 7.00 ന് | : | കൂട്ടവെടിവഴിപാട് |
| 8.30 ന് | : | കരിമരുന്ന് പ്രയോഗം |
| 9.00 മുതൽ | : | ഗാനമേള (ഡി.എച്ച് ഗ്രൗണ്ട്) |
| 11.00 മണി മുതൽ | : | വലിയ വിളക്ക്, പള്ളിവേട്ട |

**എട്ടാം ദിവസം 22.01.16 (1191 മകരം 8) വെള്ളിയാഴ്ച**

| | | |
|---|---|---|
| | : | **ആറാട്ട്** |
| വൈകുന്നേരം 7.00ന് | : | നൃത്തനൃത്യങ്ങൾ, ഡി.എച്ച്. ഗ്രൗണ്ടിൽ |
| വൈകുന്നേരം 7.00 ന് | : | കൂട്ടവെടിവഴിപാട് |
| 7.30 ന് | : | കൊടിയിറക്കൽ |
| 9.30 ന് | : | ആറാട്ടെഴുന്നള്ളിപ്പ് |
| | : | മേജർസെറ്റ് പഞ്ചവാദ്യം |
| വെളുപ്പിന് 2.00 മണി മുതൽ | : | പാണ്ടിമേളം<br>തുടർന്ന് വെടിക്കെട്ട്<br>കൊടിക്കൽ പറ, 25 കലശം |



(രാഗപരിചയം)

# ദ്വിജാവന്തി



ഡോ. ജയലക്ഷ്മി നന്ദകുമാർ

വളരെ ഹൃദയസ്പർശിയും മനസ്സിനു ശാന്തി നല്കുന്നതുമായ ഒരു രാഗമാണ് ദ്വിജാവന്തി. ശുദ്ധവായു ലഭിക്കുമ്പോൾ ഉള്ള ആശ്വാസമാണ് ഈ രാഗം കേൾക്കുമ്പോൾ ഉണ്ടാവുന്നത്. ഹിന്ദുസ്ഥാനി സംഗീതത്തിൽ നിന്നും കർണ്ണാടക സംഗീതത്തിലേക്കു കൈക്കൊണ്ട രാഗമായതിനാൽ ദ്വിജാവന്തി ഒരു ദേശ്യ രാഗമാണ്. ജയ്ജയ്വന്തി എന്നാണ് ഹിന്ദുസ്ഥാനി സംഗീതത്തിൽ ഈ രാഗത്തിന്റെ പേര്. ദീക്ഷിതർ സമ്പ്രദായത്തിൽ ജുജാവന്തി എന്നും പറയുന്നു. മുത്തുസ്വാമി ദീക്ഷിതരാണ് ഈ രാഗം തന്റെ കൃതികളിലൂടെ കർണ്ണാടക സംഗീതലോകത്തിനു പരിചയപ്പെടുത്തിയത്. 28 ാമത്തെ മേളകർത്താരാഗമായ ഹരികാംബോജിയുടെ ജന്യരാഗമാണ് ദ്വിജാവന്തി.

ആരോഹണം : സ രി മ ഗ മ പ ധ സ

അവരോഹണം : സ നി ധ പ മ ഗ മ രി ഗ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതു:ശ്രുതി രിഷഭം, അന്തര ഗാന്ധാരം, സാധാരണ ഗാന്ധാരം (അന്യസ്വരം), ശുദ്ധമദ്ധ്യമം, പഞ്ചമം, ചതു:ശ്രുതി ധൈവതം, കൈശികി നിഷാദം.

ആരോഹണത്തിലും അവരോഹണത്തിലും സ്വരങ്ങൾ വക്രമായി വരുന്നതുകൊണ്ട് ദ്വിജാവന്തി ഉഭയ വക്ര രാഗമാണ്. ആരോഹണത്തിൽ ആറും അവരോഹണത്തിൽ ഏഴും സ്വരങ്ങൾ വരുന്നതു കൊണ്ട് ഷാഡവ സമ്പൂർണ്ണ രാഗവും ആകുന്നു. സാധാരണഗാന്ധാരം മാത്രം അന്യസ്വരമായി വരുന്നതുകൊണ്ട് ദ്വിജാവന്തി ഒരു ഏകാന്യ സ്വര ഭാഷാംഗ രാഗമാണ്. ഏതു സമയത്തും ആലപിക്കാവുന്ന സർവ്വകാലിക രാഗവുമാണിത്. വിസ്തരിച്ചുള്ള രാഗാലാപനം ഈ രാഗത്തിൽ പതിവില്ല. യദുകുലകാംബോജി, ശഹാന തുടങ്ങിയ രാഗങ്ങളുടെ ഛായ പല പ്രയോഗങ്ങളിലും വരുന്നതിനാൽ ദ്വിജാവന്തി ഒരു ഛായാലക രാഗമായി കണക്കാക്കപ്പെടുന്നു. ഭക്തി, സ്നേഹം, കരുണ എന്നീ ഭാവങ്ങൾ ഭംഗിയായി പ്രകടിപ്പിക്കുവാൻ ഈ രാഗത്തിനു സാധിക്കും. കഥകളി സംഗീതത്തിൽ നളചരിതം ആട്ടക്കഥയിലെ മറിമാൻ കണ്ണീ മൗലിയുടെ എന്നു തുടങ്ങുന്ന നളന്റെ പദം ദ്വിജാവന്തി രാഗത്തിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്.

## ഈ രാഗത്തിലുള്ള കൃതികൾ

1. **അഖിലാണ്ഡേശ്വരി രക്ഷമാം**
   ആദി (മുത്തുസ്വാമി ദീക്ഷിതർ)
2. **ചേത: ശ്രീ ബാലകൃഷ്ണം**
   രൂപകം (മുത്തുസ്വാമി ദീക്ഷിതർ)
3. **തരുണീ ഞാൻ എന്തുചെയ്‌വൂ**
   മിശ്രചാപ്പ് (സ്വാതിതിരുനാൾ) (പദം)
4. **അംബികേ ഉൻ പാദമേ**
   ആദി (നീലകണ്ഠശിവൻ)
5. **തനോം ത ന തോം ത (തില്ലാന)**
   ആദി (ലാൽഗുഡി. ജി. ജയരാമൻ)

### ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. താളമയഞ്ഞൂ ഗാനമപൂർണ്ണം | പവിത്രം | |
| 2. സാ വിരഹേ തവ | അഗ്നിസാക്ഷി | |
| 3. വിരഹിണി രാധ | മിസ്റ്റർ ബട്ട്ളർ | |
| 4. മാറിൽ ചാർത്തിയ | ഒരു കൊച്ചു സ്വപ്നം | |
| 5. പൊയ്സൊല്ല കൂടാത് കാതലെ | റൺ (തമിഴ്) | |
| 6. ബെയ്‌രാൻ ഹോ ഗയേ റയ്‌നാ | ദേഖ് കബീരാ രോയാ (ഹിന്ദി) | |
| 7. ദിൽ കാ ദിയാ ജലായാ | കോയൽ (ഹിന്ദി) | |
| 8. മന് മോഹനാ | സീമ | |
| 9. അമുദ തമിഴിൽ | മധുരൈ മീട്ട സുന്ദര പാണ്ഡ്യൻ (തമിഴ്) | |
| 10. ഒരു നേരമെങ്കിലും | തുളസീ തീർത്ഥം (ഭക്തിഗാനം) | |
| 11. ജയദേവകവിയുടെ ഗീതികൾ കേട്ടെന്റെ | അഷ്ടപദീലയം (ഭക്തിഗാനം) | |





കെ. കെ. ഉഷ

# തോട പറഞ്ഞ കഥ

പെട്ടെന്നാണ് മാധവേട്ടന് വാർദ്ധക്യം വന്നുപെട്ടത്, ദേവയാനി അമ്മ ചിന്തിക്കുകയായിരുന്നു. ശരീരത്തിന്റെ ക്ഷീണത്തേക്കാൾ മനസ്സിന്റെ ക്ഷീണമാണ് കുടുതൽ. മക്കളുടെ കാര്യത്തിൽ അദ്ദേഹത്തിന് കുറെ നിരാശ ഉണ്ടായിരുന്നു. കുറെ നാൾ മുൻപ് ഒരിക്കൽ ,മക്കൾ വിവാഹിതരാകുന്നതിന് മുൻപ്, മാധവേട്ടൻ പൂമുഖത്തെ തിണ്ണമേൽ ആലോചനയിൽ മുഴുകി ഇരിക്കുന്നത് കണ്ട അവർ അടുത്തുചെന്നു. കുറച്ചു ദൂരെ കുട്ടിയിട്ടിരിക്കുന്ന മണ്ടരി ബാധിച്ച ചെറിയ തേങ്ങയുടെ കൂന. അത് കാണിച്ചു കൊണ്ട് അവർ ചോദിച്ചു. 'എന്താ മാധവേട്ടാ തെങ്ങിന് മണ്ഡരി വന്നതിൽ ദുഖിച്ചിരിക്കയാണോ" 'ഏ, അതല്ല ദേവൂട്ടി നമ്മുടെ മക്കളുടെ മനസ്സിന് മണ്ഡരിബാധിച്ചല്ലോ എന്നാണെന്റെ ദു;ഖം. ഒന്നിൽ കുടുതൽ മക്കളുണ്ടാകണമെന്ന് ഞാൻ ആഗ്രഹിച്ചത് അവർക്ക് സുഖവും ദു:ഖവും പങ്കിടാൻ കൂടപ്പിറപ്പുകളുണ്ടാകുമല്ലോ എന്ന് കരുതിയാണ്. അതില്ലാത്തതിന്റെ ശ്വാസം മുട്ട് അച്ഛനും അമ്മയും മരിച്ചപ്പോൾ ഒറ്റസന്താനമായ ഞാൻ അനുഭവിച്ചതാണ്. അതിനുശേഷം എന്തെങ്കിലും പങ്കുവെയ്ക്കുവാൻ എനിക്ക് സാധിച്ചത് നീ എന്റെ ജീവിത്തിലേക്ക് വന്നതിനുശേഷമാണ്. പക്ഷെ നമ്മുടെ മക്കൾ? ഒന്ന് നിർത്തിയിട്ട് മാധവേട്ടൻ തുടർന്നു. "അനിയൻ ദാസന്അസുഖമായി ആശുപത്രിയിൽ കിടന്നപ്പോൾ ഹരിയോട് ഒരാഴ്ച കുടെ നില്ക്കാൻ നമ്മൾ പറഞ്ഞില്ലേ"? എന്തായിരുന്നു മറുപടി. നിവൃത്തിയില്ല ഓഫീസിലെ കുട്ടുകാരുമായി ഒരു വിനോദയാത്രയ്ക്ക് പോകുകയാണെന്ന് . എനിക്ക് അതിലും കുടുതൽ സങ്കടം തോന്നി ദാസന്റെ വാക്കുകൾ കേട്ടപ്പോൾ 'അതെനിക്കറിയാമായിരുന്നു. ചേട്ടൻ സ്വന്തം കാര്യം കളഞ്ഞ് എന്റെടുത്ത് വരില്ലാ' എന്ന്.അപ്പോൾ നമ്മുടെ മക്കൾ തമ്മിലുള്ള സ്നേഹബന്ധം ഇത്രയേ ഉള്ളൂ. നമ്മൾ അങ്ങിനെയല്ലല്ലോ ദേവൂട്ടി, അവരെ വളർത്തിയത് ഉം. എല്ലാം ഈശ്വരഹിതം. " അന്ന് അവർക്ക് തോന്നി മാധവേട്ടന് പെട്ടെന്ന് വയസ്സായപോലെ.

വർഷങ്ങൾക്കു ശേഷം, അപ്പോഴേക്കും ഇളയമകൻ ഒഴിച്ച് എല്ലാവരും വിവാഹിതരായി ദൂരെ സ്ഥലങ്ങളിൽ താമസമായിരുന്നു. ഒരു ദിവസം ഉച്ചകഴിഞ്ഞ് മാധവേട്ടൻ മാവിന്റെ തണലിൽ ഒറ്റക്കു ഇരിക്കുന്നത് കണ്ട് ഞങ്ങൾ അങ്ങോട്ട് ചെന്നു. ഞങ്ങൾ എന്ന് പറയുന്നത് ദേവയാനി അമ്മയും തോടകളും. അപ്പോഴേക്കും അവരുടെ തലമുടി നരച്ച് ഒരു സ്വർണ്ണനിറമായിത്തീർന്നിരുന്നു. മാധവേട്ടന്റെ തലമുടിയും വെഞ്ചാമരം പോലെ നരച്ചിരുന്നു. ഞങ്ങൾ അടുത്ത് ചെന്നപ്പോൾ മാധവേട്ടൻ പറഞ്ഞു. "നമ്മുടെ മക്കൾ നാലുപേർക്കും ഈ ഗ്രാമത്തിന്റെ അനുഗ്രഹങ്ങൾ അനുഭവിക്കാനുള്ള ഭാഗ്യമില്ലല്ലോ. ഈ മാവിന്റെ തണൽ, ഈ തണുത്ത കാറ്റ്, കിളികളുടെ പാട്ട്. ഇനി ഒരാൾ മാത്രമാണ് ബാക്കിയിവിടെ . അയാൾക്കാണെങ്കിൽ വീട്ടിലിരിയ്ക്കാനോ തൊടിയിൽ നടക്കാനോ സമയമില്ല. നാടു നന്നാക്കാൻ പാടുപെടുകയാണ്. "ദേവയാനി അമ്മ പതുക്കെ സമാധാനിപ്പിക്കാൻ ശ്രമിച്ചു." "പട്ടണത്തിൽ താമസിക്കുന്നവർ കരുതുന്നുണ്ടാകും ഇവിടെത്തെ അസൗകര്യങ്ങൾ ഒന്നുമില്ലല്ലോ അവിടെ. കുട്ടികൾക്ക് നല്ല സ്ക്കുളും മറ്റും അവിടെയല്ലെ".പെട്ടെന്ന് കാക്കകൊത്തി ഒരു മാമ്പഴം താഴെ വീണു. "കുട്ടികളുണ്ടായിരുന്നെങ്കിൽ ഒരു മാമ്പഴവും കാക്കയ്ക്ക് കിട്ടുകയില്ലായിരുന്നു. മുകളിലേക്ക് നോക്കി മാധവേട്ടൻ പറഞ്ഞു." ചെറുമക്കൾ മാമ്പഴം തിന്നാൻ ഈ മാവ് ഇവിടെതന്നെ നില്ക്കണം. നമുക്ക് വേണ്ടി ഈ മാവ് മുറിക്കരുത്." പറഞ്ഞതിന്റെ അർത്ഥം മനസ്സിലാക്കിയിട്ട് ദേവൂട്ടി ഉറക്കെ ചിന്തിച്ചു "വേറെ മാവ് ഈ പുരയിടത്തിൽ ഇല്ല." മാധവേട്ടൻ പതുക്കെ ചിരിച്ചുകൊണ്ട് പറഞ്ഞു "അതിനെന്താ പൊതുശ്മശാനത്ത് വിറക് വിലക്കുവാങ്ങാൻ കിട്ടുമല്ലോ"അറിയാതെ അവരൊന്ന് തേങ്ങിപ്പോയി. മാധവേട്ടൻ സമാധാനി

പ്പിച്ചു. "കാലത്തിനൊപ്പം നമ്മളും മാറാൻ പഠിക്കണം".' ഈ സംസാരം ഇനി മതി 'എന്ന് പറഞ്ഞ് അവർ അകത്തേയ്ക്ക് കയറിപ്പോയി. മാധവേട്ടൻ അവിടെത്തന്നെ ഇരുന്നു. ഞങ്ങൾക്ക് ഒന്നും മനസ്സിലായില്ല.

ഇളയ മകൻ അനിയൻ പരുഷമായി അച്ഛനോടും അമ്മയോടും പെരുമാറുമെങ്കിലും ഭാര്യ ഗീത സ്നേഹത്തോടെ അവരെ ശുശ്രൂഷിക്കുവാൻ ശ്രമിച്ചു. അതിന് ഭർത്താവിന്റെ പരിഹാസം ഏറ്റുവാങ്ങേണ്ടിയും വന്നിരുന്നു. 'അമ്മയെ സേവിച്ച് നടക്കുന്നത് ആ തോട കണ്ടിട്ടായിരിക്കും. അത് നിനക്കൊന്നും കിട്ടാൻ പോകുന്നില്ല'. അവളതാഗ്രഹിച്ചില്ല എന്ന് പറഞ്ഞാൽ അയാൾ വിശ്വസിക്കില്ല. തന്റെ ആരോഗ്യം ക്ഷയിച്ചു വരുന്നു എന്ന് മനസ്സിലാക്കിയ മാധവേട്ടൻ ഒരു ദിവസം ഭാര്യയോട് പറഞ്ഞു. 'നമ്മുടെ സ്വത്തുക്കളെല്ലാം ഞാനിരിക്കുമ്പോൾ തന്നെ ഭാഗം വെച്ച് മക്കൾക്ക് കൊടുക്കാം. നിനക്ക് പ്രത്യേകിച്ച് ഏതെങ്കിലും തൊടിയോട് താല്പര്യമുണ്ടോ' അവർ ഉടനെ മറുപടി പറഞ്ഞു! എനിക്ക് വേറെയായി ഒന്നും എഴുതി വെയ്ക്കണ്ട. ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം തറവാട്ടിൽ താമസിക്കാൻ കഴിയണം അത്ര മാത്രമേ ആഗ്രഹമുള്ളൂ.'അടുത്തദിവസം ആധാരമെഴുതുന്ന ആശാനെവരുത്തി കാര്യങ്ങൾ ചർച്ച ചെയ്തപ്പോൾ അദ്ദേഹം ഉപദേശിച്ചു. മാധവേട്ടൻ ഔസ്യത്തായി എഴുതി വെച്ചാൽ മതി. ജീവിച്ചിരിക്കെ മക്കൾക്കാണെങ്കിലും കൈവശം കൊടുക്കാതിരിക്കുന്നതാണ് ബുദ്ധി. അങ്ങിനെ മരണപത്രം എഴുതി. അതിൽ പഠിപ്പിനു വേണ്ടി കൂടുതൽ പണം ചിലവാക്കിയ ആൺ മക്കൾക്കും വിവാഹസമയത്ത് നല്ലതുപോലെ കൊടുത്ത പെൺമക്കൾക്കും അതനുസരിച്ച് ഭൂമി കുറവാണ്. ഇളയമകൻ അനിയന് തറവാടും അതിരിക്കുന്ന തൊടിയും അതിനടുത്ത് ചേർന്നു കിടക്കുന്ന തെങ്ങിൻ തോപ്പും നല്കി. എന്നാൽ ഇതിൽ രണ്ടിലും അമ്മയ്ക്ക് ജീവനാംശം നിലനിറുത്തിയിരുന്നു. ഔസ്യത്ത് എഴുതിയ വിവരം മക്കളെ എല്ലാം അറിയിക്കുകയും ചെയ്തു. രണ്ടാമത്തെ മകൻ ഒഴിച്ച് മറ്റാരും തൃപ്തരല്ലായിരുന്നു. എങ്കിലും മാധവേട്ടൻ മാറ്റങ്ങളൊന്നും വരുത്താൻ തയ്യറായില്ല.

താൻ ദേവൂട്ടിയുമായി പിരിയാൻ സമയമടുത്തുവരുന്നു എന്നൊരു വിചാരം മാധവേട്ടന്റെ മനസ്സിൽ കൂടെ കൂടെ വന്നിരുന്നു. അവർ തന്റെ കൺമുമ്പിൽ നിന്ന് മാറിയാൽ ഉടനെ അന്വേഷിക്കും. ഒരു ദിവസം ഊണും കഴിഞ്ഞ് 'കൃഷി ആഫീസിൽ പോയി വരാം, പുതിയ വിത്ത് വന്നു കാണും' എന്ന് പറഞ്ഞ് മാധവേട്ടൻ പുറത്തേയ്ക്കു ഇറങ്ങി. പടികടക്കുന്നതുവരെ അവർ നോക്കി നിന്നു കാലുകൾ ചെറുതായി വേച്ചുപോകുന്നുണ്ട്. അറിയാതെ വിരലുകൾ കെട്ടുതാലിയിൽ തൊട്ടു. എന്തെന്നില്ലാത്ത ഒരു പരിഭ്രമം അവരെ ബാധിച്ചു. അവരുടെ ഹൃദയമിടിപ്പ് കൂടുന്നത് ഞങ്ങൾക്ക് ശരിക്ക് അറിയാം.

സന്ധ്യമയങ്ങിയപ്പോൾ അഞ്ചാറാളുകൾ കൂടി മാധവേട്ടനെതാങ്ങിക്കൊണ്ടുവരികയായിരുന്നു. 'ചതിച്ചോദേവി' എന്ന് കരഞ്ഞ് കൊണ്ട് അവർ ഓടി മുറ്റത്തേയ്ക്കിറങ്ങി. അടഞ്ഞകണ്ണും നിശ്ചലമായ മുഖവും കണ്ടപ്പോൾ അവർക്ക് മനസ്സിലായി മാധവേട്ടൻ തന്നെ വിട്ടുപോയി എന്ന്. അതിനിടെ ആരോ അവരെ താങ്ങി അകത്തേയ്ക്കു കൊണ്ടുപോയി ഗീതയെ ഏല്പിച്ചു.

ധാരയായി ഒഴുകുന്ന കണ്ണുനീരിൽ ഞങ്ങൾ കുതിർന്നു. ഇതൊരു തുടക്കം മാത്രം അവരുടെ എത്ര കണ്ണുനീർ ഞങ്ങൾ രണ്ടുപേരും കുടിക്കാനിരിക്കുന്നു. മുൻവശത്ത് നടക്കുന്നതൊക്കെ ഒരു സ്വപ്നം പോലെ അവർക്ക് തോന്നി. നിലവിളക്ക് കത്തിച്ചുവെയ്ക്കാൻ ആരോ പറയുന്നു. കയ്മളാണെന്ന് തോന്നുന്നു. മാധവേട്ടന്റെ സ്നേഹിതൻ. അനിയൻ വിവരമറിഞ്ഞുവന്നു. ഗീത പതുക്കെ അവരെ മാധവേട്ടന്റെ അരികിലേയ്ക്ക് കൊണ്ടുപോയി. തലക്കലിരുന്നു ആ മുഖത്തേക്ക് നോക്കി അവർ പൊട്ടിക്കരഞ്ഞു. ആരൊക്കെയോ വരുന്നു പോകുന്നു. കുറെ നേരം കഴിഞ്ഞപ്പോൾ പൂമുഖത്ത് നിന്ന് ഉറക്കെ സംസാരം കേട്ടു തുടങ്ങി. അനിയന്റേയും കൈമളുടെയും ശബ്ദമാണ്. എന്തോ തർക്കം. മാധവേട്ടനെ സംസ്ക്കരിക്കുന്നതിനെക്കുറിച്ചാണെന്ന് മനസ്സിലായി. 'എനിക്കും കുടുംബത്തിനും താമസിക്കുവാനുള്ള വീടാണ് ഈ പഴയ തറവാട്. ഇതിന്റെ മുറ്റത്ത് സംസ്ക്കരിച്ചാൽ അത് വലിയ ബുദ്ധിമുട്ടാകും. അവിടെ നിത്യേന വിളക്ക് വെയ്ക്കണമെന്ന് അമ്മ ശഠിക്കും. അവിടെ ഒരു ശവകുടീരം തന്നെ പണിയണമെന്നായിരിക്കും അമ്മയുടെ ആവശ്യം പിന്നെ. എന്നിട്ട് പറയും അത് അച്ഛൻ ആഗ്രഹിച്ചിരുന്നതാണെന്ന്. അതുമല്ല എന്നെങ്കിലും ഈ സ്ഥലം വില്ക്കണമെന്ന് തോന്നുകയാണെങ്കിൽ ആരു വാങ്ങും ശവകുടീരം ഇരിക്കുന്നസ്ഥലം. ഇത്രയും കേട്ടുകഴിഞ്ഞപ്പോൾ അവർക്ക് സഹിക്കാവുന്നതിലധികമായി. ആരുടെയും സഹായം കൂടാതെ തന്നെ എഴുന്നേറ്റ് പൂമുഖത്തേയ്ക്ക് ചെന്നു. കണ്ടപ്പോൾ എല്ലാവരും പെട്ടെന്ന് വർത്തമാനം നിർത്തി അത്ഭുതത്തോടെ നോക്കി. അനിയന്റെ മുഖം ദേഷ്യം കൊണ്ട് ചുമന്നിരുന്നു. കൈമളുടെ മുഖം വികാരാധീനമായിരുന്നു. അവർ പതുക്കെ ചോദിച്ചു എന്താണ് തർക്കം അനിയാ. അച്ഛന് വേണ്ടി ആറടി മണ്ണിനാണോ? അതെല്ലാം അച്ഛൻ തന്നെ തീരുമാനിച്ചിരുന്നു. 'മകൻ ഇടക്കുകയറി പറഞ്ഞു' ഞാൻ പറഞ്ഞില്ലേ അമ്മ പറയും അതെല്ലാം അച്ഛന്റെ തീരുമാനമാണെന്ന് ' വളരെ ദുഖ:ത്തോടെ അവർ മകനെ ഒന്ന് നോക്കിയിട്ട് തുടർന്നു. 'ഇത് എല്ലാവരോടു

മായിട്ടാണ്. മാധവേട്ടന്റെ ആഗ്രഹം പൊതുശ്മശാനത്ത് സംസ്ക്കരിക്കണമെന്നായിരുന്നു. അങ്ങനെ ചെയ്താൽ മതി. മോനെ അനിയാ അച്ഛനെന്തിനാണ് ആ തീരുമാനം എടുത്തതെന്ന് അറിയാമോ . ഈ മുറ്റത്തു നില്ക്കുന്ന മാവ് ഞങ്ങൾക്ക് ചിതയൊരുക്കുവാൻ മുറിയ്ക്കരുത്. അത് നിന്റെ മക്കൾ മാമ്പഴം തിന്നുവാൻ ഇവിടെത്തന്നെ നില്ക്കണമെന്ന് അച്ഛൻ ആഗ്രഹിച്ചു. അവർ കൈമളുടെ നേരെ തിരിഞ്ഞുപറഞ്ഞു. 'കൈമള് ചേട്ടാ നാളെ രാവിലെ ശ്മശാനത്ത് വേണ്ട ഒരുക്കങ്ങൾ ചെയ്തോളു. വിറകിനും മറ്റും വേണ്ടുന്ന പണം ഞാൻ തരാം'.ഇത്രയും പറഞ്ഞ് അവർ തിരികെ മാധവേട്ടന്റെ അരികിലേയ്ക്ക് പോയി രാമനാമം ജപിച്ചുകൊണ്ടിരുന്നു. പിന്നീട് അവിടെ നടന്നതൊന്നും അവർ ശ്രദ്ധിച്ചില്ല.

പിറ്റേദിവസം കുളിപ്പിച്ച് കർമ്മം ചെയ്യുവാൻ തുടങ്ങിയപ്പോഴേക്കും പെൺമക്കൾ എത്തിയിരുന്നു . അനിയൻ കർമ്മം ചെയ്യുവാൻ ഈറനുടുത്ത് വന്നപ്പോൾ അവർ മാധവേട്ടൻ പറയാറുള്ള ഒരു കാര്യം ഓർത്തു. ജീവിച്ചിരിക്കുമ്പോൾ ചെയ്യുന്നതാണ് യഥാർത്ഥ കർമ്മം . മരിച്ചിട്ട് ചെയ്യുന്നതിൽ കാര്യമില്ല. എടുക്കാറായപ്പോൾ അവർ അടുത്ത് ചെന്ന് മാധവേട്ടന്റെ നെറ്റിയിൽ അന്ത്യ ചുംബനം നല്കി. അപ്പോൾ ഞങ്ങളും മാധവേട്ടന്റെ മുഖത്ത് തൊട്ടു. എന്തൊരു തണുപ്പ് .എല്ലാ മനുഷ്യരും മരിക്കുമ്പോൾ ഇതുപോലെ തണുക്കുമോ. തണുക്കും എന്ന് ഞങ്ങൾക്ക് പിന്നീട് ബോദ്ധ്യമായി.

അടുത്തദിവസം രണ്ടാമത്തെ മകൻ ശിവദാസനും കുടുംബവും വന്നു. സഞ്ചയനം കഴിഞ്ഞ് എല്ലാവരും മടങ്ങി. മൂത്തമകൻ ഹരി കുടുംബസമേതം അമേരിക്കയിൽ ആയതിനാൽ വരാൻ സാധിച്ചില്ല. എല്ലാവരും പോയികഴിഞ്ഞപ്പോൾ ഗീത ഒരു ദിവസം അവരോട് പതുക്കെ ചോദിച്ചു. 'അമ്മയുടെ മാലയിൽ താലി കാണുന്നില്ലല്ലോ' മോളെ മാധവേട്ടൻ പറഞ്ഞിരുന്നു താൻ പിരിഞ്ഞുപോകുമ്പോൾ താലിമാത്രം മാലയിൽ നിന്ന് അഴിച്ചു വെച്ച് വാലായ്മ കഴിഞ്ഞ് കാവിൽ പോയി താലി ദേവിക്ക് സമർപ്പിക്കണം താലിമാലയും തോടകളും ജീവനുള്ള കാലം അണിഞ്ഞിരിക്കണം.'കുറെ ദിവസം കഴിഞ്ഞ് കാവിൽ പോകുവാൻ പുറപ്പെട്ടപ്പോൾ മകൻ ചോദിച്ചു. 'എവിടെക്കാണ് യാത്ര ? ഒറ്റക്ക് അതും ആഭരണമെല്ലാം അണിഞ്ഞ് 'കാവിലേക്കാണ്' അവർ ചുരുക്കത്തിൽ മറുപടി പറഞ്ഞു. 'എന്തെങ്കിലും സംഭവിച്ചാൽ നാട്ടുകാർ എന്നെ കുറ്റം പറയട്ടെ അല്ലേ?' 'ഇല്ല മോനെ. മാധവേട്ടൻ ആഗ്രഹിച്ചത് ഞാൻ അനുസരിക്കുകയാണെന്ന് നിനക്ക് പറയാം. കൂടുതൽ ഒന്നും കേൾക്കാൻ നിൽക്കാതെ അവർ നിരത്തിലേയ്ക്ക് ഇറങ്ങി. കാവിലെത്തിയിട്ടാണ് പിന്നെ പരിസരബോധം ഉണ്ടായത്. ദേവിയെ തൊഴുതശേഷം ചുവന്ന പട്ടിൽ പൊതിഞ്ഞ താലി കാണിക്കവഞ്ചിയിൽ നിക്ഷേപിച്ചു.. തിരുമേനി നീട്ടിയ പ്രസാദവുമായി പുറത്തിറങ്ങി പ്രദക്ഷിണം വെയ്ക്കുവാൻ തുടങ്ങിയപ്പോഴാണ് ബിന്ദു ടീച്ചറെ കണ്ടത്. ടീച്ചർ അടുത്തേയ്ക്കു വന്ന് അവരുടെ കൈമുറുക്കിപിടിച്ച് പതുക്കെപറഞ്ഞു. "വിഷമിക്കരുത് ജീവിച്ചകാലം നിങ്ങൾ എത്ര ഭാഗ്യവാന്മാരായിരുന്നു." ടീച്ചറെ അന്ന് കണ്ടത് ഒരു നിമിത്തമായി തോന്നി. കഴിഞ്ഞ സ്ക്കൂൾ അവധിക്ക് കുട്ടികളുമായി തൃശ്ശൂർ പോയതും അവിടെ വൃദ്ധകളായ സ്ത്രീകളെ പരിപാലിക്കുന്ന ഒരു സ്ഥാപനം സന്ദർശിച്ചതും ടീച്ചർ പറഞ്ഞത് പെട്ടെന്ന് ഓർത്തു. അവിടെ ചേരുവാൻ തനിക്ക് താല്പര്യമുണ്ടെന്നും അതിനുവേണ്ടി സഹായിക്കണമെന്നും അവർ പറഞ്ഞു. ഒരാഴ്ചക്ക് ഉള്ളിൽ എല്ലാ വിവരവും അന്വേഷിച്ച് അറിയിക്കാമെന്ന് ടീച്ചർ ഏറ്റു."മാധവേട്ടൻ പോയിട്ട് ഇത്രപെട്ടെന്ന് വേണോ' ടീച്ചർ പതുക്കെ ചോദിച്ചു.'സമയം കഴിയും തോറും എന്റെ തീരുമാനത്തിൽ ഉറച്ചു നില്ക്കാനുള്ള കഴിവ് കുറഞ്ഞെന്ന് വരും. ഇപ്പോൾ എന്നിലുള്ളത് മാധവേട്ടൻ തന്നുപോയ ശക്തിയാണ്. എത്രയും വേഗം പോകുന്നതാണ് എല്ലാവർക്കും നല്ലത്. ഈ വിവരം ഞാനും ടീച്ചറും മാത്രമെ അറിഞ്ഞിട്ടുള്ളു." അവർ മറുപടി നല്കി.

ടീച്ചർ ഏറ്റതുപോലെ ഒരാഴ്ചക്കകം വിവരങ്ങൾ ശേഖരിച്ച് അവരെ വന്നു കണ്ടു. അവരുടെ ആഗ്രഹം പോലെ എന്നു വേണമെങ്കിലും പോകാം. അവിടെ പണമൊന്നും നല്കേണ്ടതില്ല. പക്ഷെ ഒറ്റക്ക് ഒരു മുറിയൊന്നും ഉണ്ടാകില്ല. മൂന്നു നാലു പേരുമായി മുറി പങ്കുവെയ്ക്കണം. ചിലവെല്ലാം സ്ഥാപനം വഹിക്കും രോഗചികിത്സ അടക്കം. ചേരുന്നതിനുമുൻപ് വേണമെങ്കിൽ ഒരു ദിവസം പോയി കാണാം. അത് വേണ്ടന്ന് അവർ പറഞ്ഞു. ടീച്ചർ കൂടെ ഉണ്ടാകുമല്ലൊ ആദ്യമായി പോകുമ്പോൾ. സ്ഥാപനത്തിലേക്ക് പോകുന്ന കാര്യം ഗീതയോട് പറഞ്ഞിരുന്നു. ആരോടും പറയരുതെന്നും പറഞ്ഞു. അവൾക്ക് വലിയ സങ്കടമായി. ഇടയ്ക്കെല്ലാം വന്നു കാണാമെന്ന് പറഞ്ഞ് അവളെ സമാധാനിപ്പിച്ചു. നടക്കാത്ത കാര്യമാണെന്ന് അവർക്ക് അപ്പോഴേ അറിയാമായിരുന്നു. പോകാൻ ഒരാഴ്ചയുള്ളപ്പോൾ ദേവയാനി അമ്മ തന്റെ തീരുമാനം മകനെ അറിയിച്ചു . പതിവ് പോലെ അയാൾ പൊട്ടിത്തെറിച്ചു. നാട്ടുകാരുടെ മുൻപിൽ എന്നെ ചീത്തയാക്കാനാണ് അല്ലെ പുറപ്പാട്? വയസ്സായാപ്പോഴെങ്കിലും ഈ വാശി നിറുത്തി കൂടെ? അവർ വളരെ ക്ഷമയോടെ പറഞ്ഞു. 'ആരെയും ചീത്തയാക്കാനല്ല എല്ലാവർക്കും നല്ലതിനാണ് അമ്മ ഈ തീരുമാനം എടുത്തത്. ' നാട്ടുകാർക്ക് ഇതിലൊരു കാര്യവുമില്ല. ഇത് നമ്മുടെ കുടുംബകാര്യം മാത്രമാണ്.

അയാൾ ദേഷ്യപ്പെട്ട് ഇറങ്ങിപ്പോയി.

രണ്ട് ദിവസം കഴിഞ്ഞ് വീണ്ടും ഈ വിഷയം എടുത്തിട്ടു. 'അമ്മയുടെ ഇഷ്ടമതാണെങ്കിൽ അങ്ങിനെയാകട്ടെ എന്നാൽ പോകുന്നതിന് മുൻപ് അമ്മയുടെ ജീവനാംശം ഒഴിമുറിവെയ്ക്കണം. അല്ലെങ്കിൽ എനിക്ക് ഈ വസ്തുക്കളുടെ ഒരിടപാടും സാധിക്കാതെ വരും.' അതിനെന്താ മോനെ ആധാരം എഴുതികൊണ്ടുവന്നോളൂ ഞാൻ ഒപ്പിട്ടു തരാം . അത് ഞാൻ ഓർക്കാഞ്ഞിട്ടാണ്. വില്ലേജിൽ നിന്ന് അഗതി സർട്ടിഫിക്കറ്റ് കിട്ടണമെങ്കിൽ എനിക്ക് വസ്തുവിലൊന്നും അവകാശം പാടില്ല. ഞാൻ പോകുന്ന സ്ഥാപനത്തിൽ അങ്ങിനെ ഒരു സർട്ടിഫിക്കറ്റ് വേണമെന്ന് ടീച്ചർ പറഞ്ഞു." 'അവർ വളരെ ശാന്തമായി മറുപടി പറഞ്ഞു' . അയാൾ ഞങ്ങളെ (തോടകളെ) തുറിച്ചു നോക്കി. പിന്നെ അമ്മയുടെ കഴുത്തിലും കൈയിലും 'കയ്യിലെ വളകൾ എവിടെപോയി' 'അച്ഛൻ മരിച്ച് വന്നപ്പോൾ നിന്റെ ചേച്ചിമാർ അത് വേണമെന്ന് പറഞ്ഞ് കൊണ്ടുപോയി. ' അവർ ശാന്തത വിടാതെ മറുപടി പറഞ്ഞുകൊണ്ടിരുന്നു. 'തോടയും മാലയും ഇട്ടുനടക്കുന്നതുപോലെ വളയും ഊരരുത് എന്ന് അച്ഛൻ പറഞ്ഞില്ലായിരിക്കും' അയാൾ ഒരു പരിഹാസസ്വരത്തിൽ പറഞ്ഞു.

അവർ മന:സ്സിൽ കരുതി എന്റെ ദേവി പോകാൻ തീരുമാനിച്ചത് എത്രനന്നായി. അടുത്തദിവസം ആധാരം എഴുതികൊണ്ടുവന്നു. പുതിയ ആളാണ് ആധാരംഎഴുതിയത്. അയാൾ മുഴുവൻ വായിച്ചുകൊടുത്തു. അവർ ഒപ്പിടുകയും ചെയ്തു. അപ്പോൾ ഒരു കവറിൽ കുറച്ചു രൂപ മകൻ അവരുടെ നേരെ നീട്ടി. "ഇതെന്തിനാണ് മോനേ" അവർ ചോദിച്ചു. എഴുത്തുകാരനാണ് മറുപടി പറഞ്ഞത് ഒഴുമുറിക്കുള്ള പ്രതിഫലമാണ്. അത് വാങ്ങാൻ മടിക്കേണ്ട. യാന്ത്രികമായി അവർ അത് വാങ്ങി. എണ്ണിനോക്കിയില്ല.

അവർ തന്റെ കുറച്ച് വസ്ത്രങ്ങൾ ഒരു ചെറിയപെട്ടിയിൽ അടുക്കിവെച്ചു. ടീച്ചർ പറഞ്ഞതനുസരിച്ച് തിരച്ചറിയൽ കാർഡും. വർഷങ്ങളോളം ഒരുപാട് സ്നേഹവും സന്തോഷവും തന്നോടൊപ്പം പങ്കിട്ട തന്റെ കിടപ്പറയിലെ അവസാനരാത്രി. അവരുടെ കണ്ണനീരിന് ഞങ്ങൾമാത്രം സാക്ഷി. പിറ്റേന്ന് രാവിലെ നേരത്തെ തന്നെ ടീച്ചർ എത്തി . ഗീത അമ്മയെ കെട്ടിപിടിച്ച് പൊട്ടിക്കരഞ്ഞു. മകനും ചെറുമക്കളും ഉണർന്നിട്ടില്ല. അവർ പതുക്കെ പൂമുഖത്ത് നിന്ന് പുറത്തേക്ക് ഇറങ്ങി. പടിക്കലേക്ക് നടക്കുമ്പോൾ മാവിൽ ചുവട്ടിലേക്ക് ഒന്നു നോക്കി. മാധവേട്ടൻ പറഞ്ഞവാക്കുകൾ 'കാലത്തിനൊപ്പം നമ്മളും മാറാൻ പഠിക്കണം' ഇന്നത്തെ എന്റെ യാത്രയെ ശരിവെയ്ക്കുകയല്ലേ? പക്ഷെ ഞങ്ങൾക്ക് വലിയ ആശങ്കയായിരുന്നു. ഇനി ചെല്ലുന്നിടം ദേവയാനിയമ്മക്ക് സുഖമായിരിക്കുമോ എന്തോ. വൃദ്ധസദനത്തിൽ ചെന്ന ദിവസം യാത്രക്ഷീണവും ,തന്റെ മാത്രം ചിന്തകളുടെ ഭാരവും മൂലം അവർ അധികമൊന്നും ആരോടും സംസാരിച്ചില്ല. പിന്നിട് ദിവസങ്ങൾ കഴിയും തോറും അവിടത്തെ ജീവിതവുമായി ഇണങ്ങിച്ചരുവാൻ അവർ ശ്രമിച്ചു. ഇവിടെ ആക്കി പോകുമ്പോൾ ടീച്ചർ പറഞ്ഞിരുന്നു 'ഇവിടെ നിങ്ങൾക്ക് സമാധാനംകിട്ടും. ഏതായാലും ദു:ഖഭാരം കൂടില്ല.' ശരിയാണെന്ന് ഞങ്ങൾക്കും തോന്നിത്തുടങ്ങി. ഞങ്ങൾ ഇവിടെയും ആദ്യത്തിൽ എല്ലാവരുടേയും ചർച്ചക്ക് പാത്രമായി. വേറെ ആർക്കും തന്നെ ഇതുപോലെയുള്ള തോട ഇല്ലന്ന് മാത്രമല്ല പലരും പ്രത്യേകിച്ച് സ്ഥാപനത്തിലെ കുട്ടികളും ചെറുപ്പക്കാരും ഒരു തോട ആദ്യമായിട്ടാണ് പടങ്ങളിലല്ലാതെ നേരെ കാണുന്നത്. പക്ഷെ ആരും ഞങ്ങളോട് അസൂയ കാണിച്ചില്ല. കണ്ണുകളിൽ ദു;ഖം തളം കെട്ടിക്കിടക്കുന്നുണ്ടെങ്കിലും ചുണ്ടിൽ നേരിയ ചിരി വരുത്താൻ ശ്രമിക്കുന്ന സൗമ്യമായ ദേവയാനി അമ്മയോട് എല്ലാവർക്കും സ്നേഹമായിരുന്നു. അവരുടെ മുറിയിൽക്കിടക്കുന്ന മറ്റുസഹോദരിമാർക്ക് അവരേക്കാൾ കുടുതൽ മക്കളുണ്ട്. പലർക്കും സ്വത്തുമുണ്ട്. പക്ഷെ ഇന്നത്തെ ജീവിതത്തിൽ അതൊന്നും പ്രസക്തമല്ല. എന്ന് അവർ പരസ്പരം സമാധാനിപ്പിച്ചു. തങ്ങളെകൊണ്ട് കഴിയുന്ന ചെറിയചെറിയ ജോലികൾ അവിടെ താമസിച്ചിരുന്ന സഹോദരിമാർ ചെയ്യുമായിരുന്നു. അതിൽ അമ്മയും സന്തോഷത്തോടെ പങ്കുചേർന്നു. മകൻ തന്ന കവറിൽ ഇരുപത്തയ്യായിരം രൂപയുണ്ടായിരുന്നു. ആ തുക ബാങ്കിൽ നിക്ഷേപിക്കുവാൻ ഒരുബാങ്ക് അക്കൗണ്ട് തുറക്കാൻ സഹായിക്കാൻ ടീച്ചർ ഒരു ദിവസം വന്നു. മക്കളുടെ വിശേഷം ഒന്നും അമ്മ ചോദിച്ചില്ല ടീച്ചർ പറഞ്ഞുമില്ല. മാധവേട്ടനോടുള്ള തീവ്രമായ സ്നേഹത്തെ മുറുകെപിടിച്ചായിരുന്നു അവർ ജീവിതം തള്ളിനീക്കിയിരുന്നത്. ആരോടും പരിഭവമില്ല. വൃദ്ധസദനത്തിൽ വന്ന് കുറച്ചുമാസങ്ങൾക്ക് ഉള്ളിൽ അവരുടെ ആരോഗ്യം മോശമായി തുടങ്ങി. അസ്പത്രിയിൽ കൊണ്ടുപോയി പരിശോധിച്ചപ്പോൾ രോഗമൊന്നുമുള്ളതായി കണ്ടില്ല. എത്ര ഇല്ലെന്ന് നടിച്ചാലും സ്നേഹമയിയായ ആ അമ്മയുടെ ഉള്ളിൽ വേദന നീറിക്കൊണ്ടിരുന്നു. ഈ കാലഘട്ടത്തിൽ ഒന്നും ടീച്ചറല്ലാതെ വേറാരും അവരെ വന്ന് കാണുകയോ അന്വേഷിക്കുകയോ ചെയ്തില്ല. ഓണത്തിന് എല്ലാവർക്കും പുതിയ വസ്ത്രം നല്കിയിരുന്നു അമ്മയ്ക്ക് കസവും പച്ചക്കരയും ചേർന്ന മുണ്ടാണ് കൊടുത്തത്. മുണ്ട് വിതരണം ചെയ്ത 'ചേച്ചിയോട്' അവർ പറഞ്ഞു. 'മോളെ ചുവന്ന കരമുണ്ട് ഉണ്ടെങ്കിൽ എനിക്ക് അത് തരാമോ' അയ്യോ അമ്മമ്മേ ചുവന്ന കരയിൽ കസവില്ലല്ലോ 'സാര

മില്ല കസവ് വേണ്ട ചുവന്ന കര മതി' അവർ ഉട നെ ചുവന്ന കരമുണ്ട് കൊണ്ടുവന്നു കൊടുത്തു. 'സന്തോഷമായോ അമ്മാമ്മേ'? ചിരിച്ചുകൊണ്ട് അവർ തലയാട്ടി മാധവേട്ടന് ചുവന്ന നിറമായി രുന്നു ഏറ്റവും ഇഷ്ടം തന്റെ മുറിയിലുള്ള കൂട്ട ത്തിൽ ചെറുപ്പമായ സഹോദരിയോട് അവർ പ റഞ്ഞു. 'ഞാൻ ഇവിടെ കിടന്ന് മരിക്കുകയാണെ ങ്കിൽ എന്നെ ചുവന്ന കരമുണ്ട് ഉടുപ്പിക്കുവാൻ പറയണം' അതിനുവേണ്ടി കാത്തുവെച്ചിരുന്നതു പോലെ അവർ ആ മുണ്ട് ഉടുക്കാതെ വച്ചിരുന്നു. പെട്ടെന്ന് ഒരു ദിവസം രാവിലെ അവർ തലകറ ങ്ങി വീണു. ആ മുറിയിലെ എല്ലാവരും പേടിച്ചു പോയി. ഞങ്ങളും . ഉടനെതന്നെ ആസ്പത്രിയിൽ കൊണ്ടു പോയി. ഡോക്ടർമാർ വന്ന് നോക്കി കുത്തിവയ്ക്കുകയും മറ്റും ചെയ്തു. ഹൃദയത്തി ന്റെ രോഗമാണെന്ന് അവരുടെ സംസാരത്തിൽ നിന്ന് മനസ്സിലായി. ബന്ധുക്കൾ ആരെങ്കിലും ഉ ണ്ടെങ്കിൽ അറിയച്ചോളു എന്ന് ഡോക്ടർ പറ ഞ്ഞു. കുടെ വന്ന ചേച്ചിമാർ പറയുന്നത് കേട്ടു. "നോക്കു സൂക്കേട് കൂടുതലാണെങ്കിലും ഈ അ മ്മാമ്മയുടെ മുഖത്ത് എന്തൊരു സന്തോഷഭാവം.

കണ്ണടച്ച് കിടക്കുകയാണ് ഉള്ളിൽ ബോധമു ണ്ടോ എന്തോ. ടീച്ചറെ വിവരമറിയിക്കാൻ നമു ക്ക് ഓഫീസിൽ വിളിച്ചു പറയാം."അവിടെ നി ന്നിരുന്നവരുടെ സങ്കടം കണ്ടപ്പോൾ ഞങ്ങൾ ഭ യപ്പെട്ടു. ദേവയാനി അമ്മ മരിച്ചു പോകുമോ? അവരുടെ മുഖത്തെ സന്തോഷം മാധവേട്ടന്റെ അ ടുത്തെത്താറായതുകൊണ്ടണോ? അവരുടെ ക വിളോട് ചേർന്നുകിടക്കുന്ന ഞങ്ങൾക്ക് അവരു ടെ ഹൃദയമിടിപ്പ് കേൾക്കാം. നേരിയതായി . കു റച്ചുകഴിഞ്ഞപ്പോൾ അതും നിന്നു. ചുറ്റുമുള്ളവർ പരിഭ്രമത്തോടെ പറഞ്ഞു. 'ദൈവമെ കഴിഞ്ഞു എന്ന് തോന്നുന്നു ഡോക്ടറെ വിളിക്ക്' ഡോക്ട ർ വന്ന് നോക്കിയിട്ട് അടഞ്ഞിരുന്ന കണ്ണുകൾ ഒ ന്നുകൂടി തടവി അടച്ചിട്ട് പറഞ്ഞു 'കടലാസുകൾ ശരിയാക്കിയിട്ട് നിങ്ങൾക്ക് കൊണ്ടുപോകാം' പ ക്ഷെ അപ്പോഴും അവരുടെ കവിളിന് നല്ല ചൂടു ണ്ടായിരുന്നു. ഞങ്ങൾക്ക് വിളിച്ചു പറയാൻ തോ ന്നി അമ്മ മരിച്ചിട്ടില്ല. മരിച്ചവരുടെ ശരീരം ത ണുത്തിരിക്കില്ലേ. പക്ഷെ ഞങ്ങളുടെ കരച്ചിൽ ആരു കേൾക്കാൻ.

അമ്മയെ ആംബുലൻസിൽ വൃദ്ധസദനലേയ് ക്ക് കൊണ്ടുവന്നു. പൊതുവരാന്തയിൽ വെള്ള വിരിച്ച ഒരു കട്ടിൽ സജ്ജമാക്കിയിരുന്നു.ഒരു നി ലവിളക്കും കത്തിച്ച് വെച്ചിട്ടുണ്ട്. അവിടെ കിട ക്കുമ്പോഴേക്കും അമ്മയുടെ ദേഹം തണുത്തുതു ടങ്ങി. അമ്മ മരിച്ചു എന്ന് ഞങ്ങൾ അപ്പോഴാണ് വിശ്വസിച്ചത്. ടീച്ചർ എത്തി അമ്മയുടെ അടു ത്ത് വന്ന് വിങ്ങി കരഞ്ഞു. നാട്ടിലുള്ള ഒരു മക നെയും രണ്ടുപെൺമക്കളേയും വിവരം അറിയി ച്ചിട്ടുണ്ട്. അവർ ഉടനെപുറപ്പെടും മൂത്ത ആൺ കുട്ടികൾ രണ്ടുപേരും വിദേശത്താണ്.അവരെ പ്ര തിക്ഷിക്കേണ്ട.

അവിടെ താമസക്കാരായ സ്ത്രീകളും കുട്ടിക ളും അമ്മയക്ക് ചുറ്റുമിരുന്നു പ്രാർത്ഥനചൊല്ലി യിരുന്നു. ഞങ്ങൾക്ക് തോന്നി വീട്ടിലാണെ ങ്കിൽ ആരുണ്ടാകും ഇതുപോലെ പ്രാർത്ഥിക്കാൻ. ആഫീസിൽ നിന്ന് ഒരു ചേച്ചി വന്ന് ടീച്ചറോട് പ റഞ്ഞു. അവർ എത്താൻ താമസിക്കുമത്രെ വ ന്നാൽ തന്നെ കൊണ്ടു പോകാൻ ഉദ്ദേശിക്കുന്നു എന്ന് തീർച്ചപറഞ്ഞില്ല. ' എന്നാൽ നമുക്ക് കുളി പ്പിച്ച് ഒരുക്കി കിടത്താം.' ടീച്ചർ അഭിപ്രായപ്പെട്ടു ശരിയെന്ന് എല്ലാവരും സമ്മതിച്ചു. 'കുളിപ്പിക്കു ന്നതിനു മുമ്പ് ആഭരണങ്ങൾ ഊരേണ്ടേ?' ആ രോപറഞ്ഞു. അപ്പോഴാണ് ഞങ്ങൾക്ക് ആ ദു;ഖ സത്യം വെളിവായത്. ഞങ്ങളും ദേവയാനി അ മ്മയുമായുള്ള ബന്ധം എന്നന്നേക്കുമായി മുറി ഞ്ഞുപോകുകയാണ്. ഇനി ഞങ്ങൾക്ക് എന്ത് സം ഭവിക്കും? ടീച്ചർ പതുക്കെ വന്ന് കഴുത്തിലെ താ ലി മാല ഊരി എടുത്ത് മാനേജരുടെ കയ്യിൽ കൊടുത്തു. അതിനുശേഷം ഞങ്ങളെ ഓരോരു ത്തരെയായി അഴിച്ചു. അവരുടെ കണ്ണുനീർ ഞ ങ്ങളുടെ മേലെ വീണു. ഞങ്ങളെ മാനേജരുടെ കയ്യിൽ കൊടുത്തു. അവർ ഒരു വെള്ള തൂവാല യിൽ പൊതിഞ്ഞ് കയ്യിൽ വെച്ചു. അതിനുശേ ഷം നടന്നതൊന്നും ഞങ്ങൾക്ക് കാണാൻ കഴി ഞ്ഞില്ല പക്ഷെ കേൾക്കാമായിരുന്നു. ടീച്ചറുടെ ശബ്ദം തിരിച്ചറിഞ്ഞു. 'അഞ്ചരമണിയായല്ലോ ആറുമണിക്ക് ശ്മശാനം അടയ്ക്കില്ലേ? ഒന്നുകൂ ടി ഫോൺ ചെയ്തു നോക്കു' കുറച്ചു കഴിഞ്ഞ് ഓഫീസിലെ ചേച്ചിയുടെ ശബ്ദം'അവർ ഇനി യും താമസിക്കും നാട്ടിലേക്ക് കൊണ്ടുപോകാൻ കാത്തു വെയ്ക്കണമെന്നും 'ഒരു ആംബുലൻസ് തയ്യാറാക്കണമെന്നും പറഞ്ഞു. രണ്ടാമത്തെ മ കൻ ഡോ.ശിവദാസന് നാട്ടിലുള്ള സ്ഥലത്ത് സം സ്ക്കരിക്കാൻ ആണ് തീരുമാനം. പിന്നെ അവി ടെ നടന്നതൊന്നും ഞങ്ങൾക്കറിയില്ല. മാനേജർ ഞങ്ങളെ ഒരു അലമാരിയിൽ വെച്ച് പൂട്ടി. കുറെ സമയത്തിന് ശേഷം ഞങ്ങളെ പുറത്തിറക്കി ഓ ഫീസിന്റെ മേശപ്പുറത്ത് തുറന്നു വെച്ചു. താലി മാലയും കൂട്ടത്തിൽ ഉണ്ടായിരുന്നു. ദേവയാനി അമ്മയുടെ മക്കൾക്ക് അവരുടെ ആഭരണം വേ ണമത്രെ. അനിയനും രണ്ട് പെൺമക്കളും വന്നി ട്ടുണ്ട്. മാനേജർ ആരോടോ ഫോണിൽ സംസാ രിച്ചശേഷം പറഞ്ഞു. അമ്മയുടെ ആഭരണങ്ങളും ബാങ്കിലെ പണവും എല്ലാ മക്കൾക്കും അവകാ ശപ്പെട്ടതാണ്. അവകാശി സർട്ടിഫിക്കറ്റുമായി വ ന്നാൽ ഉടനെതന്നെ നിങ്ങൾക്ക് തരാം. അതവർ ക്ക് തീരെ ഇഷ്ടമായില്ല. അമ്മയുടെ ആഭരണം തട്ടിച്ചെടുക്കുവാൻ ഞങ്ങൾ സമ്മതിയ്ക്കില്ല എ ന്ന് അനിയൻ പരുഷമായി മാനേജരോട് പറ ഞ്ഞു. ഈ അവസരത്തിൽ ടീച്ചർ ഇടപെട്ട് സമാ

ധാനിപ്പിച്ച് അമ്മയെ വേഗം നാട്ടിലേക്ക് കൊണ്ടു പോകുവാൻ നോക്കുക എന്ന് പറഞ്ഞു. ടീച്ചർ ഒരു മകളോട് പതുക്കെ ചോദിച്ചു. "ശിവദാസനുമായി നിങ്ങൾ സംസാരിച്ചിട്ടാണല്ലോ തീരുമാനം?"അതെ രണ്ടു ചേട്ടൻമാരോടും ഫോണിൽ ചോദിച്ചു "മൂത്ത ചേട്ടന് താല്പര്യമില്ലായിരുന്നു. ഇളയ ചേട്ടൻ നിർബന്ധമായി പറഞ്ഞു പൊതുശ്മശാനത്ത് വേണ്ട തന്റെ സ്ഥലത്ത് മതി എന്ന്" ടീച്ചർക്കും സമാധാനമായി. മക്കൾ ആംബുലൻസിൽ കയറാൻ മടികാണിച്ചപ്പോൾ ടീച്ചർ പറഞ്ഞു. "ആംബുലൻസിൽ അമ്മയുടെ കൂടെ ഞാനും ഇവിടത്തെ രണ്ടു ചേച്ചിമാരും കയറാം". "പിന്നെ മാനേജരോട് ചേച്ചിമാരെ ഇന്ന് രാത്രി എന്റെ വീട്ടിൽ താമസിപ്പിച്ചിട്ട് നാളെ ഞാനിങ്ങ് എത്തിച്ചോളാം. " പിന്നെ എന്തു സംഭവിച്ചു എന്ന് ഞങ്ങൾക്ക് അറിയില്ല. ഞങ്ങൾ വീണ്ടും അലമാരയുടെ ഇരുട്ടിലായി. എത്രനാൾ അങ്ങനെകഴിഞ്ഞു എന്ന് അറിയില്ല.

ഒരു ദിവസം ഞങ്ങളെ വീണ്ടും പുറത്തെടുത്തു ദേവയാനി അമ്മയുടെ പെൺമക്കളും ഇളയ മകൻ അനിയനും വന്നിട്ടുണ്ട്. അവർ കൊടുത്ത കടലാസ് മാനേജർ വായിച്ചു നോക്കി. അതിനുശേഷം ചില കടലാസുകളിൽ ഒപ്പിടീച്ചു. ആഭരണങ്ങളും മറ്റും കയ്യിൽ എടുത്ത് സഹോദരിമാരുമായി അനിയൻ കാറിൽ കയറിയപ്പോൾ ഒരു ബാഗിൽ ഞങ്ങളെ വച്ച് പൂട്ടി. ആഭരണങ്ങൾ പങ്കുവെയ്ക്കുന്നതിനെ കുറിച്ചുള്ള ചർച്ച ഞങ്ങൾക്ക് കേൾക്കാമായിരുന്നു. ഞങ്ങളുടെ ഭാവി എന്താകുമെന്ന് അറിയാതെ ഞങ്ങൾ പേടിച്ച് വിറച്ചു. ഒടുവിൽ ഒരു മകളുടെ വീട്ടിലെത്തി ഞങ്ങളെ പുറത്തെടുത്തു. അപ്പോഴേക്കും അവർ ഒരു തീരുമാനത്തിൽ എത്തിയിരുന്നു. താലിമാല മൂത്തചേട്ടന്. അമേരിക്കയിൽ ഉള്ള ആ ചേട്ടൻ ഞങ്ങളെ ആവശ്യപ്പെട്ടെങ്കിലും അനുജത്തിമാർ സമ്മതിച്ചില്ലത്രെ. ഓരോ തോട വീതം പെൺമക്കൾക്ക് അങ്ങനെ ഞങ്ങൾ ഇരട്ടകൾ വേദനയോടെ പിരിഞ്ഞു. അനിയന് ബാങ്കിലെ തുക. അയാൾ നല്കിയ പ്രതിഫലത്തുകയിൽ നിന്ന് അമ്മ ഒന്നും ചിലവാക്കാതിരുന്നത് വളരെ സന്തോഷമായി. ശിവദാസന് ഒന്നും വേണ്ടത്രെ.

ഞാൻ ചെന്നു പെട്ടത് മൂത്തവളുടെ കയ്യിലാണ്. ഉടനെതന്നെ അവർ എന്റെ തൂക്കം നോക്കി മകൾക്ക് വളകൾ പണിയാൻ തീരുമാനിച്ചു.എന്റെ കഥ കേട്ടിട്ട് നിങ്ങൾക്ക് മുഷിഞ്ഞോ? ഞാൻ അസഹ്യമായ ചൂടിൽ ഉരുകിത്തുടങ്ങി...... എന്റെ കഥയും ഇവിടെത്തീർന്നു.

ബിന്ദുടീച്ചർക്ക് പറയാനുള്ളത് : ഞാൻ ഒരു ദിവസം തൃശ്ശൂരിലെ വൃദ്ധസദനം നടത്തുന്ന സ്ഥാപനത്തിൽപോയി. അന്ന് ദേവയാനിഅമ്മ മരിച്ചിട്ട് ഒരു വഷം തികയുകയായിരുന്നു. അത് അറിഞ്ഞ് പോയതല്ല. യാദൃച്ഛികം അവിടെ ചെന്നപ്പോൾ ബോർഡിൽ എഴുതിക്കണ്ടു.'ഇന്നത്തെ അന്നദാനം ദേവയാനി അമ്മയുടെ പാവനസ്മരണയ്ക്ക്-മക്കൾ'. ഞാൻ ഓഫീസിൽ കയറി അന്വേഷിച്ചു. അവർ പറഞ്ഞു, .ടീച്ചർ കൊണ്ടു വന്നാക്കിയ അമ്മൂമ്മ തന്നെ. എല്ലാമക്കളുടെയും പേരിലാണെങ്കിലും പണം അയച്ചു തന്നത് ഡോക്ടർ ശിവദാസനാണ്. അമ്മയക്ക് ഇഷ്ടപ്പെട്ട പാൽപായസം വേണമെന്ന് പ്രത്യേകം ആവശ്യപ്പെട്ടു. അവരുടെ ആരും വരില്ല എങ്കിലും അന്നദാനം ഭംഗിയായി നടത്തണമെന്ന് പറഞ്ഞു. ●

◀◀ 7-ാം പേജിൽ നിന്നും തുടർച്ച

# ബാലലോകം

ത്ത ശീലങ്ങളെക്കുറിച്ച് . എന്നിട്ട് ഏതെല്ലാം പാലിച്ചു?

ഓർക്കാൻ രസമില്ലേ പോയ വർഷത്തിൽ സന്തോഷം തോന്നിയ ഒരു ദിവസത്തെക്കുറിച്ച്, അടുത്തില്ലാത്ത ഒരു സ്നേഹിതന് ഒരു കത്തെഴുതി നോക്കൂ. കത്തെഴുത്ത് വളരെ നല്ല ഒരു ശീലമാണ്. എഴുതുന്നവർക്കും വായിക്കുന്നവർക്കും അത് ഒരു പോലെ ആനന്ദം നൽകുന്നു. മാത്രമല്ല കുറെ എഴുതുമ്പോൾ അറിയാതെ തന്നെ നമ്മുടെ ഭാഷാ സ്വാധീനം മെച്ചപ്പെടുന്നു. കൂട്ടുകാർ മഹത് വ്യക്തികളുടെ ജീവചരിത്രങ്ങൾ വായിച്ചു തുടങ്ങുമ്പോൾ അറിയാം. അവരെല്ലാം എത്ര കത്തുകളാണ് എഴുതുയിരുന്നതെന്നോ.....കൂട്ടുകാർ ഹെലൻകെല്ലർ എന്ന മഹതിയെ കുറിച്ച് കേട്ടിട്ടുണ്ടോ അവർക്ക് ഒന്നര വയസ്സിൽ അസുഖം ബാധിച്ച് കാഴ്ചശക്തിയും ശ്രവണശേഷിയും നഷ്ടപ്പെട്ടു... എങ്കിലും ആനി സുള്ളിവൻ .എന്ന പ്രിയപ്പെട്ട അധ്യാപികയുടെ സഹായത്തോടെ കണ്ണിലെ ഇരുട്ടിനെ അവർ മനസ്സിലെ വെളിച്ചം കൊണ്ട് നേരിട്ടു. അവർ 22 വയസ്സിൽ എഴുതിയ ഒരു ആത്മകഥയുണ്ട്. 'ദി സ്റ്റോറി ഓഫ് മൈ ലൈഫ്' കുട്ടികൾക്കും മുതിർന്നവർക്കും ഒരു പോലെ പ്രയോജനപ്രദമായ ഒരു പുസ്തകം.. അതിൽ നിറയെ കത്തുകളാണ്. രസകരമായ കത്തുകൾ. നാം ഇതൊക്കെ എഴുതുമ്പോഴും വായിക്കുമ്പോഴും ലോകത്തിന്റെ ഏതൊക്കെയോ കോണുകളിൽ വെടിയൊച്ചകൾ മുഴങ്ങുകയാണ്. ഒരു പാടു പേർ അനാഥരാവുന്നു.

ഒരു നേരത്തെ ആഹാരമോ, ഒരു തുണ്ട് വസ്ത്രമോ ഇല്ലാത്ത എത്രയോ കുഞ്ഞുങ്ങൾ നിലവിളിയ്ക്കുന്നു. എല്ലാ കുഞ്ഞു മുഖങ്ങളിലും പുഞ്ചിരി വിരിയുന്ന ഒരു നാളെയ്ക്കു വേണ്ടി കൂട്ടുകാരും പ്രാർത്ഥിക്കുന്നില്ലേ? പ്രാർത്ഥിക്കണം. ഒരു നല്ല നാളേക്കുവേണ്ടി . അതാവട്ടെ പുതിയ വർഷത്തെക്കുറിച്ചുള്ള സ്വപ്നം. ●

# മംഗല്യഭാഗ്യം നല്കുന്ന
# തിരുമാന്ധാംകുന്നിലമ്മ

**ഘനസംഘമിടയുന്ന തനുകാന്തി തൊഴുന്നേൻ**
**അണിതിങ്കൾ കല ചൂടും പുരുചിട തൊഴുന്നേൻ**
.....................................................................................................
.....................................................................................................
**ഇക്കണ്ട ഭൂവനം കാത്തെഴും നാഥേ തൊഴുന്നേൻ**
**ചൊൽകൊണ്ട തിരുമാന്ധാംകുന്നിലമ്മേ തൊഴുന്നേൻ**



കെ. സുധാദേവി

(ക്ഷേത്രങ്ങളിലൂടെ)

(പൂന്താനം തിരുമേനി തന്റെ പരദേവതയായ തിരുമാന്ധാം കുന്നിലമ്മയെ കുറിച്ചെഴുതിയ ഒരേ ഒരു കാവ്യത്തിലെ ആദ്യത്തെയും അവസാനത്തെയും വരികളാണിവ)

ശാരീരികവും മാനസീകവുമായ ഒട്ടു മിക്ക പ്രശ്നങ്ങൾക്കും വിജ്ഞന്മാർ കാണിച്ചു തരുന്ന പരിഹാരം ദേവീ ഭജനം തന്നെയാകുന്നു. കേരളത്തിലെ ഭദ്രകാളീ ക്ഷേത്രങ്ങളിൽ ഏറെ പ്രാധാന്യം ഉള്ള മൂന്നു ക്ഷേത്രങ്ങൾ തിരുമാന്ധാംകുന്നും, കൊടുങ്ങല്ലൂരും, പനയന്നാർ കാവും ആണെന്നും ഇവ മൂന്നും തുല്യ അകലത്തിൽ സ്ഥിതി ചെയ്യുന്നു എന്നും പറയപ്പെടുന്നു. ഷൊർണ്ണൂർ, കോഴിക്കോട് റോഡിൽ അങ്ങാടി പുറത്താണ് തിരുമാന്ധാംകുന്ന് ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ചുറ്റോടു ചുറ്റും താഴ്ന്ന ഒരു കുന്നിന്റെ മുകളിൽ സമനിരപ്പായ സ്ഥലം, തെക്ക് പ്രധാന കവാടം. തെക്കും വടക്കും കരിങ്കൽ പടവുകൾ, വടക്കേ നടയിൽ താഴെ ഒരു ചെറിയ പുഴ ഒഴുകുന്നു. ക്ഷേത്രത്തിൽ എത്തിയാൽ ആദ്യം ശ്രീമൂലസ്ഥാനത്ത് വന്ദിക്കണം. പിന്നീട് ഗണപതിയെ തൊഴുത് പടിഞ്ഞാറേ നടയിൽ കൂടി വടക്കേ നടയിൽ എത്താം. അവിടെ സ്വർണ്ണ കൊടിമരം കാണാം. കൊടിമരത്തിന്റെ ചുവട്ടിൽ നിന്നാൽ മാതൃശാലയിൽ ഇരിക്കുന്ന അമ്മയുടെ തിരുനട കാണാൻ സാധിക്കും. കൊടിമരം ചുറ്റി ബലിക്കൽ പുരയിലൂടെ അകത്ത് പ്രവേശിച്ചാൽ കിഴക്ക് ദർശനമായി ഭഗവാന്റെ ശ്രീകോവിൽ. ശ്രീപാർവ്വതീശനെ തൊഴുത് നേരെ അമ്മയുടെ തിരുനടയിൽ എത്താം. അവിടെ സപ്തമാതൃക്കളോടു കൂടി അമ്മ വിരാജിക്കുന്നു. മാതൃശാലയിൽ അമ്മയുടെ വിഗ്രഹത്തിന് സ്വല്പം പടിഞ്ഞാറു മാറിയാണ് അമ്മയുടെ തിരുനട. നേരെ ഒരു ചെറിയ നട ഉണ്ടെങ്കിലും അത് ദീപാരാധന സമയത്തു മാത്രമേ തുറക്കാറുള്ളൂ.



മാതൃശാലയിലെ ദേവീ വിഗ്രഹം വരിക്കപ്ലാവിൽ കൊത്തിയ ദാരുശില്പം ആണ്. സപ്തമാതൃക്കളുടേയും അപ്രകാരം തന്നെ. ഇവിടെ ദേവി വേതാള സ്ഥിതിയല്ല. മറിച്ച് രത്നപീഠത്തിൽ ഇടതുകാൽ മടക്കി വലതുകാൽ താഴേക്ക് തൂക്കിയിട്ടിരിക്കുന്ന ഭാവത്തിലാണ്. പീഠം ഉൾപ്പടെ ഏകദേശം ആറടിയോളം പൊക്കം ഉണ്ടാകും. ശിരസ്സിൽ കിരീടവും, ചന്ദ്രക്കലയും, വാൾ, ത്രിശൂലം, ദാരികശിരസ്സ് ,കപാലം, സർപ്പം, പരിച, മണി, വടകം, ഖട്വാംഗം ഇവകളേന്തിയ എട്ടു തൃക്കൈകളോടും നീണ്ട് തിരുമാറിൽ പലവിധത്തി

20-ാം പേജിൽ തുടരും

# വിശേഷ ദിവസങ്ങൾ

## 2016 ജനുവരി 15 മുതൽ ഫെബ്രുവരി 15 വരെ

| | | |
|---|---|---|
| ജനുവരി | 18 | മകരഭരണി |
| | 19 | മകരചൊവ്വ |
| | 22 | എറണാകുളം ശിവക്ഷേത്രത്തിൽ ആറാട്ട് |
| | 23 | വളഞ്ഞമ്പലം ക്ഷേത്രത്തിൽ കൊടിയേറ്റ് |
| | 24 | തൈപ്പൂയ്യം |
| | 26 | റിപ്പബ്ലിക് ദിനം |
| | 30 | ഗാന്ധിസ്മരണ ദിനം,<br>വളഞ്ഞമ്പലം ക്ഷേത്ത്രിൽ ആറാട്ട് |
| | 31 | വിവേകാനന്ദ ജയന്തി |
| ഫെബ്രുവരി | 9 | ഏറ്റുമാനൂർ കൊടിയേറ്റ് |
| | 11 | തിരുവല്ല ശ്രിവല്ലഭ, പാഴൂർ പെരുംതൃക്കോവിൽ<br>ക്ഷേത്രത്തിലും കൊടിയേറ്റ് |

# സ്ത്രീസമാജത്തിലെ

## 2016 ജനുവരി മാസത്തെ പരിപാടികൾ

| തീയതി | പരിപാടി | സമയം |
|---|---|---|
| 19/01/2016 | അംഗങ്ങളുടെ ഒത്തുചേരൽ | 04.00. p.m. |
| 21/01/2016 | എറണാകുളം ശിവക്ഷേത്രത്തിലെ പറ | 05.30. p.m. |
| 22/01/2016 | എറണാകുളം ശിവക്ഷേത്രത്തിൽ അംഗങ്ങളുടെ ഭജന<br>(എല്ലാവരുംപങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു) | 06.00. p.m. |
| 27/01/2016 | പാചക ക്ലാസ്സ് | 11.00. a.m. |

18-ാം പേജിൽ നിന്നും തുടർച്ച

## തിരുമാന്ധാംകുന്നിലമ്മ

ലുള്ള ആഭരണങ്ങളോടും നീണ്ടുവളഞ്ഞ നാസികയും കരാള ദംഷ്ട്രങ്ങളും ചുവന്ന വീരാളിപ്പട്ടും എല്ലാമായി ഇരിക്കുന്ന അമ്മയുടെ രൂപം ഒട്ടും തന്നെ ഭയാനകമല്ല. മറിച്ച് ആ തിരുനയനങ്ങളിൽ വാത്സല്യം നിറഞ്ഞു കവിയുന്ന കാഴ്ചയാണ് നമുക്ക് ദർശിക്കാൻ സാധിക്കുന്നത്. ആ വിശ്വജനനിയുടെ സമ്പൂർണ്ണ രൂപം എത്ര നേരം കണ്ടാലും മതി വരുന്നതുമല്ല. അവിടുത്തെ തിരുനട തുറന്നുള്ള ദീപാരാധനയും കണ്ടറിഞ്ഞ് അനുഭവിക്കേണ്ട ഒന്നു തന്നെയാണ്. അമ്മക്ക് വലതു വച്ച് ശിവഭഗവാനെ വീണ്ടും തൊഴുത് കിഴക്കേ നടയിൽ കൂടി വെളിയിൽ വരാം. അവിടെ ശിവനും സ്വർണ്ണക്കൊടിമരം ഉണ്ട്.

വടക്കേ നടയിൽ കൂറ്റൻ ആലിനു കീഴിൽ ഇരിക്കുന്ന ഗണപതിയെ തൊഴുതു വേണം അകത്തു കയറാൻ. തമിഴ് നാട്ടിൽ ഇപ്രകാരം ഇരിക്കുന്ന ഗണപതിയെ മരത്തടി പിള്ളയാർ എന്ന് വിളിക്കാറുണ്ട് അഭീഷ്ടം സാധിച്ചു തരുന്ന കാര്യത്തിൽ മരത്തടി പിള്ളയാർ മുമ്പനാണത്രെ. കൂടാതെ ക്ഷേത്രപാലകൻ (ഇതും ദാരുശില്പം ആകുന്നു.). ബ്രഹ്മരക്ഷസ്സ് സർപ്പ സന്നിധി ഇവയും കണ്ടു തൊഴാം. ബ്രഹ്മരക്ഷസ്സിന്റെയും സർപ്പങ്ങളുടേയും മുകളിലുള്ള വള്ളിപടർപ്പുകൾ കാണേണ്ട കാഴ്ചതന്നെയാകുന്നു. ശ്രീമൂലസ്ഥാനത്തിനടുത്തായി കുക്ഷിപ്പാറക്കാട്ടിൽ തിരുമാന്ധാതാവിനെ പ്രതിഷ്ഠിച്ചിട്ടുണ്ട്.

**ഐതിഹ്യം**

ശ്രീമാന്ധാതാവ് മഹർഷിയാണ് തിരുമാന്ധാംകുന്നിൽ

അമ്മയെ പ്രതിഷ്ഠിച്ചത്. ശ്രീമദ് ദേവീഭാഗവതത്തിൽ ഏഴാം സ്കന്ദത്തിൽ മാന്ധാതാവിനെ കുറിച്ച് വിവരിക്കുന്നുണ്ട്. 108 ദേവീക്ഷേത്രങ്ങൾ മാന്ധാതാവ് പ്രതിഷ്ഠിച്ചതായി പറയപ്പെടുന്നു.

കൃതയുഗത്തിൽ അയോദ്ധ്യ ഭരിച്ചിരുന്ന ഇക്ഷ്വാകു വംശത്തിലെ യുവനാശ്വൻ എന്ന രാജാവിന് സന്തതികൾ ഇല്ലാതെ വന്നപ്പോൾ ഇന്ദ്രദൈവതം എന്ന യജ്ഞം നടത്തുകയും യജ്ഞഭാഗമായി രാജ്ഞിക്ക് നല്കുന്നതിലേക്കായി (പുത്രനുണ്ടാകുന്നതിന്) ജപിച്ചു വച്ചിരുന്ന ജലം അസഹ്യമായ ദാഹം തോന്നുകയാൽ രാജാവ് എടുത്തു കുടിക്കുകയും ചെയ്തു. ജലം സേവിച്ച രാജാവ് ഗർഭം ധരിക്കയും പത്തുമാസം തികഞ്ഞപ്പോൾ രാജാവിന്റെ ദക്ഷിണ ഉദരം ഭേദിച്ച് ഒരു ആൺകുഞ്ഞ് പുറത്തു വരികയും ചെയ്തു. ജനിച്ച കുട്ടി വിശന്നപ്പോൾ കം ധാസ്യതി (എന്നെ ആരൂട്ടും) എന്ന് വിളിച്ചു കരയുകയും അലിവു തോന്നിയ ഇന്ദ്രൻ മാം ധാതാ (ഞാൻ ഊട്ടും) എന്നു പറഞ്ഞ് തന്റെ ചൂണ്ടാണി വിരൽ കുഞ്ഞിന്റെ വായിൽ വച്ചു കൊടുക്കുകയും ചെയ്തു. അങ്ങനെ ആ കുഞ്ഞ് വളർന്ന് പ്രസിദ്ധനായ മന്ധാതാവ് മഹാരാജാവായി തീരുകയും അദ്ദേഹത്തിന് രണ്ടു പുത്രൻമാർ (പുരുകന്ദൻ, മുചുകുന്ദൻ) ജനിക്കയും, രാജ്യഭരണം ശ്രേയസ്കരമായ വിധത്തിൽ തന്നെ നിർവ്വഹിച്ച ശേഷം ആർഷസിദ്ധാന്ത പ്രകാരം പരമപദപ്രാപ്തിക്കായി കൈലാസത്തിൽ പോയി ഭഗവാനെ തപസ്സു ചെയ്യുകയും ചെയ്തു. മാന്ധാതാവിന്റെ തപസ്സിൽ സംപ്രീതനായ കൈലാസനാഥൻ പ്രത്യക്ഷപ്പെടുകയും ഇഷ്ടമുള്ള വരം ആവശ്യപ്പെടുന്നതിന് അനുവദിക്കുകയും ചെയ്തു. ഐഹികമായ സുഖങ്ങൾ ഒന്നും തന്നെ തനിക്കു വേണ്ട എന്നും ഭഗവാനെ നിത്യമായി ദേഹി ദേഹത്തെ വിടുന്നതു വരെ ആരാധിക്കുന്നതിനായി ഒരു ചിഹ്നം തരണം എന്ന് മഹർഷി അപേക്ഷിച്ചു. ഭക്തവത്സലനായ ഭഗവാൻ കൈലാസത്തിൽ വച്ച് ഏറ്റവും ശ്രേഷ്ഠമായതും ദേവിക്ക് ഏറ്റവും പ്രിയപ്പെട്ടതും ആയ ശിവലിംഗം തന്നെ മഹർഷിക്ക് നല്കി അനുഗ്രഹിച്ചു. ശിവലിംഗം തലയിൽ വച്ച് മഹർഷി യാത്ര തിരിക്കുമ്പോൾ ഭഗവാൻ അരുളി ചെയ്തു; തലയിൽ ഇരിക്കുന്ന ശിവലിംഗത്തിന് ഭാരം വർദ്ധിച്ചുവരുമ്പോൾ എവിടെ എത്തുന്നുവോ അവിടെ പ്രതിഷ്ഠിച്ച് പൂജിക്കണം. മാന്ധാതാവ് യാത്രയായി. ഈ സമയം കേരളസൃഷ്ടിക്കു ശേഷം പരശുരാമൻ രാജ്യത്തിന്റെ ഐശ്വര്യപ്രാപ്തിക്കായി ഭഗവാനോട് പ്രാർത്ഥിക്കുന്നതിനായി കൈലാസത്തിൽ എത്തി. താൻ മാന്ധാതാവിനു കൊടുത്ത ശിവലിംഗം ഭക്തിപൂർവ്വം കേരളത്തിലുള്ളവർ പൂജിച്ചാൽ സകല ഐശ്വര്യങ്ങളും അവർക്കുണ്ടാകും എന്ന് ഭാർഗ്ഗവ രാമനോടും ഭഗവാൻ അരുളി ചെയ്തു.

മാന്ധാതാവ് മഹർഷി ശിവലിംഗവുമായി തെക്കോട്ടു വന്ന് ഇന്ന് ക്ഷേത്രം സ്ഥിതി ചെയ്യുന്ന നയനമനോഹരമായ പ്രദേശത്ത് എത്തുകയും തലയിലിരുന്ന ശിവലിംഗത്തിന് ഭാരം അനുഭവപ്പെടുകയും മഹർഷി അവിടെ ശിവലിംഗം പ്രതിഷ്ഠിക്കുകയും ചെയ്തു. കുറച്ചു ശിഷ്യൻമാരുമായി മഹർഷി അവിടെ പൂജകൾ കഴിച്ചു വന്നു.

ഈ അവസരത്തിൽ കൈലാസത്തിൽ നീരാട്ടിനു പോയ ശ്രീപാർവ്വതി തന്റെ നിത്യപൂജ ആരംഭിക്കുന്നതിനായി നോക്കുമ്പോൾ ശിവലിംഗം ഇല്ല. ശിവലിംഗം മഹർഷിക്ക് നല്കിയ വിവരം അിറഞ്ഞ ദേവി പരിഭ്രാന്തയായി. ശിവലിംഗം തിരികെ കിട്ടിയേ മതിയാകൂ എന്ന് ശഠിക്കുന്നു. കൊടുത്തത് തിരികെ ചോദിക്കുന്നത് ഉചിതമല്ലെന്നും എന്തെങ്കിലും മാർഗ്ഗം ഉണ്ടെങ്കിൽ ദേവിക്ക് ആകാം എന്നും ഭഗവാൻ പറയുന്നു. ശ്രീപാർവ്വതി തന്റെ മകളായ ഭദ്രകാളിയെ വിളിച്ച് കാര്യം ധരിപ്പിച്ചു. ഭദ്രകാളി, വീരഭദ്രൻ, നന്ദി മുതലായ ശിവ

പാർഷദൻമാരുമായി നേരെ തിരുമാന്ധാം കുന്നിന് തഴെ എത്തി. എന്നാൽ മഹർഷിയുടെ തപശക്തിയാൽ അവർക്ക് മുകളിലേക്ക് കയറാൻ സാധിക്കുന്നില്ല. താഴെ നിന്ന് അവർ മുകളിലേക്ക് അമ്പുകൾ അയച്ചു. മഹർഷിയുടെ ശിഷ്യൻമാർ മുകളിൽ കായ്ചു നിന്നിരുന്ന ആട്ടങ്ങ പറിച്ചെടുത്ത് താഴേക്ക് എറിഞ്ഞു തുടങ്ങി. മഹർഷിയുടെ മന്ത്രശക്തിയാൽ ആട്ടങ്ങയിലെ ഓരോ വിത്തും ശരങ്ങളായി മാറി. ഇപ്രകാരം ഏകദേശം പതിനഞ്ചു ദിവസത്തോളം യുദ്ധം തുടർന്നു. ഒടുവിൽ ഭദ്രകാളി തന്റെ വിശ്വരൂപം ധരിച്ച് മുകളിലേക്ക് കയറി ചെല്ലുകയും ശിവലിംഗം എടുക്കാൻ ശ്രമിക്കയും ചെയ്തു. ആ സമയം ശിവലിംഗം രണ്ടായി പിളരുകയും ശ്രീപാർവ്വതി പരമേശ്വരൻമാർ ഉണ്ണിഗണപതിയോടൊപ്പം അവിടെ പ്രത്യക്ഷപ്പെടുകയും ചെയ്തു. മാന്ധാതാവിന്റെ ഭക്തിയിൽ പ്രീതിപ്പെട്ട് ദേവി ശിവലിംഗം കൊണ്ടു പോകുന്നതിന് പകരം താൻ അവിടെ നിത്യമായി സാന്നിദ്ധ്യം അരുളാൻ തീരുമാനിച്ചതായി അരുളി ചെയ്തു. തന്റെ മകളായ ഭദ്രകാളിയും താനും ഒന്നു തന്നെയാണെന്നും ദേവിക്കും അവിടെ പ്രതിഷ്ഠ വേണമെന്നും ആവശ്യപ്പെടുന്നു. ഇതനുസരിച്ച് സപ്തമാതൃക്കളോടും വീരഭദ്രൻ ഗണപതി ഇവരോടും ഒപ്പം ഭദ്രകാളിയേയും പ്രതിഷ്ഠിക്കുന്നു.

ദേവി പ്രത്യക്ഷപ്പെട്ട സ്ഥാനമാണ് ശ്രീമൂലസ്ഥാനം. അവിടെ പ്രഭാമണ്ഡലത്തിനു താഴെയായി രണ്ടായി പിളർന്ന ശിവലിംഗം കാണാം. പ്രഭാതത്തിലെ അഭിഷേക സമയത്തു മാത്രമേ ദർശന ഭാഗ്യം ഉള്ളു. ശ്രീമാന്ധാതാവ് വളരെ കാലം തുടർന്നും ഭഗവാനെ പൂജിക്കുകയും ഒടുവിൽ ശ്രീമൂലസ്ഥാനത്തോടു ചേർന്നുള്ള കുക്ഷിപാറക്കാട്ടിൽ വച്ച് ഈശ്വരനിൽ ലയിക്കയും ചെയ്തു വത്രെ. അവിടെ മാന്ധാതാവിന്റെ പ്രതിഷ്ഠയുണ്ട്.

**വഴിപാടുകൾ:** ചാന്താട്ടം അമ്മയുടെ പ്രിയപ്പെട്ട വഴിപാടാണ്. കൂടാതെ മംഗല്യപൂജ, വലിയവിളക്ക് ശ്രീമൂലസ്ഥാനത്തുള്ള മുട്ടറക്കൽ. പുഷ്പാഞ്ജലികൾ ഭദ്രകാളി നടയിലെ കുങ്കുമാർച്ചന ഇവയെല്ലാം വിശേഷം അത്രെ.

**മംഗല്യപൂജ:** ശ്രീമൂലസ്ഥാനത്തുള്ള ഗണപതി നടയിൽ നടത്തുന്നു. വിവാഹ തടസ്സം നീങ്ങുന്നതിലേക്കായി ഐശ്വര്യപൂർണ്ണമായ ദാമ്പത്യത്തിനും മംഗല്യപൂജ നന്നു തന്നെ. വിവാഹ ആവശ്യത്തിലേക്കായി മൂന്നു വർഷം അടുപ്പിച്ച് മംഗല്യപൂജ നടത്തേണ്ടതാകുന്നു. ജാതിമതഭേദമെന്യേ ധാരാളം പേർ വന്ന് ഈ പൂജ നടത്തുന്നു. വിവാഹം നടന്നാലും തുടർന്നും 3 വർഷം നടത്തണം എന്ന് വിധി.

വിശേഷദിവസങ്ങൾ: വൃശ്ചികം മുതൽ മീനം വരെ കളമെഴുത്തും പാട്ടും. തുടർന്ന് പൂരമഹോത്സവം. ധനു 1 മുതൽ 8 ദിവസം ഋഗ്വേദ ലക്ഷാർച്ചന. തുലാം ഒന്നിനും കറുത്ത വാവിനും ഉള്ള ആട്ടങ്ങ ഏറ് തുലാത്തിലെ മുപ്പെട്ടു വെള്ളിയാഴ്ചയുള്ള മഹാമംഗല്യപൂജ, മിഥുനത്തിലെ ചിത്തിരയിൽ മാന്ധാതാവിനുള്ള ആണ്ടു പൂജ, ചിങ്ങത്തിലെ ഉത്രാടം നിറപ്പുത്തിരി, ചിങ്ങം അവസാനം നടത്തുന്ന വലിയ കണ്ടം നടീൽ ഇവയെല്ലാം പ്രധാന വിശേഷ ദിവസങ്ങളാണ്.

പൂജകൾ കാലത്ത് ആറുമണി മുതൽ ആരംഭിക്കും. ഇവിടെ വിശേഷമായി ഭദ്രകാളി നടയിൽ വൈകുന്നേരം 4.30 ന് തിരിഞ്ഞു പന്തീരടി പൂജ വിശേഷം തന്നെ. കൂടാതെ അത്താഴപൂജയോടൊപ്പം ഉള്ള കുങ്കുമാർച്ചനയും വിശേഷം തന്നെ. മംഗല്യവതികൾക്ക് മംഗല്യ ദോഷം ഉണ്ടാകാതെ ഇരിക്കുന്നതിന് ഉത്തമമായ പൂജയാണ് . കണ്ടു തൊഴുന്നത് വളരെ ഉത്തമം.

മംഗല്യപൂജ ചൊവ്വ, വെള്ളി, ഞായർ ദിവസങ്ങളിൽ നടത്തുന്നതാണ്.

ലോകരക്ഷകിയായ തിരുമാന്ധാം കുന്നിലമ്മയെ ദർശിച്ചു മടങ്ങു മ്പോൾ അടുത്തെന്നാണ് ആ ദർശനം എന്ന ചിന്തയാണ് എല്ലാ ഭക്തജനങ്ങളുടേയും മനസ്സിൽ.

ജ്വാലാ കരാളമത്യുഗ്ര മശേഷാസുര സൂദനം
ത്രിശൂലം പാതുനോ ഭീതേർ ഭദ്രകാളീ നമോസ്തുതേ!

ദേവീമാഹത്മ്യം അമ്മേ ശരണം ●

22-ാം ചരമവാർഷികം

21.1.2016



**മേലങ്ങത്ത് ഗോവിന്ദൻകുട്ടി മേനോൻ**

**മേലങ്ങത്ത്**
**ആലപ്പാട്ട് റോഡ്**
**രവിപുരം**
**കൊച്ചി 682016**

*- സന്തപ്ത കുടുംബാംഗങ്ങൾ*

# തളിപ്പറമ്പ് രാജരാജേശ്വരക്ഷേത്രം



ഇന്ദിരാഭായി



കണ്ണൂർ ജില്ലയിലെ തളിപ്പറമ്പിലാണ് രാജരാജേശ്വരക്ഷേത്രം സ്ഥിതി ചെയ്യുന്നത്. രാജരാജേശ്വരക്ഷേത്ര ശ്രീകോവിലിൽ മഹാദേവൻ ചക്രവർത്തിഭാവത്തിൽ വിളങ്ങുന്നു. കിഴക്കോട്ടു ദർശനമായിട്ടുള്ള ഈ ക്ഷേത്രത്തിന്റെ ഗോപുരവും ശ്രീകോവിലും നാലമ്പലവും മതിൽക്കെട്ടുമെല്ലാം പഴയ കാല പ്രൗഢി വെളിവാക്കുന്നു. മൂന്നടിപ്പൊക്കമുള്ള വലിയ ശിവലിംഗമാണ് ഇവിടെയുള്ളത്. തൃക്കണ്ണും തിരുനാസികയും ചാർത്തിയിരിക്കുന്നു. വീരാളിപ്പട്ടും ധരിച്ചിരിക്കുന്നു. ശിരസ്സിൽ ചന്ദ്രക്കലയുണ്ട്, വാമഭാഗത്തെ പാർവ്വതിദേവിയുമായി ഇരുന്നരുളുന്നു. ശിവലിംഗപ്രതിഷ്ഠയാണെങ്കിലും ശിവവിഷ്ണു സങ്കല്പങ്ങൾ ഒന്നിച്ചു ചേർന്ന ഹരിഹരമൂർത്തിഭാവമാണെന്നും വിശ്വസിക്കുന്നു. ശിവനായി സങ്കല്പിക്കുന്നുണ്ടെങ്കിലും ഇവിടെ കൂവളം പൂജയ്ക്കെടുക്കാറില്ല. തുളസി, ചെത്തി, താമര തുടങ്ങിയ പുഷ്പങ്ങളാണ് പൂജയ്ക്ക് അധികവും എടുക്കുക. സാധാരണ ക്ഷേത്രങ്ങളിലെ പോലെ നാലമ്പലത്തിനുള്ളിൽ മണികിണറില്ല എന്നത് ഒരു പ്രത്യേകതയാണ്.

മന്ധതാവ്, മുചുകുന്ദൻ, ശതസോമൻ എന്നീ മഹർഷിമാരുടെ തപസ്സിന്റെ ഫലമായി ലഭിച്ച മൂന്നു ശിവലിംഗങ്ങളാണ് ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്നത്. മൂന്നു പേരോടും ഒരു ഉറുമ്പുപോലും ചത്തിട്ടില്ലാത്ത സ്ഥലത്ത് ശിവലിംഗം പ്രതിഷ്ഠിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. സ്ഥലമന്വേഷിച്ചു നടന്ന മഹർഷിമാർക്ക് തളികയുടെ ആകൃതിയിലുള്ള സ്ഥലമാണ് കണ്ടു കിട്ടിയത്. ഈ സ്ഥലത്ത് വിഗ്രഹം പ്രതിഷ്ഠിച്ചപ്പോൾ ആദ്യത്തെ രണ്ടു വിഗ്രഹവും അടിയിലേക്ക് താണുപോയെന്നും മൂന്നാമത്തെ വിഗ്രഹമാണ് ഇന്ന് കാണുന്നതെന്നും വിശ്വസിക്കുന്നു. സാധാരണ ക്ഷേത്രങ്ങളിലേക്കാൾ ഉയരത്തിലാണ് ഇവിടുത്തെ വിഗ്രഹവും ബലിക്കല്ലും കാണപ്പെടുന്നത് . തളികയുടെ ആകൃതിയിലുള്ള സ്ഥലമായതുകൊണ്ട് തളികപ്പറമ്പ് എന്ന പേരു വന്നു. തളികപറമ്പാണ് ലോപിച്ച് തളിപറമ്പായത് എന്നു കരുതുന്നു. തളിപറമ്പ് രാജരാജേശ്വരന് നെയ്യമൃതാണ് തൃക്കാഴ്ച. ചെറിയ കുടങ്ങളിൽ നെയ്യൊഴിച്ച് വായ് മൂടിക്കെട്ടി നടയ്ക്കൽ സമർപ്പിക്കുന്നതാണ് വഴിപാട്. ഭക്തജനങ്ങൾക്ക് അവരവരുടെ ഇഷ്ടാനുസരണം നെയ്ക്കുടങ്ങൾ സമർപ്പിക്കാം. അത്താഴപൂജയ്ക്കുശേഷം മാത്രമേ സ്ത്രീകൾക്ക് നാലമ്പലത്തിലേക്ക് പ്രവേശനമുള്ളു. കൈകളിൽ നെയ്യമൃതില്ലാതെ ചെല്ലാനും പാടില്ല. അഭിഷേകത്തിനും വിളക്കിനും നെയ്യ് മാത്രമേ ഉപയോഗിക്കുകയുള്ളു. ഇവിടുത്തെ വിഗ്രഹത്തിനു മുമ്പിൽ കത്തിക്കൊണ്ടിരിക്കുന്ന കെടാവിളക്കും കാണാം. പ്രതി

ഷ്ഠാദിനം മുതൽ ഈ വിളക്കിൽ നെയ്തിരികത്തിക്കൊണ്ടേയിരിക്കുന്നു. ബുധനാഴ്ചയാണ് ഇവിടെ പ്രധാനം. ഇവിടുത്തെ പ്രതിഷ്ഠ നടത്തിയത് ബുധനാഴ്ചയായിരുന്നു എന്നു വിശ്വസിച്ചു പോരുന്നു. അത്താഴ പൂജ സമയത്ത് കയ്യിൽ നെയ്യമൃതുമായി കാത്തു നില്ക്കുന്ന ഭക്തരുടെ നീണ്ട നിരതന്നെകാണാം. അത്തഴാപൂജക്കുശേഷം പാർവ്വതിദേവിയോടൊപ്പം സന്തുഷ്ഠനായി ഇരുന്നരുളുന്ന ഭാവത്തിൽ ഭഗവാൻ ഭക്തരെ അനുഗ്രഹിക്കാൻ കാത്തുനില്ക്കുന്നു എന്നാണ് വിശ്വാസം. അത്താഴപൂജയ്ക്കുശേഷം നെയ്യമൃത് നടയിൽ വെച്ച് മഹാദേവനേയും പാർവ്വതീദേവിയേയും ഭക്തിപുരസ്സരം പ്രാർത്ഥിച്ചാൽ അഭീഷ്ഠസിദ്ധിയുണ്ടാകുമെന്നും ഐശ്വര്യ വർദ്ധനയുണ്ടാകുമെന്നും വിശ്വസിക്കുന്നു. നാലാം പിറന്നാൾ കഴിഞ്ഞാൽ മാത്രമേ കുട്ടികളെ നാലമ്പലത്തിൽ കടത്തുകയുള്ളു അതുവരെ പുറത്തു നിന്നുമാത്രമേ തൊഴാൻ സാധിക്കു.

കർക്കിടക സംക്രമം, ശിവരാത്രി, വിഷു എന്നിവ ആഘോഷമായി കൊണ്ടാടുന്നു. ഇവിടെ ഉത്സവമില്ല. ശിവരാത്രിക്കും, വിഷുവിനും തൃച്ചംബരത്തു നിന്നും ശ്രീകൃഷ്ണനെ എഴുന്നെള്ളിച്ച് കൊണ്ടുവന്നശേഷം കൂടി പൂജ. ഈ സമയം ഭഗവാനെ ശങ്കരനാരായണനായി സങ്കല്പിക്കപ്പെടുന്നു.

കഴുത്തിലേതെന്തിതുടപ്പുറപ്പോ
കരത്തിലേതൊന്നിഹമാൻ കിടാവോ
ഇടത്തുഭാഗം തിരുമേനിപെണ്ണോ?
തളിപ്പറമ്പമ്പിനതമ്പുരാനേ!

വെച്ചുമേഞ്ഞ വലിയശ്രീകോവിലിൽ മുഖ്യദേവനോടൊപ്പം തെക്കോട്ടു തിരിഞ്ഞ് ദക്ഷിണാമൂർത്തിയും പടിഞ്ഞാറ് പാർവ്വതിദേവിയും ലക്ഷ്മീദേവിയും അന്നപൂർണ്ണേശ്വരീദേവീയും വാഴുന്നു. പരശുരാമന് സങ്കല്പം മാത്രം. ഇടത് ഭാഗത്ത് മുരുകനും മറുഭാഗത്ത് ഗണേശനും വിരാജിക്കുന്നു. പുറത്ത് ഉയരം കൂടിയ ബലിക്കല്ലിനും പിന്നിലായി ഋഷഭനും ഇടതു ഭാഗത്തായി യക്ഷിയേയും കാണാം. യക്ഷി കൈയിൽ കണ്ണാടിപിടിച്ചു മുഖം നോക്കുന്ന രൂപത്തിലാണ്. കണ്ണാടിയിൽ കാണന്നത് സ്വന്തം മുഖമായതുകൊണ്ട് ആരെയും ഉപദ്രവിക്കാറില്ല എന്നും വിശ്വസിക്കുന്നു.

ക്ഷേത്ര തിരുമുറ്റത്ത് അഞ്ചു കോൽ ആഴത്തിൽ ജലാശയം ഉണ്ട്. ഇത് ഗംഗാദേവിയായി സങ്കല്പിക്കുന്നു. വേനൽകാലത്ത് ഇരുപതും ഇരുപത്തഞ്ചും കോൽ ആഴമുള്ള ഈ പ്രദേശത്തെ കിണറുകൾ വറ്റിവരളുമ്പോൾ അഞ്ചുകോലാഴമുള്ള ഇവിടെ വെള്ളം വറ്റാറില്ല എന്നതും ഇവിടുത്തെ പ്രത്യേകതയാണ്.

ക്ഷേത്രദർശനത്തിലെ പ്രധാനപ്പെട്ട ഒരു ചടങ്ങാണല്ലോ പ്രദക്ഷിണം വയ്ക്കുക എന്നത്. എന്നാൽ തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തിൽ പ്രദക്ഷിണം വയ്ക്കാൻ പാടില്ല. ശിവരാത്രി ദിവസം മാത്രമേ പ്രദിക്ഷിണം പാടുള്ളു. അന്നുമാത്രം രാത്രി നട അടക്കാറില്ല. ശിവരാത്രി ദിവസം സ്ത്രീകൾക്കും പ്രദക്ഷിണം വച്ചു തൊഴാവുന്നതാണ്. ഈ ക്ഷേത്രത്തിൽ എല്ലാദിവസവും അന്നദാനവും നടക്കാറുണ്ട്. നാലു ഇല്ലക്കാർക്കാണ് ക്ഷേത്രത്തിലെ താന്ത്രികച്ചുമതല. മക്കത്തായ സമ്പ്രദായത്തിൽ ഇന്നും തുടർന്നു പോരുന്നു.

അപസ്മാര രോഗ ശാന്തിക്ക് ഈ ക്ഷേത്ര ദർശനം ഏറെ ഫലപ്രദമാണെന്നും വിശ്വസിക്കപ്പെടുന്നു. തളിപ്പറമ്പു ഗ്രാമക്കാർ ഇഷ്ടകാര്യസിദ്ധിക്കായി മറ്റൊരിടത്ത് പോയി വഴിപാടു നടത്തുന്നത് ദേവനിഷ്ടമല്ലെന്നും അതുകൊണ്ട് പരിഹാരമുണ്ടാവില്ലെന്നും വിശ്വസിക്കപ്പെടുന്നു.

*വെളുത്തവെണ്ണീറണിയുന്നകോലം*
*വെളിച്ചമേകാൺകയിലിങ്ങു വാഞ്ഛ തളിപ്പറമ്പമ്പിനതമ്പുരാനേ*
*കുളിർക്കവേണ്ടാനിഹകൈതൊഴുന്നേൻ.* ●

33-ാം ചരമവാർഷികം
29.1.2016



എഴുത്തുള്ളിൽ ശിവശങ്കരമേനോൻ
'ഹരിശ്രീ'
ആലപ്പാട്ട് ക്രോസ് റോഡ്
രവിപുരം, കൊച്ചി 682016

- സന്തപ്ത കുടുംബാംഗങ്ങൾ



# മനഃസ്സിന്റെ നിറം



ശാന്താ രവീന്ദ്രൻ

കാർമുകിൽ വർണ്ണന്റെ നീലക്കറുപ്പിനും
കാളിന്ദിയാറ്റിനു മേഴഴക്
കാനനവാസനു ശ്യാമവർണ്ണം പ്രിയം
കരിമലയേറ്റം കഠിനമെന്നും

ശ്വേതക്കടലിലെ ശ്യാമപ്പളുങ്കിനാൽ
ശാശ്വതസത്യങ്ങൾ കാൺമു നിത്യം
കർക്കിടകക്കറുപ്പാർന്നൊരു കൂന്തലോ
കണ്ണിനമൃതഘനസങ്കാശം

കാടുകുലുക്കിക്കരിമ്പന പോലെത്തും
കാട്ടിലെക്കൊമ്പൻ കറുകറുപ്പ്
കറുകറുപ്പുള്ള കരിമഷിയേകുന്നു
കൂവലയ മിഴികൾക്കു ചന്തമെന്നും


അനുദിനമന്തിമ സന്ധ്യക്കറുപ്പിലേ
അഴകേറും താരവും പൗർണ്ണമിയും
അതിശയമുജ്ജ്വലമാർത്താണ്ഡ താപത്തെ
അവികലം വെല്ലുന്നു ശ്യാമഛത്രം

തരുനിരക്കൂട്ടത്തിൽ മുൻപനായുള്ളവൻ
കരിവീട്ടിയെന്നു പ്രമാണമെന്നും
കാർമേഘപ്പാളിക്കറുപ്പിലേ ശോഭിക്കു
കണ്ണഞ്ചിപ്പിക്കുന്ന മിന്നൽപോലും

കാഴ്ചക്കു ശ്യാമമോ ശ്വേതമോ നന്നെന്ന്
കാണികളിൽ പല പക്ഷമുണ്ടാം
ചേലെഴും മാനസപ്പൂവിന്നൊരിക്കലും
ചേരില്ലീക്കറുപ്പെന്നു സത്യം

എള്ളിൻ കറുപ്പിന്നുള്ളിലെ വെൺമയെ
ഉള്ളിൽ നിറയ്ക്കുന്ന മാനവരെ
ഇല്ല പരാജയം നിങ്ങൾക്കൊരിക്കലും
വെല്ലാം ചെറുത്തിടാം എന്തിനെയും

# ഭാരതീയന്റെ നാണം മാറാൻ



നന്ദകുമാർ മേനോൻ

### ശാസ്ത്രജ്ഞാനവും ഗവേഷണങ്ങളും

അങ്ങിനെ ഭാരതീയരും ഭാരതീയ സംസ്കാരവും വളരെ പ്രാകൃതവും നിസ്സാരവുമായിരുന്നെങ്കിൽ പിന്നെ എങ്ങിനെ ഗണിതം വാന ശാസ്ത്രം വൈദ്യം മുതലായ മറ്റനേകം ശാസ്ത്രശാഖകളിലേക്കും ഏറ്റവും പ്രാചീനവും ഗഹനവുമായ സംഭാവനകൾ നൽകുവാൻ ഭാരതത്തിനായി? ഈ സത്യങ്ങളെല്ലാം വളരെ പ്രചരിച്ചിട്ടുള്ളവയല്ലെങ്കിലും, വളരെ ശ്രദ്ധയോടെ കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ളവയാണ്. ഈ തിരുത്തലിനുവേണ്ടി മുമ്പു നടന്ന പല ശ്രമങ്ങളും ഹൈന്ദവ വളച്ചൊടിക്കലുകൾ എന്ന് ആക്ഷേപിക്കപ്പെട്ടിട്ടുള്ളതാണെങ്കിലും, ഇന്ന് സത്യാന്വേഷിയായ ഏതൊരു ഭാരതീയനും വിരൽത്തുമ്പത്ത് കിട്ടാവുന്ന പ്രബന്ധങ്ങളിൽ ഈ സത്യങ്ങൾ ലഭ്യമാണ്.

അബ്രഹാം സീഡൻബർഗ് എന്ന ഗണിത ചരിത്രകാരൻ എല്ലാ പ്രാചീന ഗണിതശാസ്ത്രശാഖകൾക്കും പ്രചോദനം എന്നാണ് വേദങ്ങളെപ്പറ്റി പറയുന്നത്. ക്രിസ്ത്യാനികളുടെ കാലഗണന അനുസരിച്ചുള്ള, ക്രി.മു. 4004 ഒക്ടോബർ 23 എന്ന സൃഷ്ടിയുടെ തുടക്ക ദിനത്തിനും അനേകം വർഷങ്ങൾ മുമ്പത്തെ കാര്യങ്ങളെ വേദങ്ങൾ വ്യവഹരിക്കുന്നുണ്ടെന്നതു തന്നെ, ബ്രിട്ടീഷുകാർക്ക് വേദങ്ങളെ ചരിത്ര പുസ്തകമായി അംഗീകരിക്കാൻ വിഷമമാക്കി. വേദങ്ങളിലെ അവിശ്വസനീയമായ വിവരണങ്ങൾ ആദ്യകാല ഇൻഡോളജിസ്റ്റ്സ് നും അവ ചരിത്ര വിവരണങ്ങളാണെന്ന് വിശ്വസിക്കാൻ വിഷമമാക്കിയെങ്കിലും, ബ്രിട്ടീഷ് ക്രിസ്ത്യാനികൾക്കും മാർഗ്ഗം കൂടിയ ഭാരതീയ ക്രിസ്ത്യാനികൾക്കും ഇവ വിശ്വസിക്കാൻ വിഷമമായത് അതിലെ കുൽസിത ബുദ്ധി വ്യക്തമാക്കുന്നു. കാരണം ഇന്ന് ചരിത്രപുസ്തകമാണ് പുരാണമല്ല എന്ന് വിശ്വസിക്കുന്ന ബൈബിളിൽ പോലും ഇതുപോലുള്ള അവശ്വസനീയമായ കാര്യങ്ങൾ വിവരിക്കുന്നുണ്ടെന്നത് തന്നെ.

**അബ്രഹാം സീഡൻബർഗ് എന്ന ഗണിത ചരിത്രകാരൻ എല്ലാ പ്രാചീന ഗണിതശാസ്ത്രശാഖകൾക്കും പ്രചോദനം എന്നാണ് വേദങ്ങളെപ്പറ്റി പറയുന്നത്. ക്രിസ്ത്യാനികളുടെ കാലഗണന അനുസരിച്ചുള്ള, ക്രി.മു. 4004 ഒക്ടോബർ 23 എന്ന സൃഷ്ടിയുടെ തുടക്ക ദിനത്തിനും അനേകം വർഷങ്ങൾ മുമ്പത്തെ കാര്യങ്ങളെ വേദങ്ങൾ വ്യവഹരിക്കുന്നുണ്ടെന്നതു തന്നെ, ബ്രിട്ടീഷുകാർക്ക് വേദങ്ങളെ ചരിത്ര പുസ്തകമായി അംഗീകരിക്കാൻ വിഷമമാക്കി**

യൂറോപ്യൻസ് എഴുതിവെച്ച ആര്യൻ അധിനിവേശ സിദ്ധാന്തം അനുസരിച്ച് സംസ്കൃതം മദ്ധ്യയൂറോപ്പിൽ എവിടെയോ ഉദ്ഭവിച്ച ഒരു ഭാഷയാണ്. മാക്സ് മുള്ളറുടെ അഭിപ്രായമനുസരിച്ച് (പിന്നീട് അദ്ദേഹം തന്നെ അതിനെ ശക്തിയായി തള്ളിപ്പറഞ്ഞിരുന്നു) വേദങ്ങൾക്ക് ക്രി.മു. 1300 വരെയേ പഴക്കമുള്ളൂ. കെന്നെത് കെന്നഡി, ജോൺ ലൂക്കാസ്, ബ്രിയാൻ ഹെമ്പിബിൽ എന്നീ അമേരിക്കൻ ആന്ത്രോപോളജിസ്റ്റിസിന്റെ ഗവേഷണങ്ങൾ ഈ രംഗത്ത് പ്രത്യേക പ്രാധാന്യം അർഹിക്കുന്നവയാണ്. ക്രി. മു 4500 നും 800 നും ഇടയ്ക്ക് എന്തെങ്കിലും ജനസംഖ്യാപരമായ വേർപിരിയൽ (ഡിമോഗ്രാഫിക് ഡിസ്രപ്ഷൻ) ഉണ്ടായതിന്റെ ഒരു ലാഞ്ഛന പോലുമില്ലെന്ന നിശ്ചിതമായ കണ്ടുപിടിത്തത്തിന് മഞ്ഞപ്പിത്തക്കാരായ, വേദവിരോധികൾക്ക്, എങ്കിൽ ചെറുതായ ഒരു ഒഴുക്ക് മാത്രമേ പുറമേ നിന്നും ഉണ്ടായിട്ടുണ്ടാവുകയുള്ളൂ എന്നതായിരുന്നു ഉത്തരം. അവിടെയാണ് ഈ പാരമ്പര്യ വിരോധികൾ, ചെറുതായൊരു ഒഴുക്കിന്, ഭാരതത്തിലെ ഭാഷയെയും സംസ്കാരത്തെയും ഇങ്ങിനെ തകിടം മറിക്കുവാൻ കഴിയുമോ എന്ന ചോദ്യത്തിന് ഉത്ത

രം കിട്ടാതെ മിഴിച്ചത്.

പ്രത്യേക നക്ഷത്രവ്യൂഹങ്ങളെയും മറ്റും പറ്റി വേദങ്ങളിലുള്ള പരാമർശങ്ങൾ, ആധുനിക കമ്പ്യൂട്ടറുകളുടെ സഹായത്തോടെ ശരിയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിൽ നിന്നും വേദങ്ങൾ ക്രിസ്തുവിനും 7000 വർഷങ്ങൾക്കു മുമ്പ് (ഇന്നേക്ക് 9000 വർഷങ്ങൾ) പഴക്കമുള്ളതാണെന്നും തെളിഞ്ഞിട്ടുണ്ട്. പരിസ്ഥിതി ഗവേഷണങ്ങളും, ശിലായുഗകാലാവസ്ഥാഗവേഷണങ്ങളും ഇതിലേക്ക് തന്നെ വിരൽ ചൂണ്ടുന്നു. (Saroj Bala and Kulbhushan Mishra, Historicity of Vedic and Ramayan Eras (New Delhi: Vision India Public-ations, 2012, ISBN No: 9789381391020) നോക്കുക).

സമുദ്രശാസ്ത്രപഠനത്തിന്റെ ഭാഗമായി ഫൊറമിനിഫെറ എന്ന മൈക്രൊ ഫോസ്സിലുകളിൽ നടത്തിയ പഠന ഫലമായി ദ്വാരക, ധൊലവീര, ലൊതൽ, ഗൾഫ് ഒഫ് ഖംഫറ്റ് മുതലായ നഗരങ്ങൾ നിലനിന്നിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. (മുൻ പറഞ്ഞ റഫറൻസ് നോക്കുക). ആർകിയോളജിയുടെ ഭാഗമായ കാർബൺ ഡേറ്റിങ്ങിലൂടെ 2500 ലധികം സൈറ്റുകളിൽ കണ്ടെത്തിയ യാഥാർത്ഥ്യങ്ങളാണ് ഭാരതത്തിൽ വികസിതമായ സംസ്കാരങ്ങൾക്ക് 9000 ത്തോളം വർഷം പഴക്കമുണ്ടെന്നത്. അതുതന്നെ നൂതനമായ ഡേറ്റിംഗ് മാർഗ്ഗങ്ങളായ Thermo Luminescence, Op-tically Stimulated Luminescence, and Accelerator Mass Sp-ectrometry മുതലായവയിലൂടെ സ്ഥിരീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. മെഹർഗാർ എന്ന ആർക്കിയോളജിക്കൽ സൈറ്റിൽ നടന്ന ഗവേഷണങ്ങൾ, ക്രി.മു. 7000 മുതൽ 2000 വരെ അഞ്ചിലധികം സാംസ്കാരിക തുടർച്ചകൾക്ക് തെളിവു കിട്ടിയിട്ടുണ്ട്. പാലിയൊ ബൊടാണിക്കൽ (ചെടികളുടെ അവശിഷ്ടങ്ങൾ പരിശോധിച്ച് കാലപ്പഴക്കം തീരുമാനിക്കുന്ന ശാസ്ത്രം), ആർക്കിയൊ ബൊടാണിക്കൽ എന്നീ ശാസ്ത്രശാഖകൾ ഉപയോഗിച്ച്, വേദങ്ങളിൽ വിവരിക്കുന്ന പല ഔഷധ സസ്യങ്ങളും ക്രി.മു. 8000 വർഷങ്ങളോളം പഴക്കമുള്ളവയാണെന്നു തെളിഞ്ഞിട്ടുണ്ട്. ഭാഷാശാസ്ത്രപഠനങ്ങൾ, (വില്ല്യംസ്) ഭാരതത്തിലെ എല്ലാ ഭാഷകളും, (ദ്രാവിഡ ഭാഷകളടക്കം) ഒരേ മാതൃപാരമ്പര്യത്തിലുള്ളവയാണെന്ന് തെളിഞ്ഞതോടെ ആര്യൻ അധിനിവേശവും തകർന്ന് തരിപ്പണമായി. ജെനോം പഠനങ്ങളിൽ നിന്നും വ്യക്തമായിട്ടുള്ളത്, ശിലായുഗം മുതൽ (ക്രി.മു 60,000 വർഷം) തുടങ്ങുന്ന ഒരു ജീൻ പരമ്പര ഭാരതത്തിലുണ്ടായിരുന്നു എന്നും, ഇനി ഒരു സാംസ്കാരിക അധിനിവേശമുണ്ടായിട്ടുണ്ടെങ്കിൽ പോലും അത്, കുറേശ്ശ ഭാരതത്തിൽ നിന്നും പുറത്തേക്ക് മാത്രമായിരിക്കാമെന്നുമാണ്. മറ്റൊന്ന് ഭാരതത്തിൽ വേദകാലഘട്ടത്തിലുണ്ടായിരുന്നതും , ഇന്ന് പാശ്ചാത്യർ പോലും അംഗീകരിക്കുന്നതുമായ ജ്യോതി ശാസ്ത്രമാണ് (ജ്യോതിഷമല്ല). മേട വിഷുവിന്റെയും, തുലാ വിഷുവിന്റയും ക്രമം കണ്ട് വിത്തു വിതക്കുവാനും കൊയ്യുവാനും തയ്യാറായ അന്നത്തെ ഭാരതീയരുടെ കണക്കു തന്നെയാണ് ഇന്നത്തെ ജ്യോതി ശാസ്ത്രജ്ഞരും അംഗീകരിക്കുന്നത്. ആധുനിക കമ്പ്യൂട്ടർവൽകൃത ജ്യോതിശാസ്ത്ര പഠന മാർഗ്ഗങ്ങൾ, വേദങ്ങളിൽ പറഞ്ഞിട്ടുള്ള അമ്പതോളം ഗ്രഹനിലകളുടെ സമയം കണ്ട് ശരിവച്ചിട്ടുണ്ട്. ഋഗ്വേദം 5-77-1, 2 മേടത്തിൽ ആരംഭിക്കുന്ന ഒരു വർഷത്തെപ്പറ്റി പരാമർശമുണ്ട്. 53 സ്ഥലങ്ങളിൽ ഋഗ്വേദം അശ്വിനിയുടെ ഉദയത്തെ പ്രകീർത്തിക്കുന്നുണ്ട്. ക്രി.മു 6000 ത്തിൽ സരസ്വതിയടക്കം ഏഴു നദികൾ ശക്തമായി പ്രവഹിച്ചിരുന്നതായും ക്രി. മു 2000 ത്തോടെ ടെക്ടോണിക് ഷിഷ്ട് മൂലം (ഭൂമിയുടെ അടിയിലുള്ള നീക്കം) ചിലവ വരണ്ട് പോയതായും ഉപഗ്രഹ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഇത് സെഡിമെന്റോളജി, ഹൈഡ്രോളജി, ഖനന വിവരം ഇവ മൂലം തീർച്ചപ്പെടുത്തിയിട്ടുള്ളതുമാണ്. ഉദ്ദേശം ക്രി.മു. 1900 ത്തിൽ വരണ്ടുപോയ സരസ്വതി നദി ഹിമാലയത്തിൽ നിന്നുത്ഭവിച്ച് റാൺ ഓഫ് കച്ചിൽ ചെന്നു ചേർന്നിരുന്നതായി ആർക്കിയോളജിസ്റ്റ്സും പാലിയോ ഹൈഡ്രോളജിസ്റ്റ്സും കണ്ടെത്തിയിട്ടുണ്ട്.

> ഇങ്ങനെ ഏതൊക്കെ വിധത്തിൽ നോക്കിയാലും, ഭാരതം മുഴുവനും 10,000 വർഷങ്ങളോളം മുമ്പുതന്നെ അധിനിവേശത്തിനുവേണ്ടി കൃത്യമമായി സൃഷ്ടിച്ച ആര്യ ദ്രാവിഡ വ്യത്യാസമോ, ആര്യൻ അധിനിവേശമോ ഇല്ലാതെ, ഈ ഭൂമിയിൽത്തന്നെ 50000 വർഷങ്ങളോളം മുമ്പു മുതൽ തുടർന്നിരുന്ന സംസ്കാരമാണ് നിലനിന്നിരുന്നത്.

ഇങ്ങനെ ഏതൊക്കെ വിധത്തിൽ നോക്കിയാലും, ഭാരതം മുഴുവനും 10,000 വർഷങ്ങളോളം മുമ്പുതന്നെ അധിനിവേശത്തിനുവേണ്ടി കൃത്യമമായി സൃഷ്ടിച്ച ആര്യ ദ്രാവിഡ വ്യത്യാസമോ, ആര്യൻ അധിനിവേശമോ ഇല്ലാതെ, ഈ ഭൂമിയിൽത്തന്നെ 50000 വർഷങ്ങളോളം മുമ്പു മുതൽ തുടർന്നിരുന്ന സംസ്കാരമാണ് നിലനിന്നിരുന്നത്.

ചിലർ ചോദിക്കാറുണ്ട് ആൾക്കുരങ്ങ് പരിണമിച്ച് മനുഷ്യരൂപമെടുത്തിട്ട് ഇത്രയും വർഷങ്ങളായില്ലല്ലോ എന്ന്. മുകളിൽ ടെതിസ് സമുദ്രം അപ്രത്യക്ഷമായ കഥ ഞാൻ വിവരച്ചിട്ടുണ്ട്. അത്രയുമല്ല, ഇന്ന് ഒരു ഭയങ്കര ഭൂപ്രതല വിന്യാസ

വിപ്ലവവും, അഗ്നിപർവ്വത സ്പോടനങ്ങളും, സമുദ്രാ ഘാതവും കൊണ്ട് ഇന്നത്തെ സംസ്കാരം അപ്പാടെ അപ്രത്യക്ഷമാവുകയാണെന്നുവക്കുക. പിന്നീട് വീണ്ടും സമുദ്രത്തിൽ ബാക്ടീരിയകളും, മത്സ്യങ്ങളും, ആമകളും ആയി ആവിർഭവിച്ച്, ഇന്നത്തെ ശാസ്ത്രം പറയുന്നതുപോലെ പരിണമിച്ച് ഇന്നത്തെ അവസ്ഥയിൽ എത്തിയാൽ, അവർക്കറിയാൻ കഴിയുമോ ഇത്രയും വർഷങ്ങൾക്കു മുമ്പ് ആണവ ശക്തിയാർജ്ജിച്ചിരുന്നൊരു സംസ്കാരം ഉണ്ടായിരുന്നെന്ന്? ഈ ലേഖനത്തിന്റെ തുടക്കത്തിൽ പറഞ്ഞതു പോലെ, 5000 വർഷങ്ങൾക്കു മുമ്പുതന്നെ നീളവും തൂക്കവും കൃത്യമായി ഗണിച്ചിരുന്നവരാണ് ഹാരപ്പ നിവാസികൾ. ഇൻഡക്സ് സ്കേൽ എന്നറിയപ്പെട്ടിരുന്ന ഒരു നീളത്തിന്റെ മൂല്യം അന്നുണ്ടായിരുന്നു. ഇഷ്ടിക ഉപയോഗിച്ച് കെട്ടിടങ്ങളും നിർമ്മിച്ചിരുന്ന ഇവരുടെ ഇഷ്ടികകൾ എല്ലാം ഒരേ നീളം:വീതി:കനം അനുപാതത്തിലായിരുന്നു. 4:2:1 എന്നതായിരുന്നു അവരുടെ ഇഷ്ടികകളുടെ അളവ്. ഒരൊറ്റ ഇഷ്ടിക വ്യത്യാസമില്ലാതെ ഹാരപ്പയിലെ എല്ലാ ഇഷ്ടികകളും ഈ അളവിലായിരുന്നു എന്നതും, ഇന്നു ഇഷ്ടിക കെട്ടുറപ്പോടെ നിൽക്കുന്നതിന് ഇതേ അനുപാതം തന്നെയാണ് അവലംബിക്കുന്നത് എന്നതും ഭാരതീയരുടെ വേദകാല ഗണിത ജ്ഞാനത്തിലേക്കു മാത്രമല്ല, സിവിൽ എഞ്ചിനീയറിങ് പ്രാവീണ്യത്തിലേക്കും വിരൽ ചൂണ്ടുന്നു. ഭാരതീയ സംഖ്യാഗണിതം കമ്പോഡിയയിലേക്കും ജാവയിലക്കും പണ്ടേ തന്നെ വ്യാപിച്ചിരുന്നു എന്നത്, കർണ്ണാടകയിലെയും, കംബോഡിയയിലേയും സഹസ്രലിംഗങ്ങളുമായി കൂട്ടിവായിച്ചാൽ നാം അമ്പരക്കും! 66.2 മി.മീ. നീളമുള്ള ഷെല്ലുകൾ തുല്യദൂരത്തിൽ ഒമ്പതു ഖണ്ഡങ്ങളായി അടയാളപ്പെടുത്തിയ സ്കെയിലുകൾ മൊഹഞ്ചദാരോവിലും ഹാരപ്പയിലും കണ്ടെത്തിയിട്ടുണ്ട്.

അഗ്നിചയം നടത്തുന്നതിനുള്ള യാഗശാലകൾ നിർമ്മിക്കുന്നതിനുള്ള ക്ഷേത്രഗണിതം(ജ്യോമട്രി)3000 വർഷം പഴക്കമുള്ള ശതപഥ ബ്രാഹ്മണങ്ങളിൽ ലഭ്യമാണ്.

ലേഖനത്തിന്റെ ദൈർഘ്യം ചുരുക്കുന്നതിനായി നമ്മുടെ തനതു ശാസ്ത്രജ്ഞാനത്തിന്റെ അടുത്തകാലത്തുള്ള ചില താരതമ്യങ്ങൾ കാണിച്ച് അവസാനിപ്പിക്കാം (ചിത്രം 1 ൽ കൊടുത്തിരിക്കുന്നു.)

### വിദ്യാഭ്യാസം

ഭാരതത്തിലെ ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ അവസ്ഥ എന്റെ വായനക്കാർക്കെല്ലാം സാമാന്യ അറിവു ള്ളതുകൊണ്ട്, അതു വിവരിക്കാതെ പ്രാചീന ഭാരതത്തിലെ അവസ്ഥ എന്തായിരുന്നു എന്നു നോക്കാം. അന്നത്തെ രീതിയുടെ ചില പ്രത്യേകതകൾ താഴെ കൊടുക്കുന്നു.

1) പാഠ്യവിഷയങ്ങൾ, ദക്ഷിണ, പഠനത്തിന്റെ കാലയളവ് എന്നിങ്ങിനെ ഒന്നിലും ഭരണകൂടം ഇടപെട്ടിരുന്നില്ല.
2) പൂർണ്ണമായും കൂടെ താമസിച്ചുള്ള പഠനരീതിയായിരുന്നു അന്ന്. ഗുരുഗൃഹത്തിൽ താമസിച്ച്, അദ്ദേഹംപറഞ്ഞു കൊടുക്കുന്നവ പഠിക്കുന്നതു കൂടാതെ, വിവിധ സന്ദർഭങ്ങളോട് അദ്ദേഹം എങ്ങനെ പ്രതികരിച്ചിരുന്നു എന്ന് കണ്ട് പഠിക്കുന്നതു കൂടി ശിഷ്യന്റെ ചുമതലയായിരുന്നു.
3) ഗുരുശിഷ്യബന്ധം വിശിഷ്ടമായിരുന്നു. ഓരോ ശിഷ്യനും ഗുരുവിനെ പ്രത്യേകം കണ്ട് ഗുരു തീരുമാനിക്കുന്ന വിഷയങ്ങൾ പഠിച്ചിരുന്നു.
4) ശിഷ്യന്റെ ഭക്ഷണം, വസ്ത്രം മുതലായ പ്രാഥമികാവശ്യങ്ങൾ നടത്തുന്നതുമാത്രമല്ല, വിദ്യാഭ്യാസവും സൗജന്യമായിരുന്നു.
5) ഗുരുവിന്റെ ഗൃഹത്തിലെ ദൈനംദിന കാര്യങ്ങളിൽ ഗുരുവിനെയും ഗുരുപത്നിയെയും സഹായിക്കുന്നതു ശിഷ്യന്റെ ചുമതലയായിരുന്നു.
6) ആധുനിക സെമിനാറിനു സമമായ സംഘം ചേർന്നുള്ള ചർച്ചകൾ പഠനത്തിന്റെ പ്രധാനമായൊരു ഉപാധിയായിരുന്നു.

ഉദ്ദേശം അഞ്ചാം വയസ്സിൽ ഉപനയനം കഴിച്ചാണ് അന്ന് ഒരു ബ്രഹ്മചാരി, ഗുരുഗൃഹത്തിലേക്ക് ഗമിച്ചിരുന്നത്. അന്നത്തെ സ്ത്രീകളും വളരെ ഉന്നത വിദ്യാഭ്യാസം കൈവരിച്ചിരുന്നു. ഘോഷ, അപല, ലോപാമുദ്ര, ഇന്ദ്രാണി, മൈത്രേയി, ഗാർഗ്ഗി എന്നിങ്ങനെ അനേകം വിദുഷികളെ വേദങ്ങൾ ഉദ്ഘോഷിക്കുന്നു.

വേദം, വേദാംഗം (ശിക്ഷ, വ്യാകരണം, നിരുക്തം, ഛന്ദസ്, ജ്യോതിഷം, കല്പം), ഉപനിഷദ്, ദർശനങ്ങൾ (ന്യായം, വൈശേഷികം, സാംഖ്യം, യോഗം, മീമാംസ, വേദാന്തം), പുരാണങ്ങൾ, ഉപപുരാണങ്ങൾ തുടങ്ങിയവയായിരുന്നു പാഠ്യവിഷയങ്ങൾ. ഇവക്കു പുറമേ ധർമ്മശാസ്ത്രം, ശില്പ ശാസ്ത്രം, വാസ്തുവിദ്യ, ഗണിതം, ധനുർവിദ്യ മുതലായവയും അഭ്യസിപ്പിച്ചിരുന്നു

ഹൃദിസ്ഥമാക്കൽ, തർക്കം, ശ്രവണമനനനിധിദ്ധ്യാസങ്ങൾ കഥാകഥനം, കൈവേല, ചർച്ചകൾ എന്നിങ്ങിനെ വിവിധ പഠന മാർഗ്ഗങ്ങളും അവലംബിച്ചിരുന്നു.

ആചാര്യൻ, ഉപാദ്ധ്യായൻ, ഗുരു, യൗജനസതിക, ശിക്ഷക ഇങ്ങനെ ചുമതലകൾ അനുസരിച്ച്, ഗുരുക്കന്മാർ പല തലത്തിലായിരുന്നു. ഗുരുകുലം, പരിഷത്, സംഘം, ഗോഷ്ഠി, ആശ്രമം, വിദ്യാപീഠം, അഗ്രഹാര, മഠം, ബ്രഹ്മപുരി, വിഹാരം എന്നിങ്ങനെയായിരുന്നു, പഠനസ്ഥലങ്ങൾ. അന്നത്തെ പ്രസിദ്ധങ്ങളായ സ്ഥാപനങ്ങൾ തക്ഷശില, നളന്ദ, വലഭി, വിക്രമശീല, ഉജ്ജയിനി, ബ

ചിത്രം 1

| വിഷയം | ആദ്യമായി ഉപയോഗിച്ചത് | ആവർത്തിക്കുകയോ ഉപയോഗിക്കുയോ ചെയ്തവർ |
|---|---|---|
| വൃത്തത്തിന്റെ കോർഡ് ഗണിക്കുന്നതിനുള്ള വഴി | ടോളമി എ.ഡി. 150 | ഇസ്ലാമിക ഗണിത വിദഗ്ധൻ |
| 24 സൈൻ വിലകൾ നിർണ്ണയിക്കുന്നതിനുള്ള വഴി | ആര്യഭട്ട എ.ഡി.499 | റെജ്യോമൊണ്ടാനസ് 1533 |
| റേഡിയൻ അളവ് | ആര്യഭട്ട എ.ഡി.499 (ഹിപ്പാർക്കസ് 150 ബി.സി?) | യൂറോപ്യൻ ഗണിതവിദഗ്ധർ എ.ഡി. 19 -ാം നൂറ്റാണ്ട് |
| സ്ക്വയർ ക്യൂബ് റൂട്ടുകളുടെ നിർണയം | ആര്യഭട്ട എ.ഡി. 499 | ഇസ്ലാമിക ഗണിത വിദഗ്ധർ 10 ാം നൂറ്റാണ്ട് |
| ആൾജിബ്രായിലെ ഫൈനൈറ്റ് സീരിസടക്കമുള്ളവയുടെ സമ്മേഷൻ മാർഗ്ഗങ്ങൾ | ആര്യഭട്ട എ.ഡി.499 (ആർക്കിമെഡിസും ഡയോഫാന്റസും) | ഇറ്റാലിയൻ ഗണിതശാസ്ത്രത്തിലെ ബൊംബെല്ലി 16 ാം നൂറ്റണ്ട് |
| പൂജ്യം അക്കമെന്ന നിലയിലും സ്ഥാനമൂല്യത്തിലും നമ്പർ സിസ്റ്റത്തിൽ | ഭാരതീയർ എ.ഡി. 6-ാം നൂറ്റാണ്ട് | അൽ ഖാവിരിസ്മി 9 ാം നൂറ്റാണ്ട് |
| ഭിന്ന (അംശ)സംഖ്യകളുടെ പൊതുഗണിതം | ഭാസ്കര 1 എ.ഡി.600 | ഇസ്ലാമിക ഗണിത വിദഗ്ധർ 9 ാം നൂറ്റാണ്ട് |
| ചതുരങ്ങളുടെ വ്യത്യാസങ്ങൾ ഉൾക്കൊള്ളുന്ന പ്രൈം ഫാക്ടറൈസിങ് രീത് | നാരായണ എ.ഡി 1356 | ഫെർമാറ്റ് 17 ാം നൂറ്റാണ്ട് |
| പൂജ്യം ഉൾക്കൊള്ളുന്ന ഗണിതം | ബ്രഹ്മഗുപ്ത എ.ഡി. 7 ാം നൂറ്റാണ്ട് | അറബി ഗണിതം 9 ാം നൂറ്റാണ്ട് യൂറോപ്യൻ ഗണിതം 13 ാം നൂറ്റാണ്ട് |
| സൈനിന്റെയും കൊസൈനിന്റെയും ഡെറിവേറ്റീവ്സ ഉൾക്കൊള്ളുന്ന കാൽക്കുലസ് ഗണിതം | ഭാസ്കര 2 എ.ഡി. 12 ാം നൂറ്റണ്ട് | റിനൈസൻസ് ഗണിതം 17 ഉം 18 ഉം നൂറ്റാണ്ടുകൾ |
| കണ്ടിന്യൂട് ഫ്രാക്ഷൻ ഫോർമുല | ഭാസ്കര 2 എ.ഡി 12 ാം നൂറ്റാണ്ട് | ജോൺ വല്ലിസ് 1655 |

(Source of the above table: " The Crest of the Peacock - non European roots of mathematics" by George Joseph Princeton University Press ISBN 978-0-691-13526-7)

നാറസ്, സലോത്ഗി, എന്നിവയായിരുന്നു. അമിർ ഖുസരു (ക്രി.വ. 1252-1325) ഇങ്ങനെ പറയുന്നു. ലോകത്തിന്റെ നാനഭാഗങ്ങളിൽ നിന്നും ഭാരതത്തിലേക്ക് പഠനത്തിനായി അനേകർ വന്നിരുന്നെങ്കിലും, പുറത്തുപോയി പഠിക്കേണ്ട അവസ്ഥ ഭാരതീയർക്കുണ്ടായിരുന്നില്ല . അൽ മൻസുർ, ഹാരുൺ അൽ റഷിദ് എന്നീ ഖലീഫമാർ, ഭാരതീയ പണ്ഡിതന്മാരെ ഉദ്യോഗത്തിന് തിരഞ്ഞെടുത്തു കൊണ്ടുപോകാൻ എംബസികളെ നിയോഗിച്ചിരുന്നു. ബ്രഹ്മഗുപ്തന്റെ ബ്രഹ്മ സിദ്ധാന്തം, ചരകൻ, ശുശ്രുതൻ, വാഗ്ഭടൻ, മുതല്പേരുടെ വൈദ്യഗ്രന്ഥങ്ങൾ എന്നിവ അറബിയിലേക്ക് തർജ്ജമ ചെയ്തിരുന്നു.

1197 ൽ നളന്ദ തീയിട്ടെരിച്ച് മുസ്ലീം അധിനിവേശകരാണ് ഭാരതത്തിന്റെ വിദ്യാഭ്യാസ വ്യവസ്ഥ തകർത്തത്. തുടർന്ന് ബ്രിട്ടീഷുകാരുടെ ആസൂത്രിതമായ പരിപാടികളിലൂടെ, ഭാരതീയ വിദ്യാഭ്യാസ സമ്പ്രദായം അപ്പാടെ തകർത്തു തരിപ്പണമാക്കി. ഇതിൽ ഏറ്റവും വലിയ പങ്കുവഹിച്ചത് മെക്കാളെ എന്നറിയപ്പെടുന്ന ഒരു ബ്രിട്ടീഷുകാരനാണ്. ഇയാളുടെ പ്രസിദ്ധമായൊരു പ്രബന്ധമാണ് മിനുറ്റ് ഓഫ് മെക്കാളെ എന്നറിയപ്പെടുന്നത്. അതിലെ ഒരു ഭാഗത്തിങ്ങനെ പറയുന്നു. നമുക്കിപ്പോൾ അത്യാവശ്യമായി ചെയ്യേണ്ടു

ന്ന കാര്യം നമുക്കും ഇവിടത്തെ നാട്ടുകാർക്കും നടുവിൽ തർജ്ജമക്കാരായി ഒരു വിഭാഗത്തിനെ സൃഷ്ടിക്കുക എന്നതാണ്. നിറത്തിലും രക്തത്തിലും ഇന്ത്യക്കാരും എന്നാൽ താല്പര്യങ്ങൾ, അഭിപ്രായങ്ങൾ, സദാചാരം, ബുദ്ധി ഇവയിൽ ഇംഗ്ലീഷുകാരുമായ ഒരു വിഭാഗം. ഈ രാജ്യത്തെ ഭാഷ, ഇംഗ്ലീഷ് ശാസ്ത്രിയ പദങ്ങൾ കൂട്ടിച്ചേർത്ത് പരിഷ്കരിക്കുന്ന കാര്യം അവർക്കു വിടണം. മറ്റൊന്ന്: ...ഇന്ത്യയിലേയും അറേബ്യയിലേയും സകല സാഹിത്യങ്ങളും കൂട്ടിച്ചേർത്താലും ഒരു ബുക്ക് ഷെൽഫിൽ അടുക്കി വച്ച ഇംഗ്ലീഷ് സാഹിത്യ ത്തിനു കിട നിൽക്കില്ല... ആരംഭത്തിൽ പറഞ്ഞപോലെ, നമ്മുടെ സംസ്കാരം പാശ്ചാത്യ സംസ്കാരത്തെക്കാൾ വളരെ താഴെയാണെന്ന് വരുത്തിത്തീർക്കാൻ കച്ചകെട്ടിയിറങ്ങിയ ചിലർ ഇതും കളവാണെന്ന് ഫേസ് ബുക്ക്, ഗൂഗ്ൾ മുതലായവ വഴി ഇന്നും പ്രചരിപ്പിക്കുന്നുണ്ട്.

ഈ ലേഖകൻ കൊളംബിയ സർവ്വകലാശാല, മിസ്സൗറി സതേൺ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിലെ രേഖകൾ ഗൂഗ്ൾ വഴി പരിശോധിച്ച് ഇത് ശരിവച്ചിട്ടുണ്ട്, ഇവരുടെ പ്രചരണം തെറ്റാണെന്നും ഈ രേഖ ശരിയാണെന്നും ഉറപ്പുവരുത്തിയിട്ടുണ്ട്.

അങ്ങിനെ അവർ ഇവിടത്തെ പ്രധാന കലാശാലകളെല്ലാം തകർക്കുകയും, ഗുരുക്കന്മാരെ വധിക്കുകയും, ബാക്കിയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ധനസഹായംവേണമെങ്കിൽ പ്രധാനമായി ഇംഗ്ലീഷ് പഠിപ്പിക്കണം എന്ന നിയമം നടപ്പിലാക്കുകയും ചെയ്തു.

ആകപ്പാടെയുള്ള പരിണതഫലം ഏറ്റവും പരിതാപകരമായി. സംസ്കൃതം, ധർമ്മശാസ്ത്രാദികൾ, വേദപുരാണങ്ങൾ, തനത് ഗണിതം, ജ്യോതിശാസ്ത്രം, സ്ഥാപത്യം (സിവിൽ എജിനീയറിംഗ്), ആയുർവ്വേദം എന്നിവക്കു പകരം പൊള്ളയായ ഇംഗ്ലീഷ് ഭാഷ, ആജീവനാന്തം നിഷ്പ്രയോജനമായ ഫിസിക്സ്, കെമിസ്ട്രി, ബയോളജി, അലോപ്പതി, എന്നിവയായി നമ്മുടെ വിഷയങ്ങൾ. ഓരോ വിദ്യാർത്ഥിയുടെയും കഴിവും, ആവശ്യവും അനുസരിച്ച്, സമയബന്ധിതമല്ലാതെ പഠനം കഴിയുന്നതുവരെ സൗജന്യമായി ഗുരുക്കന്മാർ കൊടുത്തിരുന്ന വിദ്യാഭ്യാസസമ്പ്രദായത്തിനു പകരം അഞ്ചു വയസ്സു മുതൽ പതിനഞ്ചു വയസ്സു വരെ ഓരോരുത്തരുടെയും കഴിവും ആവശ്യവും പരിഗണിക്കാതെ സമയബന്ധിതമായി പഠിപ്പിക്കൽ തൊഴിലാളികൾ (അദ്ധ്യാപകരല്ല) കൊടുക്കുന്ന അസംബന്ധമായിത്തീർന്നു. വിദ്യാഭ്യാസം പതിനഞ്ചു വയസ്സു കഴിഞ്ഞുള്ള അസംബന്ധത്തിനാകട്ടെ ലക്ഷക്കണക്കിനു പണവും ചിലവിടണം .

ഒരു തൊഴിൽ സമ്പദിക്കാൻ ഒരാൾക്ക് ഇന്ന് 3 വയസ്സു മുതൽ 18 വയസ്സുവരെ പഠിക്കുന്നതിൽ, ഒരു 10 ശതമാനത്തിന്റെ മാത്രമേ ആവശ്യമുള്ളൂ. ബാക്കി സ്കിൽ ഡവലപ്മെന്റിന്റെ ഭാഗമായി അതത് വ്യവസായ മേഖലയോ, സർക്കാർ സംവിധാനങ്ങളോ ആണിന്ന് നിർവഹിക്കുന്നത്. അപ്പോൾ തലമുറകളെ തുടർച്ചയുടെ യൗവ്വനം അസംബന്ധത്തിൽ നശിപ്പിക്കുന്നതിനു പകരം ഭാരതീയ സംസ്കാരത്തിലേക്കും വിദ്യാഭ്യാസ രീതിയിലേക്കും തിരിച്ചു പോകാൻ ഇനിയും വൈകിക്കൂടാ. ●

**അവർ ഇവിടത്തെ പ്രധാന കലാശാലകളെല്ലാം തകർക്കുകയും, ഗുരുക്കന്മാരെ വധിക്കുകയും, ബാക്കിയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ധനസഹായംവേണമെങ്കിൽ പ്രധാനമായി ഇംഗ്ലീഷ് പഠിപ്പിക്കണം എന്ന നിയമം നടപ്പിലാക്കുകയും ചെയ്തു.**


## 10-ാം ചരമവാർഷികം

***22.1.2016***



## രവീന്ദ്രൻ വി. പി.

**ആനന്ദ്, താന്നിക്കൽ**
**കീർത്തി നഗർ റോഡ്**
**എളമക്കര**

*- സന്തപ്ത കുടുംബാംഗങ്ങൾ*

# എറണാകുളം കരയോഗത്തിന്റെ


# 90

## വർഷത്തെ കഥകൾ

**നഗരത്തിന്റെ കഥ    സ്ഥാപനങ്ങളുടെ ചരിത്രം**

**രാഷ്ട്രീയ ചരിത്രം    സാമൂഹിക ചിത്രം**

അറിയാനും സൂക്ഷിച്ചു വയ്ക്കാനും തലമുറകളിലേയ്ക്ക് പകരാനും .....




# നവതിക

## കരയോഗത്തിന്റെ സ്മരണിക

സ്വന്തമാക്കുവാൻ അവസരം

എറണാകുളം കരയോഗം ഓഫീസുമായി ഫെബ്രുവരി ഒന്നു മുതൽ ബന്ധപ്പെടുക

*നിബന്ധനകൾക്ക് വിധേയം



# സിറോസിസ്



ഡോ. പാർവ്വതി. കെ. എസ്

## (CIRRHOSIS)

കരളിനെ മൊത്തത്തിൽ ബാധിക്കുകയും കരൾ കോശങ്ങൾ രൂപാന്തരം പ്രാപിച്ച് നാരുപോലെയാകുകയും തുടർന്ന് കരളിൽ മുഴകളും കുരുക്കളും പ്രത്യക്ഷപ്പെടുകയും ചെയ്യുന്ന അവസ്ഥയെയാണ് സിറോസിസ് എന്നു പറയുന്നത്.

ഇതിനെതുടർന്ന് കരൾകോശങ്ങൾ നശിക്കുന്നു. കരളിൽ തഴമ്പുകളും നവജാത മുഴകളും കരളിന്റെ ഘടനയിൽ തന്നെ മാറ്റവും, കരൾനാശത്തിന്റെ ഫലമായുണ്ടാകുന്നു. എന്നാൽ കരളിന്റെ നാശത്തിന്റെ എല്ലാ രോഗ ലക്ഷണങ്ങളും രോഗിയെ പരിശോധിക്കുന്ന സമയത്തു കണ്ടുപിടിക്കാൻ സാധിച്ചെന്നു വരില്ല.

കരളിന്റെ പുറത്തുള്ള മുഴകളേയും കുരുക്കളേയും ആസ്പദമാക്കി സിറോസിസിനെ മൂന്നായി തരം തിരിക്കാം.

1. മൈക്രോനോഡുലാർ (Micronodular)

ഇതിൽ ഒരോ മുഴയും മൂന്നു മില്ലിമീറ്ററിനേക്കാൾ ചെറുതായിരിക്കും മദ്യപാനത്തിന്റെ ഫലമാണ് ഇത്തരം മുഴകൾ.

2. മാക്രോനോഡുലാർ (Macronodular)

ഇതിൽ മുഴകൾ വലിപ്പമുണ്ടാകും .ഒരു 1 സെന്റി മീറ്ററിലധികം. ഇത് വൈറസ് ബി, വൈറസ് നോൺ എ, നോൺ ബി മുഖേനയും ഉണ്ടാകുന്നു. വൈറൽ ഹെപ്പറ്റൈറ്റിസ് (Vira-l Hepatitis) ന്റെ അനന്തര ഫലമായിട്ടാണ് ഇത് ഉണ്ടാകാറുള്ളത്.

3. സമ്മിശ്രം

ഇതിൽ ചെറുതും വലുതുമായ മുഴകൾ കാണപ്പെടുന്നു.

കാരണങ്ങൾ (Causes)

1. വൈറൽ ഹെപ്റ്റൈറ്റിസ് (Viral Hepatitis)

വൈറസ് ബിയുടേയും വൈറസ് നോൺഎ, നോൺ ബിയുടേയും ഹെപ്പറ്റൈറ്റിസിനെതുടർന്നാണ് ഇവ ഉണ്ടാകുന്നത്.

2. മദ്യം

3. ബിലിയറി സിറോസിസ് (Biliary Cirrhosis)

കരളിനകത്തെ പിത്തവാഹിനികൾക്ക് വീക്കവും ചുരുക്കവും ഉണ്ടാകുന്നു. പ്രാഥമിക ബിലിയറി സിറോസിസ് ആയിട്ടോ പൊതു പിത്തവാഹിനിയിലോ അതിന്റെ വലിയ ശാഖകളിലോ തടസ്സം സംഭവിക്കുന്നതു കൊണ്ടോ ഇതുണ്ടാകാം.

4. മെറ്റബോളിക് രോഗങ്ങൾ

a) വിൽസൺ ഡിസീസ് (Wilsons Disease)

b) ഹീമോക്രോമറ്റോസിസ് (Haemo-chromatosis)

5. ശൈശവ സിറോസിസ്

6. മറ്റു കാരണങ്ങൾ (Other Causes) മരുന്നുകൾ

7. അജ്ഞാത കാരണങ്ങൾ

മുകളിൽ പറഞ്ഞ ഒരു കാരണവും കൊണ്ടാണെന്നും തെളിയക്കപ്പെടാൻ സാധിക്കാത്ത ഈ വിഭാഗം 50% വരെയുണ്ട്.

**ഹെപ്പറ്റൈറ്റിസിനെതുടർന്നുള്ള സിറോസിസ്**

മൊത്തം രോഗികളിൽ ഏകദേശം 25% രോഗികൾ ഈ വിഭാഗത്തിൽ പെടുന്നു. പലരിലും മഞ്ഞപ്പിത്തം വന്നതിന്റെ പൂർവ്വചരിത്രം (History) ലഭിച്ചേക്കാം.

കരളിന്റെ വലിപ്പം കുറഞ്ഞിരിക്കുകയും സെല്ലു കൾക്ക് ഘടന തീരെ നഷ്ടപ്പെട്ടിരിക്കുകയും തഴമ്പുകളാൽ വേർതിരിക്കപ്പെട്ട രീതിയിൽ മുഴകൾ കാണുകയും ചെയ്യാം.

കരൾ വലിപ്പം വയ്ക്കാനുള്ള കാരണത്തിനുവേണ്ടിയുള്ള തിരിച്ചലിലാണ് സിറോസിസ് പലപ്പോഴും കണ്ടുപിടിക്കുന്നത്. മറ്റു ചിലരിൽ ഹെപ്പാറ്റിക് ഫെയ്ലുവർ (Hepatic failure) പോർട്ടൽ ഹൈപ്പർ ടെൻഷൻ (Portal Hypertension) എന്നീ സ്ഥിതികളാകുമ്പോഴാണ് ഈ അസുഖം വെളിവാകുന്നത്. മഞ്ഞപ്പിത്തവും വിളർച്ചയും ബാധിച്ചേക്കാം. പ്ലീഹ വീക്കമോ, രക്തം ഛർദ്ദിക്കുകയോ, കറുത്ത മലം പോകുകയോ കണ്ടാൽ പോർട്ടൽ ഹൈപ്പർ ടെൻഷൻ തുടങ്ങി എന്നു മനസ്സിലാക്കണം.

അസുഖം മൂർച്ഛിച്ചു കഴിഞ്ഞാൽ ഒട്ടിയ കവിളുകളും കുഴിഞ്ഞ കണ്ണുകളുമുള്ള രോഗിയുടെ ദേഹത്തിൽ മുഴച്ചു നിൽക്കുന്ന രക്തക്കുഴലുകളും ശോണാങ്കിത കുത്തുകളും കണ്ടേക്കാം. അസൈറ്റിസ് (Ascitis), കാലിൽ നീർവീക്കപാൽമാർ എത്തീമ (Palmar-Erythema) ക്ലബിങ്ങ്(Clubbing) എന്നീ ലക്ഷണങ്ങൾ കാണപ്പെടുന്നു.

പുരുഷൻമാരുടെ സ്തനം വീങ്ങുകയും കക്ഷത്തിലും നാഭിപ്രദേശത്തുമുള്ള രോമങ്ങൾ കൊഴിഞ്ഞു പോകുകയും, വൃഷണം ശോഷിച്ചു പോകുകയും ചെയ്യും. കൈകൾക്ക് വിറയൽ ഉണ്ടാകുന്നു. ●



പത്മജ മേനോൻ

# ജന്മജന്മാന്തരങ്ങളിലെ വിഹ്വലതകൾ

സ്നേഹിക്കുവാനും, സ്നേഹിക്കപ്പെടുവാനുമായി ഒരു മകനെ ആവശ്യമുണ്ട്. ജീവതസായഹനത്തിൽ ഒറ്റപ്പെട്ടുപോയ ദമ്പതികൾക്ക് താങ്ങും, തണലുമാകുവാൻ ഒരു മകനെ വേണം. അധ്യാപക പെൻഷൻ കിട്ടുന്നതുകൊണ്ട് സാമ്പത്തിക സഹായം ഒന്നുമാവശ്യമില്ല. ഒരു അച്ഛന്റെയും, അമ്മയുടെയും നിർല്ലോഭമായ സ്നേഹം ആഗ്രഹിക്കുന്നവർക്ക് കടന്നുവരാം. താഴെ ഫോൺ നമ്പരും കൊടുത്തിട്ടുണ്ട്. വിജയൻ മാഷ് പത്രപരസ്യം കണ്ട് നീട്ടി വിളിച്ചു ശ്രീലക്ഷ്മിയേ..... ഒന്ന് വേഗം ഇങ്ങുവരൂ. മനസ്സിന് ഒരു സുഖവുമില്ല എന്ന് പറഞ്ഞു കൊണ്ട് ശ്രീലക്ഷ്മി അരികിലേക്ക് വന്നു. ദാ ഇതു കണ്ടോ പരസ്യം വന്നിട്ടുണ്ട്. എവിടെ എന്നു ചോദിച്ചുകൊണ്ട് അവർ പത്രം വാങ്ങി വായിച്ചു. വായിച്ചു കഴിഞ്ഞപ്പോൾ അവർ വിങ്ങിപ്പൊട്ടി എന്നാലും മാഷേ ഇങ്ങനെയൊരു ദുർവിധി ആർക്കും ഉണ്ടാവാതെയിരിക്കട്ടെ. സാരമില്ല ലക്ഷ്മിയേ എല്ലാം ഭഗവാന്റെ ലീലകളാണെന്ന് കരുതിയാൽ മതി. ഭൂതകാലത്തിന്റെ സ്മൃതികളെ വിസ്മൃതിയിലേക്ക് തള്ളിവിട്ട് വിജയൻ മാഷ് ചാരുകസേരയിൽ കിടന്ന് പകൽ മയക്കത്തിന്റെ ആലസ്യത്തിലേക്ക് വഴുതിവീണു.

അപ്പോൾ പിന്നാമ്പുറത്തെ വാഴത്തോട്ടത്തിലേക്ക് കണ്ണും നട്ട് ഇരുന്ന് ശ്രീലക്ഷ്മിയുടെ ചിന്തകൾ പരുന്തിനെ പോലെ വട്ടം ഇട്ട് റാകി പറക്കുന്നു. ഓർക്കാൻ ഇഷ്ടമില്ലെങ്കിലും ഓർമ്മകൾ തിരമാലകൾ പോലെ ഇരമ്പിയാർത്തു എന്തിനായിരുന്നു ഞാൻ അമ്മയായത്? എന്തിനായിരുന്നു ഭഗവാൻ എനിക്കൊരു മകനെ തന്നത്? എന്തിനായിരുന്നു ഭഗവാൻ ഞങ്ങളിൽ നിന്നും അവനെ അകറ്റിയത്? പരിഹാരമില്ലാത്ത പ്രശ്നങ്ങൾക്കു നടുവിൽ ചക്രവ്യൂഹത്തിൽ പെട്ട യോദ്ധാവിനെപ്പോലെ എത്രകാലമായി ഞങ്ങൾ വ്രണപ്പെട്ട ഈ ജീവിതം നയിക്കുന്നു. എത്ര ലാളനയോടെ വളർത്തിയതാണവനെ. അവന്റെ മാർഗ്ഗദർശി അച്ഛനാണ് എന്നവൻ പറയുമായിരുന്നു. എപ്പോഴാണ് അവന്റെ കണ്ണുകളിൽ ആധുനികതയുടെ ചോരനിറം കലർന്നത്. എന്തിനും അവന് അമ്മ വേണമായിരുന്നു. വലിയ കുട്ടിയായിട്ടും ഞാനവന് ചോറ് വായിൽ വെച്ച് കൊടുക്കുമായിരുന്നു. അപ്പോഴെല്ലാം മാഷ് ശകാരിക്കും നീയവനെ വഷളാക്കണ്ട എന്നു പറഞ്ഞ്. അവന്റെ വയറ് എപ്പോഴും നിറഞ്ഞിരിക്കണം. അവൻ പഠിക്കുവാൻ മിടുക്കനായിരുന്നു. അച്ഛനും, അമ്മയും മകനുമായിട്ടുള്ള ഞങ്ങളുടെ ജിവിതം വർണ്ണശബളമായിരുന്നു. അന്ന് അമ്പലത്തിലെ ഉത്സവമായിരുന്നു ഏറ്റവും വലിയ ആഘോഷം. ഉത്സവത്തിന് ഓരോ സ്റ്റേജിലും ഞങ്ങൾ അവനെയും കൊണ്ട് മാറി, മാറി പോയി കാണും. പി

> **സങ്കല്പങ്ങൾ പലതും ഉണ്ടാവും. പക്ഷേ സങ്കല്പമല്ല ജീവിതം. നമ്മൾക്കു കിട്ടുന്ന ജീവിതത്തിൽ വിജയക്കൊടി പാറിക്കുവാൻ കഴിഞ്ഞാൽ അവിടെയാണ് ജീവിതത്തിന്റെ താളം. അതിന് വീട്ടുവീഴ്ചയും, ഇച്ഛാശക്തിയും ആർജ്ജിക്കണം.**

ന്നെ ഇടക്ക് ഒരു സിനിമ ആദ്യമായി സിനിമക്ക് കൊണ്ടുപോയപ്പോൾ സിനിമ കണ്ട് അവൻ പൊട്ടിച്ചിരിക്കുന്നത് കണ്ട് ഞാൻ സിനിമ കാണാതെ അവന്റെ സന്തോഷം നോക്കിയിരുന്നത് എല്ലാം...എല്ലാം എത്ര പെട്ടെന്നാണ് കാലം ഓടി ഒളിപ്പിച്ചത്. ശ്രീകൃഷ്ണനെപോലെ സൗന്ദര്യമുള്ള അവന് ഞങ്ങൾ ഗോപാലകൃഷ്ണൻ എന്നാണ് പേരിട്ടിരുന്നത്. ഗോപു എന്നു വിളിക്കും അവൻ വളർന്നു വലുതായത് ഞങ്ങൾ അറിഞ്ഞതേ ഇല്ല. ഒരിക്കലും അവൻ വലുതാവാതെയിരുന്നെങ്കിൽ!

അമ്മേ, അമ്മേ എന്താ അമ്മ സ്വപ്നം കാണുകയാണോ ശ്രീലക്ഷ്മി ചിന്തയിൽ നിന്നുണർന്നു ഇന്ന് എന്താ ചായക്ക് ഒപ്പമുള്ള നാലുമണി പലഹാരം എന്നു ചോദിച്ചു കൊണ്ട് കർണ്ണൻ തന്റെ അരികിലേയ്ക്ക് വന്നു. നിനക്ക് ഇഷ്ടമുള്ള എരിവ് അപ്പമാണ് എന്നു പറഞ്ഞു കൊണ്ട് അവന് ചായയും, എരിവ് അപ്പവും എടുത്തു കൊടുത്തു. മാഷേ കാര്യങ്ങൾ എല്ലാം അവനോട് പറയണം ഇനിയും താമസിക്കരുത്. അവൻ പറഞ്ഞു ഒന്നും എനിക്ക് അറിയണ്ട ഞാൻ എന്റെ ആഗ്രഹം പറഞ്ഞുവല്ലോ ഇനിയെല്ലാം അമ്മയുടെയും, അച്ഛന്റെയും ഇഷ്ടം ഞാൻ പുഴയോരത്ത് പോയി ഇരുന്നിട്ട് വരാം എന്നു പറഞ്ഞ് അവൻ നടന്നു. ശോകനാശിനി പുഴ വീടിന്റെ അടുത്തുകൂടെയാണ് ഒഴുകുന്നത്. വീണ്ടും ഓർമ്മകൾ ഓടി എത്തി. ആ പുഴയിൽ മാഷും ഗോപുവും പോയി കുളിക്കുമായിരുന്നു. അവനെ നീന്തൽ പഠിപ്പിച്ചതും മാഷ് തന്നെയാണ്.

അവന് അനാഥാലയത്തിലെ പെൺകുട്ടിയെ മതി എന്നല്ലേ പറയുന്നത് അവന്റെ മനസ്സിന്റെ വലുപ്പമാണത്. ഒരു കുട്ടിക്ക് ജീവിതം കൊടുക്കുവാൻ കഴിയുക എന്നത് വലിയ കാര്യമാണ്. പണത്തിന്റെ പുറകെ പോകുന്നവർക്ക് അവനൊരു മാതൃകയാവട്ടെ. എന്തായാലും ശരി, സ്നേഹമുള്ള കുട്ടിയും, ഐശ്വര്യമുള്ള മുഖവുമായിരിക്കണം. നമ്മൾക്ക് അങ്ങനെ തന്നെ ആഗ്രഹിയ്ക്കാമല്ലേ മാഷേ. നമ്മളുടെ ദുഃഖം കണ്ട് ഭഗവാൻ പറഞ്ഞുവിട്ടതാണവനെ ശരിയാണ് എന്നു പറഞ്ഞുകൊണ്ട് മാഷ് കോഴിക്കൂട് അടക്കുവാനായി മുറ്റത്തേയ്ക്ക് ഇറങ്ങി. കർണ്ണൻ തിരിച്ച് വന്ന് അന്നത്തെ അവന്റെ വിശേഷങ്ങൾ എല്ലാം പറയുവാൻ തുടങ്ങി അത് പതിവാണ്. കോടതി വർത്തമാനങ്ങൾ കേൾക്കുവാൻ മാഷിന് വലിയ താൽപര്യമാണ്. നീ വാദിക്കുന്നതു കാണാൻ ഞങ്ങൾക്ക് വലിയ ആഗ്രഹമുണ്ട് ഒരു ദിവസം നീ ഞങ്ങളെ കോടതിയിലേക്ക് കൊണ്ടുപോകണം എന്ന് മാഷ് പറഞ്ഞു. അവൻ സമ്മതിച്ചു. പിന്നീട് അവർ അത്താഴം കഴിക്കുവാൻ പോയി കഞ്ഞിയും, പയറും, കൊണ്ടാട്ടവും, അച്ചാറും കൂട്ടി കഞ്ഞി കഴിക്കുന്നതിനിടയിൽ മാഷ് പറഞ്ഞു നാളെ നമ്മൾക്ക് അനാഥലയത്തിലേക്ക് പോവാം. നിനക്ക് പൂർണ്ണമായി ഇഷ്ടപ്പെടണം വിവാഹം ജീവിതത്തിന്റെ വഴിത്തിരിവാണ്. സങ്കല്പങ്ങൾ പലതും ഉണ്ടാവും. പക്ഷേ സങ്കല്പമല്ല ജീവിതം. നമ്മൾക്കു കിട്ടുന്ന ജീവിതത്തിൽ വിജയക്കൊടി പാറിക്കുവാൻ കഴിഞ്ഞാൽ അവിടെയാണ് ജീവിതത്തിന്റെ താളം. അതിന് വീട്ടുവീഴ്ചയും, ഇച്ഛാശക്തിയും ആർജ്ജിക്കണം.

രാത്രി ഉറങ്ങുവാൻ കഴിയാതെ വെറുതെ ജാലകത്തിലൂടെ നിലാവ് വീണ മുറ്റത്തേക്ക് നോക്കി കിടന്നു. ഓർമ്മകൾ പ്രകാശത്തേക്കാൾ ദ്രുതഗതിയിൽ പാഞ്ഞു പോകുകയാണ്. ഡിഗ്രി കഴിയും വരെ ഗോപു നല്ല രീതിയിൽ തന്നെയായിരുന്നു. പി.ജിക്ക് പഠിക്കുവാൻ ദൂരെയുള്ള കോളേജിൽ ചേർന്നപ്പോൾ മുതൽക്കാണ് അവന് മാറ്റം കണ്ടു തുടങ്ങിയത്. തൊട്ടതിന് എല്ലാം ദേഷ്യം. രാത്രി വളരെ വൈകിയാണ് എത്തുക. വീട്ടിലെ ഭക്ഷണമൊന്നും അവന് ഇഷ്ടപ്പെടുന്നില്ല. അച്ഛനും, അമ്മയും പഴഞ്ചന്മാരാണെന്ന തോന്നൽ. ഒരു ദിവസം വളരെ വൈകി വീട്ടിലെത്തി. മാഷ് കാര്യം അന്വേഷിച്ചപ്പോൾ അവൻ നന്നായി മദ്യം കഴിച്ചതായി തോന്നി. ഡി.ജെ പാർട്ടി കഴിഞ്ഞ് വരികയാണ്. ഞാൻ മേജർ ആയി കഴിഞ്ഞു. ഇനി എന്റെ പുറകെ വരരുത്. മക്കളെ വളർത്തി വലുതാക്കുക എന്നതു മാത്രമാണ് മാതാപിതാക്കളുടെ ഡ്യൂട്ടി. അതു കഴിഞ്ഞാൽ ജീവിക്കേണ്ടത് മക്കൾ അവരുടെ ഇഷ്ടത്തിനാണ്. ഇതൊന്തൊരു വീടാണ്, ഒരു സ്വാതന്ത്ര്യവുമില്ലാതെ എനിക്ക് മടുത്തു അവൻ കത്തികയറിക്കൊണ്ടിരുന്നു. താൻ ഇതെല്ലാം കേട്ട് മരവിച്ചു നിന്നു. അന്ന് ആദ്യമായി സ്കൂളിലെ ആരാധ്യമാസ്റ്ററായ വിജയൻ മാഷുടെ കണ്ണുകൾ നനയുന്നത് താൻ കണ്ടു. സങ്കടം കൊണ്ട് തന്റെയും കണ്ണുകൾ ചുവന്നു തുടുത്തു. അവനെ എങ്ങനെ പറഞ്ഞ് മനസ്സിലാക്കും എന്നറിയാതെ ആശയക്കുഴപ്പത്തിലായി. പക്ഷേ ഓരോ ദിവസം കഴിയുന്തോറും അവൻ ഞങ്ങളിൽ നിന്ന് ഒരുപാട് അകന്നു കൊണ്ടിരുന്നു.

ഒരുദിവസം താൻ അവനോട് പറഞ്ഞു മോനേ ഗോപു എപ്പോഴും ഈ ഫോണിലൂടെയുള്ള കളി നിർത്തി പഠിച്ചുകൂടെ? എനിക്ക് ഒരു കാര്യം പറയുവാനുണ്ട് നിങ്ങൾ ഇട്ട ഇതിഹാസപേരായ ഗോപാലകൃഷ്ണൻ എന്ന പേരൊക്കെ ഞാൻ മാറ്റി. ഗസറ്റിൽ കൊടുത്തിട്ടുണ്ട് ഇനി എന്റെ പേര് ഡിജോയ് എന്നാണ്. ഇത് എന്താ കൃസ്ത്യാനി പേരാണോ? നീ മതവും മാറിയോ? അമ്മക്ക് ഒന്നും അറിയില്ല ഇപ്പോഴത്തെ ലോകത്തെപറ്റി. അപ്പോൾ മാഷ് പറയുന്നുണ്ടായിരുന്നു നൂതനമായ ആശയങ്ങൾ വളരെ നല്ലതാണ് അത് മനുഷ്യന്റെ നന്മയ്ക്കും ഉയർച്ചയ്ക്കും വേണ്ടിട്ടായിരിക്കണം. അന്ധമായ അനുകരണം വ്യക്തി

ത്വമില്ലായ്മയും, ആത്മഹത്യാപരവുമാണ്. എത്രയെത്ര ഒഴിവുകളാണ് ജോലിക്കായി പത്രത്തിൽ കാണുന്നത് ആദ്യം ഒരു ജോലി തരപ്പെടുത്തണം അത് ഗവണ്മെന്റ് ജോലിയാണെങ്കിൽ ജീവിതം സുരക്ഷിതമായി മരണം വരെയും പെൻഷൻ കിട്ടും. ഓരോ ചുവട് വെയ്ക്കുമ്പോഴും നാലുവട്ടം ആലോചിക്കുക. അവൻ പറയുന്നുണ്ടായിരുന്നു എണ്ണിചുട്ട അപ്പം പോലെ കിട്ടുന്ന പണം കൊണ്ട് ജീവിതത്തെ തളച്ചിടുവാനൊന്നും എന്നെ കിട്ടില്ല. ബിസിനസ്സ് ചെയ്യണം കോടികളുടെ, ഞാൻ എല്ലാം തീരുമാനിച്ചു കഴിഞ്ഞു. ഉപദേശങ്ങളുമായി എന്റെ പിന്നാലെ വരരുത്. അതു പറയുമ്പോൾ അവൻ നിന്ന് വിറക്കുകയായിരുന്നു. കണ്ണുകൾ രണ്ടും കനൽക്കട്ടകളെ പോലെ ജ്വലിക്കുകയായിരുന്നു. തന്റെ മകൻ ഗോപു തന്നെയാണോ ഇത് എന്ന സംശയത്തോടെ താൻ പകച്ചു നിന്നു. ഞങ്ങളുടെ വിരൽ തുമ്പിൽ പിടിച്ചു നടന്ന ഗോപുവിന്റെ മാറ്റം ഉൾക്കൊള്ളുവാൻ കഴിയാതെ താൻ മുഖം പൊത്തി എങ്ങികരഞ്ഞു.

ശാന്തിയും, സമാധാനവും നഷ്ടപ്പെട്ട സംഘർഷഭരിതമായ ദിനങ്ങളിലൂടെയുള്ള യാത്ര തുടർന്നു കൊണ്ടിരുന്നു. അവന്റെ പിറന്നാൾ ദിവസം അമ്പലത്തിൽ പോകുവാൻ പറഞ്ഞപ്പോൾ അവൻ പുച്ഛരസത്തിൽ തന്നെ നോക്കി ആ നോട്ടം തന്റെ ഹൃദയത്തിൽ എവിടെക്കെയോ ചെന്നു കൊണ്ടു. ഭൗതികതയുടെ അതിപ്രസരത്തിൽ ആത്മീയദർശനങ്ങളും, ആത്മീയാനുഷ്ഠാനങ്ങളും നഷ്ടപ്പെടുത്തികൊണ്ടുള്ള നിന്റെ ഈ ജീവിതശൈലി അത്ര ഉചിതമായി എനിക്ക് തോന്നുന്നില്ല. ഒന്നിനും മറുപടി പറയാതെ അവൻ ഇറങ്ങിപോയി. ഒരു ദിവസം അവൻ പറഞ്ഞു ഞാൻ ഇവിടെ നിന്നും പോകുകയാണ്. വൻ നഗരങ്ങളിലെ ബിസിനസ്സ് വളരൂ ഞാനും എന്റെ ഒപ്പം പഠിച്ചിരുന്ന ലീനയുമായിട്ടാണ് ബിസിനസ്സ്. ഞങ്ങൾ സ്നേഹബന്ധത്തിലുമാണ്. ഒന്നു ശ്വാസം വിടാൻ പറ്റാത്ത അത്ര സ്പീഡിൽ അവൻ സാധനങ്ങൾ ബാഗിലാക്കി. ഞങ്ങൾ നിശബ്ദരായി നോക്കി നിന്നു വെറുതെ എന്തിനാ ഒരു സീൻ ഉണ്ടാക്കുന്നത് അവൻ തീരുമാനിച്ചത് മാത്രമേ നടത്തുകയുള്ളൂ. കുറച്ചു കഴിഞ്ഞപ്പോൾ ഒരു കാർ വീടിന്റെ മുന്നിൽ വന്നു നിന്നു കാറിൽ നിന്നും ജീൻസും, ടോപ്പും അണിഞ്ഞ ഒരു പെൺകുട്ടി ഇറങ്ങി തോളറ്റം മുടിമുറിച്ച് ചുണ്ടിൽ ചുവന്ന ചായം തേച്ച് പരിഷ്കൃതയായ അവൾ കാതിൽ സർക്കസ്സിൽ കാണുന്ന വളയങ്ങളെ പോലെ രണ്ടു വളയങ്ങൾ തൂക്കിയിട്ടുണ്ട്. കഴുത്ത് ശൂന്യമാണ്. തന്റെ സങ്കല്പത്തിലെ മരുമകളിൽ നിന്നും വ്യത്യസ്തമായ അവളെ കണ്ടപ്പോൾ താൻ കണ്ട ആശാമാനങ്ങൾക്കു വിള്ളലേറ്റു. മരുമകളെ അണിയിക്കുവാൻ വേണ്ടി താൻ കരുതിയിരുന്ന പൂത്താലി നെക്ലസ്സ് തന്നെ നോക്കി പല്ലിളിച്ചു കാണിച്ചു. അവൾ ഫോണും കൈയ്യിൽ പിടിച്ച് വീട്ടിലേക്ക് നോക്കി ഉറക്കെ പറഞ്ഞു. ജോയ് കം ഫാസ്റ്റ് എന്ന് അപ്പോഴെക്കും അവൻ ധൃതിയിൽ ബാഗുമായി ബൈ ബൈ എന്നു പറഞ്ഞുകൊണ്ട് ഇറങ്ങി. ഞങ്ങൾ രണ്ടുപേരും ഒന്നു മിണ്ടാൻ പോലും കഴിയാതെ നിർന്നിമേഷരായി നോക്കി നിന്നു.

ദിവസങ്ങളും മാസങ്ങളും കടന്നുപോയി. അവന്റെ ഒരു വിവരവും കിട്ടിയില്ല. ഞങ്ങൾ രണ്ടുപേരും ജീവിച്ചവങ്ങളാ യി ജീവിച്ചു തന്റെ കണ്ണുകൾ കണ്ണുനീർ വറ്റി നിർജീവീകളുടേതു പോലയായി. കഴിഞ്ഞ ജന്മത്തിലെ ശത്രുക്കളാണ് അല്ലേ മാഷേ ഈ ജന്മം മക്കളായി വരുന്നത്. നമ്മളെ സംബന്ധിച്ചിടത്തോളം അത് ശരിയാണ്. മക്കൾ ഇല്ലെങ്കിൽ ഇല്ലാ എന്ന ദുഃഖം മാത്രമേയുള്ളൂ. മാഷ് പറഞ്ഞു ജന്മജന്മാന്തരങ്ങളിലെ വിഫലതകൾ നമ്മളെ ഈ ജന്മത്തിലും പിൻതുടരുകയാണ് എല്ലാം സഹിക്കുവാനല്ലേ പറ്റൂ. മാസങ്ങൾ കടന്ന് ഇപ്പോൾ വർഷങ്ങളായി നാളെക്ക് അവൻ പോയിട്ട് ഒരു വ്യാഴവട്ടക്കാലമായി. അർത്ഥമില്ലാത്ത ജീവിതം അനന്തമായി നീളുകയാണ്. അപ്പോഴാണ് മാഷ് പറഞ്ഞത് നമ്മളെ സ്നേഹിക്കു വാൻ ഒരു മകനെ വേണം. താനും അത് ആഗ്രഹിക്കുന്നുണ്ടായിരുന്നു. ഒരുപാട് അന്വേഷിച്ചു ഗോപുവിന്റെ ഒരു വിവരവും കിട്ടാത്ത സ്ഥിതിക്ക് ഇനി അവൻ വരുമെന്ന പ്രതിക്ഷവേണ്ട. നമ്മൾക്ക് ഒരു മകനുവേണ്ടി ഒരു പരസ്യം കൊടുക്കാം. അങ്ങനെയാണ് പരസ്യം കൊടുത്തത്. പരസ്യം കണ്ട് പലരും ഫോൺ ചെയ്ത് സ്വത്തുക്കൾ എത്രയുണ്ട് മരിച്ചു പോയാൽ സമ്പാദ്യമെല്ലാം ഞങ്ങൾക്ക് എഴുതിവെയ്ക്കുമോ? പെൻഷൻ തുക എത്ര കിട്ടുന്നുണ്ട്. എല്ലാവർക്കും പണത്തിന്റെ കണക്കുകൾ മാത്രമാണ് അറിയേണ്ടത്. സ്നേഹമുള്ള ഒരു വാക്കു പറഞ്ഞു കൊണ്ട് ആരും വിളിച്ചില്ല. ആകെ നിരാശയായി എന്നു മാത്രമല്ല നാട്ടുകാരുടെ മുന്നിൽ വീണ്ടും പരിഹാസകഥാപാത്രങ്ങളായി മാറി. പിന്നെ, പിന്നെ ഞങ്ങൾ ആ വിഷയം മറന്നു.

വിജയൻമാഷുടെ പിറന്നാൾ നാലുകൂട്ടം കറിവെച്ച് ആഘോഷിക്കാറുണ്ട്. അന്ന് മാഷുടെ പിറന്നാളായിരുന്നു. ഉച്ചയ്ക്ക് മൂന്ന് ഇലകളിലും കറികൾ വിളമ്പി ഞങ്ങൾ ഊണു കഴിക്കുവാനിരുന്നു. ഗോപു ഇല്ലെങ്കിലും അവന് വേണ്ടി എന്നും ഞങ്ങൾ ഭക്ഷണം വിളമ്പിവെയ്ക്കാറുണ്ട്. അപ്പോഴാണ് വിജയൻ മാഷുടെ വീടെല്ലേ എന്ന ശബ്ദം. അതെ ഊണു കഴിക്കുവാൻ ഇരുന്നു ആരായാലും അകത്തേയ്ക്ക് കയറി വരൂ എന്നു മാഷ് വിളിച്ച് പറഞ്ഞു. ഒരു സുമുഖനായ ചെറുപ്പക്കാരൻ അകത്തേക്കു കയറി വന്നു. മാഷ് മൂന്നാമത്തെ ഇലയിലേക്ക് ചൂണ്ടി പറഞ്ഞു ഇരുന്നുകൊ

ള്ളൂ. ഊണു കഴിഞ്ഞതിനുശേഷം ആവാം വിശേഷങ്ങൾ പറയണത്. അയാൾ സന്തോഷത്തോടെ ഊണ് കഴിക്കുവാൻ ഇരുന്നു. എത്ര ആസ്വാദിച്ചിട്ടാണ് ഭക്ഷണം കഴിക്കുന്നത് ഞങ്ങൾ നോക്കി ഇരുന്നുപോയി. താൻ കറികളും, പായസവും എല്ലാം വിളമ്പികൊടുത്തു. നന്നായി ഭക്ഷണം കഴിക്കുന്നവരെ ഊട്ടുവാനും ഒരു സുഖമാണല്ലോ. ഊണ് കഴിഞ്ഞ് കൈ കഴുകി ഞങ്ങൾ പൂമുഖത്തേയ്ക്ക് വന്നു. അയാൾ തൊഴുതുകൊണ്ട് പറഞ്ഞു ഞാൻ അഡ്വക്കേറ്റ് കർണ്ണൻ അത് കേട്ട ഉടനെ മാഷ് എഴുന്നേറ്റ് തൊഴുതുകൊണ്ട് പറഞ്ഞു ഒരുപാട് കേട്ടിരിക്കുന്നു. നേരിൽ കാണുന്നത് ആദ്യമായാണ്. പ്രമാദമായ എല്ലാ കേസ്സുകളും വാദിക്കുന്ന വക്കീലാണ് ഇദ്ദേഹം എന്ന് മാഷ് തന്നെ നോക്കി പറഞ്ഞു. താനും അയാളെ നോക്കി കൈകൾ കൂപ്പി. അയാൾ പറഞ്ഞു പത്രത്തിലെ പരസ്യം കണ്ട് വന്നതാണ് ഞാൻ, ഒരുപാട് വൈകി എന്നറിയാം. രണ്ടു ദിവസം മുമ്പാണ് ഈ പരസ്യത്തെ പറ്റി ഞാൻ അറിഞ്ഞത്. കുറച്ചു ദിവസം ഞാൻ സ്ഥലത്ത് ഇല്ലായിരുന്നു. എന്റെ ഒരു സ്നേഹിതനാണ് പരസ്യം കാണിച്ചു തന്നത്. മകന്റെ സ്ഥാനം ഒഴിഞ്ഞു കിടക്കുകയാണെങ്കിൽ എന്നെ മകനായി അംഗീകരിച്ചു കൂടെ. ഞാനൊരു അനാഥനാണ്. അച്ഛനും അമ്മയും എന്റെ സങ്കൽപത്തിലെ ഉള്ളൂ അത് യാഥാത്ഥ്യമാക്കുവാൻ കഴിഞ്ഞാൽ അതിൽപരം ഭാഗ്യം വേറെ എന്താണ് ഉള്ളത്? അനാഥാലയത്തിലായിരുന്നു ഞാൻ വളർന്നത്. എന്റെ മാതാപിതാക്കൾ എന്നു പറയുന്നവർ എന്നെ ഉപേക്ഷിക്കുമ്പോൾ എന്റെ രണ്ടു കാതിലും കുണ്ഡലം ഇട്ടിരുന്നു. അതുകൊണ്ടാണ് അവിടുത്തെ അന്തേവാസികൾ എന്നെ കർണ്ണൻ എന്നു വിളിച്ചത്. അനാഥത്വവും അവഗണയും നിറഞ്ഞ എന്റെ ബാല്യകാലം. അപ്പോഴെല്ലാം അച്ഛനെയും, അമ്മയെയും പറ്റി ഓർക്കാറുണ്ട്. ഒരിക്കലും കണ്ടിട്ടില്ലെങ്കിലും സുന്ദരമായ സ്വപ്നമായി അത് ഇപ്പോഴും അവശേഷിക്കുകയാണ്. ഞാൻ ഇവിടെ എത്തിയത് എന്റെ കഠിനാദ്ധ്വാനം കൊണ്ടു മാത്രമാണ്. എന്തും വില കൊടുത്ത് വാങ്ങിക്കുവാനുള്ള കഴിവ് എനിക്ക് ഇപ്പോൾ ഉണ്ട്. പക്ഷേ ഒരച്ഛൻെയും അമ്മയുടെയും വാത്സല്യം അതാണ് എനിക്ക് വേണ്ടത്. എനിക്ക് കിട്ടാതെ പോയ ഭാഗ്യം വൈകിയാണെങ്കിലും എനിക്ക് വേണം. എന്നെ മകനാക്കിക്കൂടെ എന്നു പറയുമ്പോൾ ആ കണ്ണുകളിൽ ഒരായിരം കടലിന്റെ വ്യാപ്തിയുണ്ടായിരുന്നു. കാണാമറയത്ത് പോയ മകൻ തിരിച്ചു വന്നതുപോലെ തോന്നി. കാത്തിരുന്നു മഴ വന്നപ്പോൾ ഉണ്ടായ വേഴാമ്പലിന്റെ സന്തോഷമായിരുന്നു ഞങ്ങളുടെ മനസ്സിൽ. ഞങ്ങളുടെ ഉൾതാപം അറിഞ്ഞ് നന്മയുടെ പുതിയ തുരുത്തുകളുമായി കർണ്ണൻ ഞങ്ങളുടെ സവിധം എത്തി.

ഗേറ്റിൽ ആരോ ശക്തിയായി അടിക്കുന്ന ശബ്ദം കേട്ടപ്പോൾ ശ്രീലക്ഷ്മി ചിന്തയിൽ നിന്നുണർന്നു. നേരം വെളുത്തിരിക്കുന്നു കറവക്കാരനാണെന്ന് തോന്നുന്നു എന്നു പറഞ്ഞ് എഴുന്നേറ്റ് ഗേറ്റ് തുറക്കുവാനായി ഓടി . എന്ത് പറ്റി എന്നു ചോദിച്ചുകൊണ്ട് അയാൾ അകത്തേക്ക് കടന്നു. അല്ലെങ്കിൽ ഈ സമയമാകുമ്പോഴെക്കും താൻ മുറ്റമടിച്ച്, ചാണക വെള്ളം തളിച്ച്, കുളിച്ച്, വിളക്ക് വെച്ചിട്ടുണ്ടാവും. എല്ലാം കാര്യങ്ങളും തെറ്റി എന്നു പറഞ്ഞ ശ്രീലക്ഷ്മി വേഗം ജോലികൾ ചെയ്യുവാൻ ആരംഭിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ മാഷും, കർണ്ണനും എഴുന്നേറ്റ് വന്നു. പ്രഭാതകൃത്യങ്ങൾക്കുശേഷം ഞങ്ങൾ പ്രാതൽ കഴിച്ച് അനാഥാലയത്തിലേക്ക് പുറപ്പെട്ടു. അവിടുത്തെ ആളുകളുമായി സംസാരിച്ചപ്പോൾ അവർക്കും സന്തോഷമായി. അവർ കുറെ ഫോട്ടോ കാണിച്ചു തന്നു. അതിൽ ഒരു ഫോട്ടോ ചൂണ്ടി കർണ്ണൻ പറഞ്ഞു ഈ കുട്ടിയെ എനിക്ക് ഇഷ്ടമായി എന്ന് വിഷാദാത്മകത തുളുമ്പി നില്ക്കുന്ന വദനത്തിലും വശ്യതയുടെ നിറച്ചാർത്ത് ഉണ്ടായിരുന്നു അവളിൽ. ഞങ്ങൾക്കും കുട്ടിയെ ഇഷ്ടമായി. കുറച്ചു കഴിഞ്ഞപ്പോൾ കുട്ടിയെ അവർ വിളിച്ചു വരുത്തി. ഒരു മാൻ പേടയെ പോലെ പേടിച്ച് അവൾ വാതിലിൽ ചാരിനിന്നു. ആധുനികതയുടെ പരിവേഷമൊന്നുമില്ലാത്ത നാട്ടുമ്പുറത്തുകാരിയുടെ ലജ്ജയോടെ നമ്രശിരസ്ക്കയായി നില്ക്കുന്ന അവളുടെ മുട്ടറ്റം ഉള്ള മുടിയിൽ ഒരു തുളസി കതിൽ ചൂടിയിട്ടുണ്ട്. താൻ ചോദിച്ചു എന്താപേര് സീത എന്നവൾ പറഞ്ഞു. അശോകവനത്തിലെ സീതയെ പോലെ നല്ല രൂപസാദൃശ്യം. ഇതാണ് നിന്നെ വിവാഹം ചെയ്യുവാൻ ആഗ്രഹിക്കുന്ന ആൾ എന്നു പറഞ്ഞ് കർണ്ണനെ ചൂണ്ടി കാണിച്ചു കർണ്ണൻ അവളെ നോക്കി ചിരിച്ചു ആ കരിനീല മിഴികളിൽ വർണ്ണസങ്കല്പത്തിന്റെ പീലി വിടർന്നിരുന്നു. അവളുടെ മുഖത്തും ഒരു ചിരി പടർന്നു മുല്ലമൊട്ടുകൾ പോലെ പല്ലുകൾ കാണിച്ചുള്ള ആ പാലൊളി പുഞ്ചിരിയിൽ സ്ത്രൈണ സൗന്ദര്യത്തിന്റെ മനം മയക്കുന്ന കുളിരുണ്ടെന്ന് കർണ്ണന് തോന്നി.

താമസിയാതെ തന്നെ അനാഥാലയത്തിൽ വെച്ച് തന്നെ വിവാഹം ചെയ്യുവാൻ തീരുമാനിച്ചു അവിടെയുള്ളവർക്ക് ഒരു ആഘോഷമായിക്കൊള്ളട്ടെ എന്നു കരുതി ചിലവുകൾ എല്ലാം കർണ്ണൻ വഹിച്ചു. സാരിയും, ആഭരണങ്ങളും എല്ലാം നേരത്തെ കൊണ്ടുപോയി കൊടുത്തു. മാനുഷികതയും, ആദർശങ്ങളും നിറഞ്ഞുനിന്ന വിവാഹത്തിൽ നാട്ടുകാർ എല്ലാവരും പങ്കെടുത്തു. അവർ വീട്ടിലെത്തി അച്ഛന്റെയും, അമ്മയുടെയും സാന്നിദ്ധ്യത്തിൽ വിവാഹം ചെയ്യുവാൻ കഴിഞ്ഞതിൽ കർണ്ണനിൽ അഭിമാനത്തിന്റെ തിരതള്ളി. അച്ഛനെയും, അമ്മയെയും അവർ നമസ്ക്കരിച്ചു.

ശ്രീലക്ഷ്മി കരുതിയിരുന്ന പൂത്താലി നെക്ലസ്സ് സീതയെ അണിയിച്ചപ്പോൾ കണ്ണുകൾ ആനന്ദാശ്രുക്കൾ പൊഴിച്ചു. മാഷ് പറഞ്ഞു നിങ്ങൾക്ക് എല്ലാം അർത്ഥത്തിലും നല്ല സാമ്യമുണ്ട് അത് ജീവിതാവസാനം വരെ ഉണ്ടാവാണം. മാതാപിതാക്കൾ പെട്ടിയിലാക്കി ഉപേക്ഷിച്ചതാണ് കർണ്ണനെയും, സീതയെയും പക്ഷേ അവർ രണ്ടുപേർക്കും നല്ല മാതാപിതാക്കളെ കിട്ടി. അതുപോലെ എപ്പോഴും നിങ്ങളുടെ സ്നേഹമുള്ള അച്ഛനും, അമ്മയും ആയിരിക്കും ഞങ്ങൾ എന്നു പറഞ്ഞപ്പോൾ കർണ്ണനും സീതയും സന്തോഷാധിക്യത്താൽ പൊട്ടിക്കരഞ്ഞു.

സന്ധ്യാദീപം വെച്ച് സീത നാമം ജപിച്ചു. അച്ഛനും, അമ്മയും, കർണ്ണനുമെല്ലാം കേട്ട് കൊണ്ടിരിക്കുകയായിരുന്നു. ജൻമം നല്കിയത് ആരായാലും കുലീനതയുള്ള അവളെ മാഷിനും, ശ്രീലക്ഷ്മിക്കും ഒരു പോലെ ഇഷ്ടമായി. കർണ്ണൻ സീതയെ നോക്കി ഏഴുതിരിയിട്ട നിലവിളക്കിന്റെ വെട്ടത്തിൽ അവളുടെ മുഖം ചേതോഹരമായിരുന്നു. സംതൃപ്ത കുടുംബമായി മാറിയ അവരുടെ ജീവിതം ആഹ്ലാദത്തിന്റെ ഹർഷാരവം മുഴക്കി. പകൽ രാത്രിക്കും, രാത്രി പകലിനും വഴിമാറി കൊടുത്തുകൊണ്ടേയിരുന്നു. ഒരു ദിവസം കാത്തിരുന്ന ആ വാർത്ത കാതിലെത്തി. ഞങ്ങൾ മുത്തശ്ശിയും, മുത്തച്ഛനുമാകുവാൻ പോകുന്നു. പിന്നീടുള്ള ദിനങ്ങൾ കാത്തിരിപ്പിന്റെതായിരുന്നു. അങ്ങനെ ആ ദിവസം വന്നെത്തി. സീത ഇരട്ട പെൺകുഞ്ഞുങ്ങൾക്ക് ജന്മം നൽകി. അവർക്ക് ഐശ്വര്യ എന്നും സൗന്ദര്യ എന്നും പേരിട്ടു.അവരുടെ വാശിയിലും, ചിരിയിലും കളിയിലും വീട് ഉണർന്നു. കയ്പേറിയ ഓർമ്മകൾ മറവിയിൽ ലയിച്ചു വീണ്ടും വസന്തകാലം സംജാതമായി.

നവോൻമേഷത്തിന്റെ പുത്തൻ ദിനങ്ങൾ പിറന്നു കൊണ്ടിരുന്നു. ഒരുദിവസം കഥ പറഞ്ഞു കൊണ്ടിരിക്കുമ്പോഴാണ് ഒരാൾ പടിവാതിക്കൽ വന്നു നിന്നത് പാന്റും, ജൂബയും ഇട്ട് തോളിൽ ഒരു സഞ്ചിയും തൂക്കി നില്ക്കുന്ന അയാളെ ചൂണ്ടി കുട്ടികൾ പറഞ്ഞു - മുത്തച്ഛാ അതാ ഒരാൾ അയാൾ അകത്തേക്ക് കയറി വന്നു.

അച്ഛാ ഞാൻ ഗോപാലകൃഷ്ണനാണ്. എന്നെ മനസ്സിലായില്ലേ എന്നോട് ക്ഷമിക്കണം ഇനി നിങ്ങളെ വിട്ട് ഞാൻ എങ്ങോട്ടും പോവില്ലാ. ചുറ്റും നില്ക്കുന്നവരെ നോക്കി അവൻ ചോദിച്ചു ആരാണ് ഇവരെക്കെ? വിജയൻ മാഷ് പറഞ്ഞു ഗോപാലകൃഷ്ണൻ എന്ന മകൻ ഞങ്ങൾക്ക് ഇല്ല. ഞങ്ങളുടെ മനസ്സിൽ അവൻ എന്നേ മരിച്ചു കഴിഞ്ഞു. അങ്ങനെ ഉപക്ഷേിക്കുവാൻ പറ്റിയതാണോ അച്ഛനും, മകനും തമ്മിലുള്ള ബന്ധം. അല്ല, എന്നായിരുന്നു വിശ്വാസം പക്ഷേ രക്തബന്ധം ഒരു മിഥ്യാധാരണ മാത്രമാണെന്ന്, നീ ഞങ്ങളെ പഠിപ്പിച്ചു. എവിടെയായിരുന്നു നീ ഇത്രയും കാലം? മാതാപിതാക്കളെ പറ്റി നീ ഒരിയ്ക്കലെങ്കിലും ഓർത്തുവോ? നിനക്ക് സുഖമാണെന്ന് പറഞ്ഞ് ഒരു ഫോൺ കോൾ, നിന്റെ വിവാഹവും, ജീവിതവും എല്ലാം നിന്റെ വ്യക്തിപരമായ കാര്യമാണ്. നീ എവിടെയാണെന്നറിയാതെ ഞങ്ങൾ അനുഭവിച്ച ആശങ്കകൾ, ഉൽകണ്ഠകൾ, വിഹ്വലതകൾ, പരിഹാസങ്ങൾ, നെടുവീർപ്പുകൾ ഇതൊന്നും നിനക്ക് മനസ്സിലാവില്ല. മനസ്സിലാവണമെങ്കിൽ നീയൊരു അച്ഛനാവണം. അയാൾ ഓർത്തു, പ്രസവിച്ചാൽ സൗന്ദര്യം നഷ്ടപ്പെടും എന്നു പറഞ്ഞ നടക്കുന്ന ഭാര്യായെന്നവൾ. അല്ലെങ്കിലും ബിസിനസ്സുകളുമായി നടക്കുന്ന അവൾക്ക് എവിടെയാണ് പ്രസവിക്കുവാൻ സമയം. മാഷ് പറഞ്ഞു ജൻമം കൊണ്ട് നീ എന്റെ മകനായിരിക്കും പക്ഷേ കർമ്മം കൊണ്ട് മകനായത് ഈ നില്ക്കുന്ന കർണ്ണനാണ്. ബന്ധങ്ങൾ പവിത്രത കൂട്ടുന്നത് മനസ്സുകൾ തൊട്ടറിയുമ്പോളാണ് നീ എപ്പോഴും നിന്നെ പറ്റി മാത്രമാണ് ചിന്തിച്ചിരുന്നത് അവിടെ അച്ഛനും അമ്മയും വെറും കോമളികളായിരുന്നു. മാതാപിതാക്കൾക്കും സ്വന്തം മകനെ പറ്റി പ്രതീക്ഷകളും സ്വപ്നങ്ങളും ഉണ്ടെന്ന കാര്യം നീ മനഃപ്പൂർവ്വം മറന്നു. അവൻ പറഞ്ഞു എല്ലാറ്റിനും എന്നോട് ക്ഷമിക്കണം. പശ്ചാതാപമാണ് ഏറ്റവും വലിയ പ്രായശ്ചിത്തം എന്നു തന്നെയാണ് ഞാൻ കുട്ടികളെ പഠിപ്പിച്ചിരുന്നത്. എങ്കിലും വയ്യ ഞങ്ങളുടെ മകൻ കണ്ണനെ ഉപേക്ഷിക്കുവാൻ ഞങ്ങൾക്കു കഴിയില്ല. വാർദ്ധക്യത്തിൽ ഏതൊരു മാതാപിതാക്കളും കാംക്ഷിക്കുന്നത് സ്നേഹവും, പരിഗണനയും സുരക്ഷിതത്വവും ഒക്കെ തന്നെയാണ്. അത് ആവോളം കർണ്ണനും, ഭാര്യയും, കുട്ടികളും ഞങ്ങൾക്ക് തരുന്നുണ്ട്. നിനക്ക് വന്നപോലെ തിരിച്ചു പോകാം. നിന്റെ വീറും, വാശിയും, വീര്യവും എല്ലാം എവിടെപോയി. സ്വയം തിരഞ്ഞെടുത്ത വഴിയിൽ വിജയിച്ചു കാണിക്കുക. അതാണ് പൗരുഷം. ജീവിത ബോധമില്ലാതെ പ്രലോഭനങ്ങൾക്ക് അടിമപ്പെട്ട്, കുടുംബത്തോട് യാതൊരു പ്രതിബന്ധതയും പുലർത്താത്ത നവീന യുഗത്തിലെ ചില നപുംസകങ്ങൾ, അതിൽ നീയും ബലിയായതിൽ തീരാത്ത വേദനയുണ്ട് ഞങ്ങൾക്ക് . മറവിയുടെ നിഴൽ വീണ ഞങ്ങളുടെ മനസ്സിൽ ഓർമ്മപ്പെടുത്തുവാനായി നീ വരരുതായിരുന്നു. ഞങ്ങൾ മരിച്ചു കഴിഞ്ഞാൽ പിതൃ കർമ്മം ചെയ്യുന്നതുപോലും കർണ്ണനായിരിക്കും. അവൻ അമ്മയുടെ മുഖത്തേക്ക് നോക്കി ആ പൊക്കിൾക്കൊടി ബന്ധം ഒന്നു തേങ്ങിയോ? ഇല്ല ആ കണ്ണുകളിൽ ദൃഢനിശ്ചയമായിരുന്നു. അയാൾ പറഞ്ഞു ഞാൻ പോകുകയാണ്. ഇനിയൊരിക്കലും നിങ്ങളുടെ മുന്നി

39-ാം പേജിൽ തുടരും

# അഞ്ചുനാൾ നീണ്ടുനിന്ന നവതി ആഘോഷത്തിൽ നിന്ന്



# അഞ്ചുനാൾ നീണ്ടുനിന്ന നവതി ആഘോഷത്തിൽ നിന്ന്























# അഞ്ചുനാൾ നീണ്ടുനിന്ന നവതി ആഘോഷത്തിൽ നിന്ന്


























# അഞ്ചുനാൾ നീണ്ടുനിന്ന നവതി ആഘോഷത്തിൽ നിന്ന്
















ദേവീദാസ് വെള്ളോടി

# ആർത്തവവിരാമം

**എന്താണ് ആർത്തവം**

പ്രായപൂർത്തിയായ സ്ത്രീകൾക്ക് മാസം തോറുമുണ്ടാകുന്ന രക്തസ്രാവത്തെയാണ് ആർത്തവം എന്ന് പറയുന്നത്. ഹോർമോണുകളിലുണ്ടാകുന്ന ഉയർച്ചയും താഴ്ചയും അനുസരിച്ചാണ് ആർത്തവചക്രം നടക്കുന്നത്. സ്ത്രീയുടെ അണ്ഡാശയത്തിൽ (Ovary) നിന്ന് ഏകദേശം പതിനാലാം ദിവസം പുറത്തുവരുന്ന അണ്ഡം(Egg) ഗർഭധാരണം നടക്കാതെ വരുമ്പോൾ ഉപയോഗശൂന്യമായി പുറത്തു പോകുന്ന പ്രക്രിയയാണിത്.

ഹോർമോണുകളുടെ ഏറ്റക്കുറച്ചിൽ ഉണ്ടാകുമ്പോഴോ, ഹൈപ്പോതൈറോയ്ഡ് രോഗമുള്ളപ്പോഴോ, പ്രമേഹരോഗമുള്ളപ്പോഴോ PCOD (Paly Cystic Ovarian Desease) എന്ന അവസ്ഥയിലോ ആർത്തവം കൃത്യമായി നടക്കുന്നില്ല. രക്തത്തിലെ ഹിമോഗ്ളോബിൻ കുറഞ്ഞ അവസ്ഥയിലും വളരെ ചെറിയ തോതിൽ മാത്രം ആർത്തവം കാണുകയുള്ളു. ആർത്തവം ശരിയായ ദിവസങ്ങളിൽ വരായ്ക,ആർത്തവരക്തം വളരെ കുറയുക, വേദനയോടു കൂടിയ ആർത്തവം തുടങ്ങിയ ആർത്തവജന്യപ്രയാസങ്ങൾ നിരവധിയാണ്. ഇത് കൃത്യമായ ഔഷധസേവകൊണ്ട് തീർത്തും ശരിയാക്കിയെടുക്കാവുന്നതാണ്. ഇപ്പോഴത്തെ പരിഷ്കാര ജീവിതത്തിനിടയിൽ ആർത്തവം വൈകിയാൽ അതു സൗകര്യമായി എന്ന് കരുതുന്ന കുമാരികളോട് ഒരു വാക്ക്. ശരിയായ രീതിയിലുള്ള ആർത്തവമില്ലായ്മ ഹോർമോൺ തകരാറുകളുടേയും അണ്ഡോൽപാദനം നടക്കാത്തതിന്റെയും ലക്ഷണമാകാം. കൃത്യമായി രോഗനിർണ്ണയവും ചികിത്സയും ചെയ്തില്ലെങ്കിൽ ഇത് വന്ധ്യതക്ക് വരെ കാരണമാകാം. വിവാഹശേഷം വന്ധ്യതാക്ളിനിക്കുകളിൽ കയറിയിറങ്ങുന്നതിനേക്കാൾ നല്ലതല്ലേ വിവാഹത്തിന് മുമ്പ് ഈ വക പ്രശ്നങ്ങൾ പരിഹരിക്കുന്നത്.

ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നത് ആർത്തവ വിരാമം (Menopause) ആണ്. അതായത് 45 വയസ്സിനുശേഷം സ്ത്രീകൾക്കുണ്ടാന്ന പൂർണ്ണമായ ആർത്തവ വിരാമത്തെക്കുറിച്ചാണ്. സ്ത്രീകളിൽ അണ്ഡാശയത്തിൽ നിന്ന് അണ്ഡം(Egg) ഉൽപാദിപ്പിക്കുവാൻ സഹായിക്കുന്ന ഹോർമോണുകൾ (Oestrogen,Progestrone, Testosteron) ഉൽപാദിപ്പിക്കാതിരിക്കുമ്പോൾ ആർത്തവ വിരാമം സംഭവിക്കുന്നു. സാധാരണ 45 മുതൽ 60 വയസ്സിനുള്ളിലാണ് ഇങ്ങിനെ സംഭവിക്കുന്നത്.

**സാധാരണപ്രതിഭാസം**

ആദ്യമായിമനസ്സിലാക്കേണ്ടത് ആർത്തവ വിരാമം ഒരു സാധാരണ പ്രതിഭാസം ആണെന്നുള്ളതാണ്. ഹോർമോണുകളുടെ കുറവിനാൽ ചിലർക്ക് പ്രയാസങ്ങൾ ഉണ്ടാകാറുണ്ട്. കൃത്യമായ പരിചരണത്താൽ പരിപൂർണ്ണമായി നിയന്ത്രിക്കാവുന്ന പ്രശ്നങ്ങളാണിവ. തനിക്ക് പ്രായമായി എന്ന ചിന്തയും ആർത്തവമില്ലാത്തതിനാലുള്ള ഹോർമോൺ വ്യതിയാനവും ശരീരക്ഷീണം, തളർച്ച, അമിതമായ ആകാംക്ഷ, വിഷാദരോഗം, കിതപ്പ്, രക്താതിമർദ്ദം, ഉറക്കകുറവ്, ഉന്മേഷമില്ലായ്മ എന്നീ ലക്ഷണങ്ങളിലേക്ക് വഴി തെളിയിക്കാവുന്നതാണ്.

**ആർത്തവവിരാമത്തിന്റെ തുടക്കം**

ആർത്തവ വിരാമത്തിന് മുൻപായി മാസക്കുളി (Peroids) കൃത്യതയില്ലാതെയായി തുടങ്ങും. ചിലപ്പോൾ നീണ്ടുപോകും. അല്ലെങ്കിൽ വളരെ കുറച്ചു ദിവസം മാത്രം അതുമല്ലെങ്കിൽ അതിയായ രക്തസ്രാവം. ഈ കൃത്യനിഷ്ഠയില്ലായ്മ തന്നെ ആകാംക്ഷയ്ക്കും മാനസിക പിരിമുറുക്കത്തിനും കാരണമാകുന്നു. ചിലപ്പോൾ ശരീരത്തിന് ഉഷ്ണം (Hot Flesh) അനുഭവപ്പെടും. അതിയായ വിയർപ്പും കാണാറുണ്ട്. HotFlesh എന്ന അവസ്ഥ ഒരു വർഷത്തിനുള്ളിൽ നിൽക്കും. ഉറക്കം ശരിയാവായ്ക, അസന്തുലിതമായ വൈകാരിക സ്ഥിതി (Mood Changes) ത്വക്കിന് വരൾച്ച തുടങ്ങിയ ലക്ഷണങ്ങളും കാണുന്നു. ഗർഭാശയത്തിലുണ്ടായിരുന്ന നീരുനിറഞ്ഞമുഴ (CYST) വേദനയോടുകൂടിയ ആർത്തവം എന്നിവ ആർത്തവ വിരാമത്തോടെ കുറയുന്നതായി കാണാം.

**ആർത്തവ വിരാമം എപ്പോൾ**

സാധാരണയായി 45 വയസ്സിനും 60 വയസ്സിനും ഇടക്ക് സംഭവിക്കുന്നു. അണ്ഡാശയങ്ങൾ ഓപ്പറേഷൻ ചെയ്ത് നീക്കിയവരിലും ചില പ്രത്യകതരം Chemotherapy നേരത്തെ ചെയ്തവരിലും ആർത്തവ വിരാമം സംഭവിക്കുന്നു. Periods നീണ്ടു പോകുക, അമിതരക്തസ്രാവം ഉണ്ടാകുക, നേരത്തെ പറഞ്ഞ ഉഷ്ണം , വൈകാരിക സ്ഥിതിയിലുണ്ടാകുന്ന മാറ്റം തുടങ്ങിയ ലക്ഷണങ്ങൾ കാണുകയാണെങ്കിൽ ആർത്തവ വിരാമമാണോ എന്ന് വൈദ്യ നിർദ്ദേശം തേടണം

**ആർത്തവ വിരാമം (Menopause)എങ്ങിനെ തിരിച്ചറിയാം**

നിങ്ങളുമായി വിശദമായി സംസാരിക്കുന്ന ഒരു വൈദ്യന് ഏറെക്കുറെ ആർത്തവ വിരാമം തിരിച്ചറിയാൻ പറ്റും. കൃത്യമായ പരിശോധനക്ക് അൾട്രാസൗണ്ട് സ്കാൻ ചെയ്യുന്നതും FSH, LH എന്നീ ഹോർമോണുകളുടെ അളവ് പരിശോധിക്കുകയും വേണം. സ്കാനിങ് മുഖേന ഗർഭാശയഭിത്തിക്കുണ്ടാകുന്ന തടിപ്പിനേയും (Endometriosis) ഗർഭാശയമുഴകളേയും (Cysts,Tumor) തിരിച്ചറിയാൻ കഴിയും. രക്തപരിശോധനയിൽ FSH (Falicle Stimulation Hormone) LH (Luteimising Hormone) എന്നിവ വളരെ കൂടുതലായി കാണപ്പെടുകയാണെങ്കിൽ ആർത്തവവിരാമമായി തുടങ്ങിയെന്ന് അനുമാനിക്കാം.

അമിതവണ്ണം ഉള്ളവർക്കും പുകവലിക്കുന്നവർക്കും മദ്യപിക്കുന്നവർക്കും ആർത്തവവിരാമം നേരത്തെ സംഭവിക്കുന്നു. ഇരട്ടകളായി ജനിച്ചവരിൽ ആർത്തവ വിരാമം നേരത്തെ വരുന്നു.

**ആർത്തവ വിരാമ ജന്യരോഗങ്ങൾ (Menopausal Syndrom)**

കൂട്ടുകുടുംബമായി കഴിഞ്ഞിരുന്ന, സ്ത്രീകൾ മറ്റു ജോലികൾക്ക് പോകാതിരുന്ന പഴയ കാലഘട്ടത്തിൽ ആർത്തവ വിരാമ ജന്യ പ്രശ്നങ്ങൾ പൊതുവെ കുറവായിരുന്നു എന്ന് വേണം പറയാൻ. അല്ലെങ്കിൽ പ്രായമായ കാരണവത്തിമാർ ശരിയായ രീതിയിൽ ഉപദേശങ്ങൾ നൽകി ഈ പ്രശ്നങ്ങളെ മറികടക്കുമായിരുന്നു. അണുകുടുംബം (Nuclear Family) ആയ ഇക്കാലത്ത് തൊട്ടതിനെല്ലാം ആകാംക്ഷയും മാനസിക പിരിമുറുക്കവും കൂടുന്നതിനാൽ Menopausal Syndrom ഒരു പ്രശ്നക്കാരനായി മാറുന്നു. മാത്രമല്ല ഉദ്യോഗസ്ഥകൾക്ക് അവരുടെ ഔദ്യോഗിക ജീവിതത്തിലും ചെറിയ പ്രയാസങ്ങൾ കാണുന്നു.

**Management (പരിപാലനം ചെയ്യൽ)**

ഹോർമോൺ റീപ്ലെയ്മെന്റ് തെറപ്പി(HRT) ഇന്ന് വ്യാപകമായി ചെയ്തു വരുന്ന ചികിത്സാരീതിയാണ്. കൃത്യമായ ഹോർമോൺ ചികിത്സയാൽ നേരത്തെ സൂചിപ്പിച്ച ആർത്തവ വിരാമജന്യമായ രോഗാവസ്ഥകളെ ഇല്ലാതാക്കാൻ കഴിയും.

Councelling :ഈ അവസ്ഥയെക്കുറിച്ച് അതിന്റെശാസ്ത്രീയമായ അവസ്ഥയെക്കുറിച്ച് വ്യക്തമായി പറഞ്ഞ് മനസ്സിലാക്കുക എന്നത് വളരെ പ്രാധാന്യമർഹിക്കുന്നു. ഭർത്താക്കൻമാർക്കും ചിലപ്പോൾ മക്കൾക്കും നിർദ്ദേശങ്ങൾ കൊടുക്കേണ്ടി വരും. അത് ഗൃഹാന്തരീക്ഷം ശാന്തമാക്കും.

**ഫലപ്രദമായ ആയുർവ്വേദ ചികിത്സ**

ആർത്തവ വിരാമത്തിന്റെ ആദ്യലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ ഹോർമോണുകളുടെ കൃത്യമായ ഉൽപാദനത്തിനും അണ്ഡോൽപാദനം കൃത്യമായി നടക്കുന്നതിന് സഹായിക്കുന്ന ആയുർവ്വേദ മരുന്നുകൾ ഫലപ്രദമായി കാണുന്നു. മിക്കപ്പോഴും ആയുർവ്വേദമരുന്നിനാൽ ആർത്തവ ചക്രം ക്രമീകരിക്കുവാൻ സാധിക്കുന്നു. അണ്ഡോൽപാദനം സുഗമമാക്കുന്നു. അപ്പോൾ ആർത്തവം കൃത്യമായി നടക്കുന്നു. അശോകാരിഷ്ടം , സുകുമാരം കഷായം, സുകുമാരഘൃതം, രജപ്രവർത്തിനി വടി തുടങ്ങിയ ഔഷധങ്ങൾ സന്ദർഭത്തിനനുസരിച്ച് വൈദ്യനിർദ്ദേശാനുസരണം കഴിച്ചാൽ ആർത്തവ വിരാമജന്യ ലക്ഷണങ്ങളെ മറികടക്കുവാൻ പറ്റും. കൃത്യമായി Periods നടക്കുന്നവരിൽ ഗർഭാശയ മുഴകൾ ഉണ്ടാകുനുള്ള സാധ്യത കുറവാണ്. ഗുണപരമായ കാഴ്ചപ്പാട് (Positive Thinking) വളരെ ഗുണം ചെയ്യും.

**സ്ത്രീകൾക്ക് കൂടുതൽ സ്വാതന്ത്ര്യം**

ആർത്തവ വിരാമത്താൽ സ്ത്രീകൾക്ക് കൂടുതൽ സ്വാതന്ത്ര്യം ലഭിക്കുന്നു എന്ന് ചിന്തിക്കുന്നവരുണ്ട്. മാസത്തിൽ തൊട്ടുകൂടാതെ 4 ദിവസം മാറിയിരിക്കേണ്ടതില്ല. ഗർഭനിരോധന മാർഗ്ഗങ്ങളുടെ ആവശ്യമില്ല. തങ്ങൾക്ക് നിഷിദ്ധമായിരുന്ന ക്ഷേത്ര ദർശനം, ശബരിമല ദർശനം തുടങ്ങിയവ നടത്തുവാനുള്ള സ്വാതന്ത്ര്യം ലഭിക്കുന്നു. ഇത് പോസിറ്റീവ് ചിന്താഗതിയാണ്. ആയുർവ്വേദശാസ്ത്ര പ്രകാരം ആർത്തവ വിരാമ സ

മയത്ത് വാതദോഷത്തിന്റെ ആധിക്യം സംഭവിക്കുന്നതായി പറയുന്നു. അശോകാരിഷ്ടം, സുകുമാര കഷായം, ധാന്വന്തരഘൃതം തുടങ്ങിയ മരുന്നുകൾ ഫലപ്രദമാണ്. ധാന്വന്തരം മുറിവെണ്ണ തുടങ്ങിയ തൈലങ്ങൾ തേച്ചു കുളിക്കുന്നതും ക്ഷീരബലതൈലം തലയിൽ തേച്ച് കുളിക്കുന്നതും നല്ലതാണ്. ധാന്യങ്ങൾ, പച്ചക്കറികൾ ധാരാളം കഴിക്കുക, എരിവ്, മസാല എന്നിവ പരമാവധി കുറയ്ക്കുക. പ്രകൃതിദത്ത കാൽസീയം ലഭിക്കുന്നത് പാൽ, പാലക്ക്ചീര എന്നിവ ശീലിക്കുക.

ഏറ്റവും പ്രധാനം ആർത്തവ വിരാമം തന്നെയാണെന്ന് ഉറപ്പു വരുത്തുകയാണ്. അണ്ഡോൽപാദനം ക്രമീകരിക്കുന്നതിനും Periods ശരിയായ രീതിയിൽ ഉണ്ടാകുന്നതിനും മറ്റു പ്രശ്നങ്ങൾക്കും വളരെ ഫലപ്രദമായ ചികിത്സ നിലവിലുണ്ട്.

**പഞ്ചകർമ്മ ചികിത്സ**

തീവ്രമായ മാനസിക വിഷമമുണ്ടാകുന്നുവെങ്കിൽ ശിരോധാര, തക്രധാര, ക്ഷീരധാര, ക്ഷീരവസ്തി, പിചു തുടങ്ങിയ ചികിത്സാക്രമങ്ങൾ ഫലപ്രദമാണ്. Fybroid Uterus തുടങ്ങിയ അവസ്ഥയിൽ കഫത്തിന്റെ ആധിക്യമുള്ളതിനാൽ വമനം, വിരേചനം, വസ്തി തുടങ്ങിയ പഞ്ചകർമ്മ ക്രിയകൾ ചെയ്യേണ്ടി വരും. യോനീഭാഗത്തുണ്ടാകുന്ന വരൾച്ചക്കും (Dryness), ചൊറിച്ചിലിനും യോനീപിചു എന്ന ചികിത്സ ഉത്തമപ്രതിവിധിയാണ്.

എപ്പോഴും പറയാറുള്ള ഒരു കാര്യം വീണ്ടും ഓർമ്മിപ്പിക്കട്ടെ. സ്വയം ചികിത്സിക്കരുത്. സുഹൃത്തുക്കളോ ബന്ധുക്കളോ ആധികാരികതയില്ലതെ പറയുന്ന ചികിത്സകൾ ചെയ്യാതിരിക്കുക. നിങ്ങളുടെ കുടുംബ ഡോക്ടറുടെ നിർദ്ദേശം നേടുക. ഡോക്ടറുമായി സംസാരിച്ച് നമ്മുടെ സംശയങ്ങൾ തീർക്കുക. കൃത്യമായ ചിട്ടയായ ജീവിത ശൈലിയും വേണ്ടി വന്നാൽ മരുന്നുകളും കഴിക്കുക. ഒരു ചെറിയ കാലയളവിനുള്ളിൽ നമുക്കീ പ്രയാസങ്ങളെ മറികടക്കാനാകും.

ആർത്തവ വിരാമം ഒരു രോഗമല്ല. ഒരു ജീവിത അവസ്ഥയാണ്. ഈ തിരിച്ചറിവാണ് പ്രധാനം. ●

◀◀ 36-ാം പേജിൽ നിന്നും തുടർച്ച

# ജന്മജന്മാന്തരങ്ങളിലെ.....

ലേക്ക് ഞാൻ വരില്ല. അപ്പോൾ കർണ്ണൻ വന്ന് അയാളുടെ കൈയ്യിൽ പിടിച്ച് പറഞ്ഞു. പോകരുത് നമ്മൾക്ക് അച്ഛന്റെയും, അമ്മയുടെയും മക്കളായി ജീവിക്കാം. നിങ്ങളുടെ സൗഭാഗ്യങ്ങൾ ഞാൻ തട്ടിയെടുത്തു എന്ന് കരുതരുത്. ഈ നില്ക്കുന്ന അമ്മയും, അച്ഛനുമല്ലാതെ എനിക്കും , ഭാര്യക്കും, കുട്ടികൾക്കും മറ്റാരുമില്ല. അവരെ മറക്കുവാൻ ഞങ്ങൾക്കു കഴിയില്ല. തിരിച്ച് പോകരുത് എന്റെ അപേക്ഷയാണ്. അയാൾ പറഞ്ഞു എന്റെ വഴി തെറ്റായിരുനു എന്നു മനസ്സിലാക്കുവാൻ ഒരുപാട് വൈകി. തിരിച്ചു വരുവാൻ പലവട്ടം ശ്രമിച്ചതാണ് അപ്പോഴൊക്കെ കുറ്റബോധവും, അപകർഷതാബോധവും വിലങ്ങ് തടിയായി നിന്നു. അവസാനം തെറ്റുകൾ ഏറ്റു പറയുവാൻ വേണ്ടി വന്നതാണ് ഞാൻ. എന്നാൽ എനിക്ക് മനസ്സിലായി തെറ്റുകൾ ഏറ്റുപറയുവാൻ പോലും എനിക്ക് യോഗ്യതയില്ലെന്ന്.

അമ്മയുടെയും, അച്ഛന്റെയും സങ്കൽപത്തിലെ മകനാകുവാൻ എനിക്ക് കഴിഞ്ഞില്ല.എനിക്ക് കഴിയാത്തത് നിങ്ങൾക്കു കഴിഞ്ഞതിൽ വളരെ സന്തോഷമുണ്ടെനിക്ക്. ഇനിയും അവരുടെ മകനായി ജീവിക്കുവാൻ എനിക്ക് അർഹത ഇല്ല. നിങ്ങൾ എന്നും അവരുടെ പ്രിയപ്പെട്ട മകനായിരിക്കണം."I don't deserve it" എന്നു പറഞ്ഞുകൊണ്ട് പെട്ടെന്ന് തല താഴ്ത്തി തിരിഞ്ഞു നടന്നു. അന്നേരം വിജയൻ മാഷുടെയും, ശ്രീലക്ഷ്മിയുടെയും ഉപബോധമനസ്സ് ആഗ്രഹിച്ചിരുന്നു അവൻ തിരിച്ചു പോകാതെയിരുന്നെങ്കിൽ എന്ന്. ശരം കണക്കെ പാഞ്ഞു പോകുന്ന അവനെ നോക്കി ഇതികർത്തവ്യതാമൂഢരായി വിറങ്ങലിച്ച് നില്ക്കുവാനേ അവർക്ക് കഴിഞ്ഞുള്ളൂ. ജീവിതത്തിന്റെ സമനില നഷ്ടപ്പെട്ട അവൻ ഓർത്തു, ഇഷ്ടമില്ലാത്ത ആളുകളോട് ചെയ്യുന്ന ഏറ്റവും വലിയ ശിക്ഷ അയാളെ തല്ലുകയോ, ചീത്ത വിളിക്കുകയോ അല്ല, മറിച്ച് അയാളെ അവഗണിക്കുക എന്നതാണ്. തനിക്ക് എല്ലാം ദൈവം തന്നിരുന്നു. യൗവ്വനത്തിന്റെ മാസ്മരികതയിൽ താൻ എല്ലാം ഇല്ലാതാക്കി. അച്ഛനെയും, അമ്മയെയും പോലും. തന്റെ കണ്ണുകളിലും മനസ്സിലും ആധുനികതയുടെ വിറളി പിടിച്ച ചുഴലിക്കാറ്റായിരുന്നു. പുച്ഛവും അഹന്തയും തലക്കു പിടിച്ച നവതലമുറയിലെ ചിലർ തന്റെ പൈതൃകത്തെപ്പറ്റിയോ, ബന്ധങ്ങളുടെ ആഴമോ, നിസ്വാർത്ഥ സ്നേഹമോ ഒന്നും കണ്ടില്ലെന്ന് നടിക്കുന്നു.. അതിന്റെ ജീവിക്കുന്ന രക്തസാക്ഷിയാണ് ഞാൻ. ചെയ്തു പോയ പാപവും തലയിൽ പേറി ഏകാന്ത പഥികനെപോലെ ഒരു ലക്ഷ്യവുമില്ലാതെ അയാൾ വിജനമാം വീഥിയിലൂടെ ഗതകാല സ്മരണകൾ അയവിറക്കി കൊണ്ട് വേച്ചു വേച്ചു നടന്നു.●

(സാഹിത്യരംഗം)

# കവിയുടെ/ദൈവത്തിന്റെ വിരലുകൾ



ശ്രീകുമാർ ശ്രീമംഗലം

പൂവുകൾ അന്ധരായതുകൊണ്ടാണ് ഇങ്ങനെ ചിരിച്ചു കൊണ്ടേയിരിക്കുന്നത് എന്നു വൈലോപ്പിള്ളി പറഞ്ഞെങ്കിലും

പൂവുകളായ പൂവുകളൊക്കെ നിലാചിരികളുതിർക്കും കാലം ഇനി മഞ്ഞുകാലം...

എരിവേനൽപകലുകളിലൊന്നിൽ ഒരു ഫോൺനിനദം..!

സ്വപ്നത്തിന്റെ വെട്ടവും രൂപവുമുള്ള വിശ്രുതകവി, വയലാർരാമവർമ്മയുടെ കവിതകളെക്കുറിച്ചെഴുതാൻ ഒരു നിയോഗം!

ഉൾത്താപം വന്ന് ഉജ്ജലിച്ചു, ഞാനോ!

ഒടുവിൽ, ഉള്ളിലെപ്പൊഴും അരുമയായ് കത്തിനില്ക്കുന്ന കവിതയുടെ ചന്ദനമണം!

ഇന്ദ്രിയങ്ങളഞ്ചിനെയും തകർത്ത് കാലം അടിച്ചു കൂട്ടിക്കത്തിച്ച കരിയിലകളുടെ കൂമ്പാരത്തെയും കത്തിച്ച്, കത്തിച്ച്...

ഉറങ്ങിക്കിടന്ന ഹൃദയം, നീ
ഉമ്മവച്ചുണർത്തീ
മനസ്സിൽ പതഞ്ഞ മധുരം, നീ
മറ്റൊരു പാത്രത്തിൽ പകർത്തീ.....

ജീവിതം അതിന്റെ കിളിത്തൂവൽ ചിറകിലെ എത്രയോ തരം വർണ്ണങ്ങളെ കാട്ടി എന്നെ കൊതിപ്പിച്ചും, ജ്വലിപ്പിച്ചും ചിലപ്പോൾ പലമട്ടിൽ അപഹരിച്ചും അങ്ങനെ....

മലർക്കെത്തുറന്നമിഴികൾ, കൊണ്ടു
മയൂരസന്ദേശമെഴുതി
ചുവക്കെ, ചുവക്കെ ചൊടികൾ
എത്രചൂടാത്ത പൂവുകൾ നീട്ടി

പലനിറം കാച്ചിയ വളകളണിഞ്ഞുമഴിച്ചും കാലം കടന്നു പോയെങ്കിലും നിരവധി രൂപങ്ങളിൽ കെടാതെ കത്തുകയാണ് എന്നിൽ വയലാർ കവിതകൾ. പല രുചികളിൽ സുരാസുര സംഗീതമായ്... രസാനുഭൂതിയുടെ നറുനക്ഷത്രജാലമായ്.........

ചിലക്കെ, ചിലക്കെ മൊഴികൾ നെഞ്ചിൽ
ശൃംഗാരതേൻകൂടുകൂട്ടി
തുടിക്കെ തുടിക്കെ മോഹം കൂട്ടിൽ
തൂവൽക്കിടക്കനിവർത്തി....

വയലാർകൃതികൾ, സ്മൃതികൾ ഒരു പ്രണയകാലമാകെ വാരിത്തന്ന് എന്നെ ഉദ്ദീപിപ്പിക്കുകയും വിടർത്തി, ദഹിപ്പിച്ചു പറത്തി വീണ്ടും ദഹിപ്പിച്ച് കണ്ണുനീരിൽ മുക്കിക്കൊല്ലുകയും ചെയ്യുന്നു. എങ്കിലും ഉള്ളിലാകെ നനുത്ത മയിൽ ചന്തം പീലി വിടർത്തും പോലെ.....!

നിലാവിന്റെ ഭിന്ന ഭാവങ്ങളെ എനിക്കേറെ പരിചിതമാണ്. എത്ര വട്ടമാണ് ആ നീർകൈകളിൽ ഞാനെന്റെ സുമതളെ പറിച്ചുനൽകിയിട്ടുള്ളത്. എങ്കിലും നിലാവിനെ ഞാനാദ്യമായ് കണ്ടതെപ്പോഴാണ്.....?

എനിക്കറിയില്ല
അന്ന്,
കർക്കിടകമഴക്കാലം..
രാപ്പനികളുടെ ഉത്സവകാലം....

തീരാസങ്കടങ്ങളുടെയും ഒറ്റപ്പെടലിന്റെയും വെയിൽ പക്ഷി ചിറകടിച്ചുയരുന്നു.

നിറയെ വായന ആശ്വാസം തന്ന രാപകലുകൾ....

കുടുകുടെ ആയിഷയെ വായിച്ചുതീർത്ത ജാഗ്നി!

വാനം മുട്ടിനിന്ന നീതിരാഹിത്യത്തെ നിരങ്കുശം എതിരിട്ട ആയിഷ! ഇന്നുമുള്ളിലെ അഗ്നികോണിൽ....!

ഞാനിനിപ്രസവിക്കും
കൊല്ലുകില്ലക്കുഞ്ഞിനെ
കാണണമെനിക്കതുനാളെ!
എന്നെയിതെരുവിന്റെ, മൂല
യിലെറിഞ്ഞവർക്കൊന്നിനു
മെൻകുഞ്ഞന്നു മാപ്പുനൽകുകയില്ല....

എങ്കിലും കവി, നിയതിയുടെ എഴുതാപ്പുറങ്ങളിൽ നിന്നും സത്യം വായിച്ചെടുക്കുന്നു.

ക്രൂരമാം സമുദായക്കെട്ടുകളുടെ, കാരാ
ഗാരത്തിൽ കൈയ്യാളുകൾ നിയമം കുറിക്കുമ്പോൾ
ആയിരം കിളിയെത്ര ചിറകിട്ടടിച്ചാലും
ആയിരുമ്പഴികളെ തകർക്കാൻ കഴിയില്ല....!

സമൂഹത്തിൽ നിന്നും താനനുഭവിച്ച കൊടിയ അനീതി ക്കറുതി വരുത്തുവാൻ സ്വന്തം സൃഷ്ടിയാൽ ഒരു പൊളി ച്ചെഴുത്തു നടത്തണമെന്ന ഉൾപ്പോരിമ ഒരു മുദ്രാവാക്യം പോലെ ഉയർത്തുകയാണ് ആയിഷ!

ആളുന്ന പന്തത്തെ നിലത്തുകുത്തിയണയക്കാൻ ശ്രമിച്ചാലും അതിന്റെ ജ്വാല ആകാശം നോക്കി വിരാജിക്ക തന്നെ ചെയ്യും.

കഥനകൗതുകം കവനകൈരളിക്കുകനിഞ്ഞേകിയ ആയിഷ ഗ്രാമസൗന്ദര്യത്തിന്റെ നിഷ്കളങ്കലാവണ്യം നിറച്ചുവച്ച പൂർണ്ണകുംഭമാണ്. മനസുകളുടെ രാക്ഷസീയത ഒരശനിപാതം പോലെ അതിനെ ഉടച്ചെറിയുമ്പോൾ നോവുന്നത് തിക

ച്ചും സഹൃദയമാനസം തന്നെ. നാടകീയതയുടെ നവ്യാനുഭൂതി സഹൃദയഹൃത്തടങ്ങളെ കാവ്യരാസനുഭൂതിയുടെ തൊട്ടിലിലാട്ടുന്ന നിരവധി കമനീയ മഹൂർത്തങ്ങൾ! വിവരണത്തിന്റെ ചാരുചൈത്ര സുഗന്ധം നിവേദിച്ചുതരികയാണു കവി.

നിക്കാഹം കഴിഞ്ഞവൾ
പട്ടണത്തിലെ വീട്ടിൽ
മുക്കാലും കരൾ വെന്ത
മാതിരി ജീവിച്ച നാൾ,
വിടനാം ഭർത്തവിന്റെ
മാംസദാഹത്തിൽ കത്തി
പ്പടരും വികാരങ്ങ
ളവളെക്കശക്കവെ,
നാലുവർഷങ്ങൾക്കുള്ളിൽ
ചതഞ്ഞതൊണ്ടായ് തീർന്നു
ശാലീന ലളിതമാ
സൗന്ദര്യ സാക്ഷാത്ക്കാരം!
നിർവ്വികാരനായ്ത്തന്നെ
യാ വിട, നവളെയും
ഗർവ്വിന്റെ കൈചൂണ്ടിക്കൊ
ണ്ടകലെ പുറംതള്ളി!
ആറോളം യുവതികൾ
കേട്ടുഞെട്ടിയ, ശബ്ദ
മായിഷകേട്ടു നിന്നെ
മൊഴിചൊല്ലിഞാൻപെണ്ണേ....
അടിയിൽ കനം തൂങ്ങും
വയറും താങ്ങിക്കൊണ്ടാ
നടന്നുകൈയ്യും വീശി
പ്പാവമാമപ്പെൺകുട്ടി.......!

ഒരിക്കലും തിരിച്ചു വരാത്തതുകൊണ്ടാണ് ജീവിതമിത്രമേൽ മധുരതരമായിരിക്കുന്നത്. എന്ന് എമിലി ഡിക്കിൻസ് പറയുന്നു. ഒരിക്കലും വിജയിക്കാത്തവർക്കാണു വിജയത്തിന്റെ മധുരം ഏറെ പ്രിയങ്കരമായിരിക്കുന്നതെന്നും എമിലി നിരീക്ഷിക്കുന്നുണ്ട്. എന്തു തന്നെയായാലും അനുഭവങ്ങൾക്ക് ആവർത്തനങ്ങളുണ്ടാകാത്തതുകൊണ്ടാണ് ജീവിതം ഇത്രക്കു മധുരതരമായിരിക്കുന്നത്. നിനക്കു സ്വന്തമായിരുന്നത്തൊക്കെ നീ തന്നെ നഷ്ടപ്പെടുത്തിയവയായിരുന്നുവെന്ന് മറ്റൊരു സവ്യസചി. സ്നേഹിച്ചപ്പോഴല്ല, സ്നേഹം നഷ്ടപ്പെടുമ്പോഴാണ് മനുഷ്യരായ മനുഷ്യരൊക്കെ വിതുമ്പുന്നത് വയലാറിന്റെ ആയിഷയും മറ്റൊന്നല്ല ഈ പാഠങ്ങളൊക്കെ തന്നെയാണ് അമ്പർത്ഥമാക്കുന്നത്. കവിത ആത്മാവിലേക്കു പടർന്നു ഹൃദയം പൊള്ളിപ്പോയ ഒരു ആതപകാലം.........

കൈക്കോർത്തു പിടിക്കുമ്പോൾ സ്നേഹം നമ്മിലേക്കു പ്രവഹിപ്പിക്കാത്ത ഉണങ്ങിയ ചില്ലകളാണെങ്ങും....!

സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും......!

എന്നു കവി ആത്മഗതം പൊഴിക്കുന്നു. സംഘർഷങ്ങളും തിരയിളക്കങ്ങളുമൊക്കെ തീരങ്ങളിൽ മാത്രം. ആഴങ്ങളിലേക്ക് പോകുമ്പോൾ കടലെത്ര ശാന്തം! നിശബ്ദതയും സൗമ്യയും.....

പലപ്പോഴും, നാം വെളിച്ചം കെട്ടുപോകുന്ന സംഘർഷങ്ങളുടെ തുരുത്തിൽ പെട്ടുപോകുന്നു. ആഴങ്ങളിലേക്ക് പോകാൻ പക്വത പോരാഞ്ഞ പോൽ.......

അത്തരത്തിലൊരു വിലാപം വയലാറിനുണ്ടാകുന്നു. ഗുരുവരൻ പൊലിഞ്ഞു പോകുമ്പോൾ, ആ വെളിച്ചം കെട്ടു പോകുമ്പോൾ പ്രാണതന്ത്രികളെ ഭേദിച്ച് വിലാപം നിർഗ്ഗളിക്കുന്നു.

കേസരി ബാലകൃഷ്ണപിള്ളയുടെ ദേഹവിയോഗം വയലാർ വിലാപമാക്കുന്നു.

ഏകാന്തധ്വഗ, ഭവാൻ നടന്നുകേറീടാത്ത
മേഖലയേതുണ്ടേതുണ്ടി വിശ്വപ്രകൃതിയിൽ....?
കിളിവാതിലും തുറന്നിശ്ശതാബ്ധത്തിൻ, ശിലാ
തളിമത്തിൻമേലെന്നെയവിടുന്നിരുത്തിച്ചു:
ലോകവിജ്ഞാനത്തിന്റെ വെളിച്ചം വിളയുന്ന
യാഗശാലയിലേക്കു കണ്ണും നട്ടിരുന്നു ഞാൻ....!,
ആ സർഗ്ഗചലനങ്ങളത്ഭുത പ്രതിഭാസ
രാസകേളികൾ, വിദ്യുത്ന്നാദാധാരകളെ
ന്നിലേക്കോടിക്കേറി വന്നെന്റെ സങ്കല്പങ്ങൾക്കു
ദ്യാനവിരുന്നേകി, ഞാനുമിപ്രപഞ്ചവു
മൊന്നായിനിന്നു, കർമ്മജ്ഞാനധർമ്മങ്ങൾ
വന്നെന്റെ കൈയ്യൊപ്പു സമ്പാദിച്ചു......!

* * * * *

കാലമക്കിളിവാതിലടച്ചു കഴിഞ്ഞല്ലോ
കാലമെൻ കണ്ണാടിച്ചില്ലുടച്ചു കളഞ്ഞല്ലോ............

* * * * *

ഒന്നടർത്തെടുത്തോട്ടെ നിൻചിത്തഗ്നിയിൽ
നിന്നെൻ ചന്ദനത്തിരിക്കൊരു പൊന്മുത്തുകിരീടം ഞാൻ...?

വയലാർ കവിതയുടെ പൊൻചന്ദനത്തിരികളിൽ ആ ശ്രേഷ്ട ജീവിതത്തിൽ നിന്നും കൊളുത്തിയെടുത്ത പൊൻമുത്തു കിരീടങ്ങൾ മിന്നിത്തിളങ്ങുക മാത്രമല്ല, ആരോഗ്യസന്ദായകങ്ങളായ ഔഷധപരിമളവും ഇണചേർന്നും ലസിച്ചിരിക്കുന്നു.

ഒളിഞ്ഞും, തെളിഞ്ഞും ചങ്ങമ്പുഴയേയും വയലാറിനെയും രണ്ടു വർണ്ണങ്ങളിൽ മനസിലിട്ടു നടന്നിരുന്ന ഞാൻ പലപ്പോഴും ആരുടെ പക്ഷത്താണെന്നു, ഇടക്കിടക്കു മനസിനോടും, പിന്നെ.......

ചങ്ങമ്പുഴ കേരള കവിതക്കു നൽകിയ നവഭാവുകത്വത്തെ ആദരപൂർവ്വം സ്മരിക്കുന്ന വയലാർ ഛന്ദോനിബദ്ധയിലും പദാനുപദസന്നിവേശത്തിലും ചങ്ങമ്പുഴയിൽ നിന്നും തെല്ലകലെയെന്നു കാണാം.

ഞാനൊരു രമണന്റെ വിഢിത്തം കാണിക്കില്ല

മാനത്തു ചിരിക്കുന്ന നക്ഷത്രത്തിനെ നോക്കി
കയർഞാനെടുക്കും, കൂടുക്കില്ലതിനുള്ളിൽ,
ഉയർനാളം പക്ഷെ, കോർത്തുടക്കുകയില്ല!
പ്രേമിക്കാൻ പരസ്പരം സ്നേഹിക്കാൻ കൂട്ടാക്കാത്ത
സാമൂഹ്യഘടനതൻ കഴുത്തിൽ ചുറ്റിക്കെട്ടാൻ,
കയർ ഞാനെടുക്കും, മർദ്ദകർക്കൊരുകൊല
ക്കയറായത്, പുളഞ്ഞലറിച്ചിരിക്കും.....!

മഹാകവി, ജി മുളങ്കാടിന് എഴുതിയ ആമുഖത്തിൽ ഇങ്ങനെ പറയുന്നു. അതിവേഗത്തിൽ വളർന്നുവന്ന വയലാർ ഭാഷാകവിതയുടെ കനകമണിവീണയിൽ പുതിയ കമ്പി മുറുക്കുകയും, പുതിയനാദം കലർത്തുകയും ചെയ്യുന്ന തിൽ ഇപ്പോൾത്തന്നെ പ്രശംസനീയമായ വിജയം നേടിക്കഴി ഞ്ഞിട്ടുണ്ട്.......

പറങ്കിമാവുകൾ പൂത്തു മണമുലാവും കാലം....
രജനിയേക്കൾ പുലരിക്കഴകുണ്ടായിരുന്ന കാലം....

മധുചന്ദ്രികയുടെ ചായത്തളികയിൽ അഴകിൻ പൂമ്പൊടി ചാലിച്ച്, മഴവിൽക്കൊടിയുടെ മൂനമുക്കി വരിഷകവി ഉന്മത്ത ഗന്ധം പരത്തുന്നു...
പരക്കെ തേനുലാവുന്നു...
കല്പനകൾ നൃത്തം വയ്ക്കുന്നു.
അന്ന് ജ്വരത്ക്കാലം
വിഷാദങ്ങൾ കുടചൂടി നടന്നിരുന്ന അശാന്ത പർവ്വം

വ്യക്തിസത്തയേയും നിലനില്പിനെത്തന്നെയും തകിടം മറിക്കുന്നതിനെതിരെ മുഷ്ടിചുരുട്ടി പ്രതികരിച്ചുപോകുന്ന കലാകാരന്റെ ഉത്കൃഷ്ടവികാരമാണ് വയലാറിന്റെ കുചേലൻ കുഞ്ഞൻനായർ എന്ന ബാലഡ് (Story telling poem). നാടകീയതകൊണ്ടു രംഗപടമെങ്കിലും ജീവിതോക്തികളെ നിരർത്ഥകമാക്കുന്ന കൊട്ടിയാടൽ....

കൃഷ്ണനെത്തല്ലീ കുചേലൻ! ആ ധിക്കാര
കൃത്യമിരമ്പീ ജനഹൃദയങ്ങളിൽ!
ആത്മാവിലെങ്ങാണ്ടുതേളുകടിച്ചപോൽ
ആൽത്തറസന്ന്യാസിമാരമ്പരന്നു പോയ്!
പല്ലും കടിച്ചെഴുന്നേറ്റാകഥകളി
പന്തലിലേക്ക് കരക്കാർ കുതിക്കവേ
പുൽച്ചൂലുപോലാം മൂടിക്കെട്ടു തുള്ളിച്ച്
ഗർജ്ജിച്ചു, നാട്ടു പ്രമാണിമാരിങ്ങനെ
മാറീസ്ഥലം നോക്കൂ കമ്യൂണിസത്തിനു
കേറിക്കളിക്കുവാനുള്ളതല്ലമ്പലം....!

ഭക്തജനങ്ങൾ കഥയറിയുമ്പോൾ, അയാളുടെ ഗേഹവും മനസ്സും കൊച്ചുകനൽച്ചൂള പോലെയാണ്.... അവിടെ വിഷപ്പച്ചകളെപ്പോലെ വിരാജിക്കുന്നത് പട്ടിണിയാണ്. ഇണങ്ങാത്ത വേഷങ്ങൾ കെട്ടിയാടിക്കുന്നു നിയതി! ഒടുവിലീരംഗത്ത് കുചേലനായി. വാചാലവികാരങ്ങളാൽ നയനങ്ങൾ ആർദ്രങ്ങളാകുന്നു...

കാര്യമറിയുന്ന കാണികൾ കൺനിറഞ്ഞ് കുചേലൻ കുഞ്ഞൻ നായരെ അണച്ചുപുണർന്നു. സദസൊന്നാകെ കണ്ണീരു ചൂടുന്നു...

ഒന്നാഞ്ഞു ഞാനും കുചേലനും പട്ടിണി
തിന്നാണു ജീവിതം ചെറ്റമാടങ്ങളിൽ....

നമ്മളും കവിപുംഗവനോടൊത്ത് ചോദിച്ചുപോകുന്നു;

കയപുവലിച്ചൂകുടിക്കും മനുഷ്യന്റെ
കല്പനക്കുള്ളിൽ മദിരയുണ്ടാകുമോ...?

ശങ്കുണ്ണിമേനവനെന്ന കൃഷ്ണവേഷക്കാരൻ കമ്പനിമുതലാളി കാൽക്കാശയാൾക്കു നല്കുന്നില്ല. കരുണാമയനായ ഭഗവാന്റെ സ്നേഹവായ്പുകൾ നിർല്ലോഭം അയാൾ പ്രകടിപ്പിക്കുന്നുണ്ട്. ഇന്നും പതിവു ചേഷ്ടക്കൊരുങ്ങിയ കൃഷ്ണവേഷധാരിയായ മുതലാളിയെ കടത്തണ്ട് വലിച്ചൂരി കൃഷ്ണൻ നായർ കുചേലൻ പൊതിരെ തല്ലി സദസ്സമ്പരന്നു പോയ്....!

പ്രക്ഷുബ്ധജനാവലിക്കു മദ്ധ്യേ കുഞ്ഞൻനായർ ഒടുവിൽ പ്രത്യേക്ഷപ്പെട്ടു.

നിറുത്തുന്നു ഞാനീതൊഴിൽ മേലിൽ വേഷമിട്ടെത്തു
കയില്ലാ കളിയരംഗത്തുഞാൻ...
വയ്യ സഹിക്കുവാൻ ശങ്കുണ്ണിമേനോന്റെ
വഞ്ചന കാല്ക്കാശെനിക്കുതരില്ലയാൾ...!
എന്നും കണക്കുതീർത്തുത്സവക്കാരോടു
ചെന്നുമേടിക്കും കളിപ്പണം മേനവൻ!
നാലുകാശാർക്കും കൊടുക്കില്ല, വാങ്ങിച്ചു
നാലഞ്ചുനല്ല പറമ്പും നിലങ്ങളും....
നാടിൻ കൃതാർത്ഥാഭിനന്ദനാശിസ്കൾ
നേടിഞാൻ, പഷണികിടന്നുക്കൊണ്ടിത്രനാൾ....!

ആടിക്കഴിഞ്ഞു വീട്ടിലെത്തുമ്പോൾ ഓടിയണയും പതിനെട്ടു കണ്ണുകൾ! ആഴക്കരിക്കുവകയവർക്കേകുവാനാകാതെ നിന്നയാൾ പൊട്ടിക്കരഞ്ഞുപോകുന്നു...!

കൊല്ലുകയാണയാൾ വൃന്ദാവനത്തിലെ
പുല്ലാങ്കുഴലിനെ, സ്നേഹൈകലോലനെ!
ചെപ്പയ്ക്കു രണ്ടുകൊടുത്തുപോയിന്നുഞാൻ
മാപ്പുതരട്ടെ; പണം തരില്ലെങ്കിലും...!

ആൾകൂട്ടത്തിന് ഒറ്റ നാവാണെന്നു മാക്സിം ഗോർക്കി പറഞ്ഞിട്ടുണ്ട്. ഇവിടെ ഒറ്റ നാവാൽ ആൾക്കൂട്ടമൊടുവിൽ കള്ളൻ കന്നെുവോ കൃഷ്ണൻ....! എന്നാരായുന്നു....

വിടർന്നുല്ലസിച്ചു പരിമളം പരത്തുന്ന പനിനീർപൂവിനെ അടർത്തിയെടുത്തു കശക്കിയെറിഞ്ഞാൽ പ്രകൃതി കോപിക്കും. പ്രശാന്തമായ പുഴയിലിറങ്ങി നീർത്തടം കലക്കിവിട്ടാൽ ധ്യാന സാന്ദ്രതയാർന്ന ഐശ്വരീയത ക്ഷോഭിക്കും. അതിനെ ഭഞ്ജി ക്കാൻ നിസ്സാരർക്കവകാശമില്ല. ഇവിടെ അനശ്വരതയെ ചുംബിച്ചു പരിലസിച്ചൊഴുകുന്ന വയലാർകാവ്യകല്ലോലിനിയെ ഈയുള്ളവൻ തൊട്ടുതൊട്ടുലച്ചെങ്കിൽ, കവികുലഗുരോ.... അങ്ങിവനു മാപ്പു തരേണമേ.....

# 13-ാം ചരമവാർഷികം

06-01-2016



# കെ . സി. ഗോപിനാഥമേനോൻ

ദു:ഖസ്മരണകളോടെ......
ഭാര്യയും, മക്കളും, പേരക്കുട്ടികളും



# വളഞ്ഞമ്പലം ദേവിക്ഷേത്രം 2016ലെ ഉത്സവപരിപാടികൾ

## (2016 ജനുവരി 23 മുതൽ 30-ാം തിയ്യതി വരെ)

### ഒന്നാം ദിവസം (23. 1. 2016 ശനിയാഴ്ച)

| | | | |
|---|---|---|---|
| വൈകുന്നേരം | 6.00 ന് | : | സോപാനസംഗീതം |
| | 7.00 ന് | : | കൊടിയേറ്റ് |
| | 7.30 ന് | : | കുച്ചിപ്പുടി |
| | 9.00 ന് | : | കഥകളി ലവണാസുരവധം |

### രണ്ടാം ദിവസം (24. 1.2016 ഞായറാഴ്ച)

| | | | |
|---|---|---|---|
| രാവിലെ | 10.00 ന് | : | ശീതങ്കൻ തുള്ളൽ |
| | 11.00 ന് | : | അന്നദാനം |
| | 11.30 ന് | : | ഭക്തിഗാനമേള |
| വൈകിട്ട് | 6.00 ന് | : | പഞ്ചരത്നകീർത്തനം |
| | 8.30 ന് | : | ഡബിൾ തായമ്പക |

### മൂന്നാം ദിവസം (25.1.2016 തിങ്കളാഴ്ച)

| | | | |
|---|---|---|---|
| രാവിലെ | 11.00 ന് | : | അന്നദാനം |
| വൈകിട്ട് | 5.30 ന് | : | സംഗീതാർച്ചന |
| | 6.30 ന് | : | കുടുക്കവീണ കച്ചേരി |
| | 7.30 ന് | : | സംഗീത കച്ചേരി |

### നാലാം ദിവസം (26.1.2016 ചൊവ്വാഴ്ച)

| | | | |
|---|---|---|---|
| രാവിലെ | 10.00 ന് | : | വയലിൻ കച്ചേരി |
| | 11.00 ന് | : | അന്നദാനം |
| വൈകുന്നേരം | 5.30 ന് | : | കളരിപ്പയറ്റ് |
| | 6.30 ന് | : | കണ്യാർകളി (വേട്ടുവ കംക്കർ) |
| | 8.00 ന് | : | ജുഗൽബന്ദി |

### അഞ്ചാം ദിവസം(27.1.2016 ബുധനാഴ്ച)

| | | | |
|---|---|---|---|
| | 11.00 ന് | : | അന്നദാനം |
| വൈകുന്നേരം | 5.00 ന് | : | സംഗീതാർച്ചന |
| | 7.30 ന് | : | കഥാപ്രസംഗം |
| | 9.00 ന് | : | നാടൻപാട്ട് |
| | 10.00 ന് | : | വിളക്ക് |

### ആറാം ദിവസം (28.1.2016 (വ്യാഴാഴ്ച)

**ചെറിയ വിളക്ക്**

| | | | |
|---|---|---|---|
| രാവിലെ | 11.00 ന് | : | ഉത്സവബലി ദർശനം |
| വൈകുന്നേരം | 5.30 ന് | : | സംഗീതകച്ചേരി |
| | 7.00 ന് | : | നൃത്തനൃത്യങ്ങൾ |
| | 8.30 ന് | : | തായമ്പക |
| | 10.30 ന് | : | ചെറിയ വിളക്ക് |

### ഏഴാം ദിവസം (29.1.2016 വെള്ളിയാഴ്ച)

**വലിയവിളക്ക്**

| | | | |
|---|---|---|---|
| | 8.30 ന് | : | ശീവേലി പഞ്ചാരിമേളം |
| വൈകുന്നേരം | 4.00 ന് | : | പകൽപ്പൂരം പഞ്ചവാദ്യം |
| | 5.00 ന് | : | സംഗീതാർച്ചന |
| | 6.30 ന് | : | നൃത്തനൃത്യങ്ങൾ |
| | 9.00 ന് | : | മെഗാഇവന്റ് |
| | 11.00 ന് | : | വലിയവിളക്ക് |

### എട്ടാം ദിവസം (30.1.2016 ശനിയാഴ്ച)

**ആറാട്ട്**

| | | | |
|---|---|---|---|
| രാവിലെ | 6.00 ന് | : | കൂട്ടവെടി |
| വൈകുന്നേരം | 5.00 ന് | : | ഭജന തിരിവാതിരകളി |
| | 6.00 ന് | : | സംഗീതകച്ചേരി |
| | 7.00 ന് | : | കൊടിയിറക്കം |
| | | : | ആറാട്ട് പഞ്ചവാദ്യം |
| | 8.00 ന് | : | വഞ്ചിപ്പാട്ട് |
| | 9.00 ന് | : | നൃത്തസംഗീത നാടകം |

ഫെബ്രുവരി 5 വെള്ളിയാഴ്ച വൈകുന്നേരം 6.00മണിക്ക് താലം വരവ്
രാത്രി 8.00 മണിക്ക് വലിയ ഗുരുതി

# ഇളംകുളം പി. എൻ. കുഞ്ഞൻപിള്ള

**(വ്യക്തിവിശേഷം)**



കേരളചരിത്ര ഗവേഷണത്തിന് അതുല്യസംഭാവനകൾ നല്കിയ അദ്വിതീയ പ്രതിഭാശാലിയും പാണ്ഡിതാഗ്രേസരനുമായിരുന്ന ശ്രീ. പി.എൻ. കുഞ്ഞൻപിള്ള കൊല്ലവർഷം 1040 ൽ തിരുവനന്തപുരത്തിനും കൊല്ലത്തിനുമിടിയിലുള്ള ഇളംകുളം എന്ന ഗ്രാമത്തിലാണ് ജനിച്ചത്. അച്ഛൻ ശ്രീ.കൃഷ്ണക്കുറുപ്പും അമ്മ ശ്രീമതി നാണിക്കുട്ടി അമ്മയും. അത്ര സമ്പന്നമല്ലാത്ത കുടുംബമായിരുന്നു അവരുടേത്. അതുകൊണ്ടുതന്നെ കുഞ്ഞൻപിള്ളയെ ഗ്രാമീണ ശൈലി അനുസരിച്ചുള്ള നാട്ടുഭാഷാ വിദ്യാഭ്യാസത്തിനാണ് അച്ഛനമ്മമാർ അയച്ചത്. എന്നാൽ പ്രതിഭാശാലിയായിരുന്ന അദ്ദേഹം മലയാളം ഹയർ പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കുകയും, തിരുവനന്തപുരം എസ്.എം.വി. സ്കൂളിൽ അദ്ധ്യാപകനായി നിയമിതനാകുകയും ചെയ്തു. തിരുവനന്തപുരത്തെത്തിയ അദ്ദേഹം പഠനം തുടർന്നു. ഇ.എസ്.എൽ.സി.യും, ഇന്റർ മിഡിയറ്റും പാസ്സായ ശേഷം അണ്ണാമല യൂണിവേഴ്സിറ്റിയിൽ നിന്നും സംസ്കൃതഭാഷയും സാഹിത്യവും ഐഛികമായെടുത്ത് ബി.എ. (ഓണേഴ്സ്) ബിരുദം കരസ്ഥമാക്കി. അതിനുമുമ്പുതന്നെ മദ്രാസ് സർവ്വകലാശാലയിൽ നിന്നും വിദ്വാൻ പരീക്ഷയും പാസ്സായിരുന്നു. 1934 ൽ ആർട്സ് കോളജിൽ ലക്ചററായി നിയമിതനായ അദ്ദേഹം അക്ഷരാർത്ഥത്തിൽ തന്നെ ഒരു മാതൃകാദ്ധ്യാപകനായിരുന്നു. ജോലിയിൽ നിന്നും വിരമിക്കുമ്പോൾ അദ്ദേഹം തിരുവനന്തപുരം ഗവ. ആർട്ട്സ് കോളേജിലെ മലയാളവിഭാഗം തലവനായിരുന്നു. ഭാഷാധ്യാപകനായിരുന്നെങ്കിൽ കൂടി അദ്ദേഹം ഭാഷാചരിത്രത്തിലും കേരള രാഷ്ടീയ സാമൂഹ്യചരിത്രത്തിലും ഗവേഷണം നടത്തി മലയാള ഭാഷയോടൊപ്പം തന്നെ തമിഴ്, തുളു, കന്നട, പാലി തുടങ്ങി അനേകം ഭാഷകളിൽ പാണ്ഡിത്യം നേടിയിരുന്നു ആ മഹാൻ. കുറ്റമറ്റ, ഗഹനമായ, കേരളത്തിന്റെ ഒരു പരിപൂർണ്ണ ചരിത്രം രചിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു എന്നത് എടുത്തു പറയേണ്ട ഒരു വസ്തുതയാണ്. ഇന്നും ചരിത്ര കുതുകികളും, ചരിത്രാന്വേഷികളും വിദ്യാർത്ഥികളും ആധികാരികമായ ചരിത്രഗവേഷണ ഗ്രന്ഥമായി അദ്ദേഹത്തിന്റെ പുസ്തകത്തെയാണ് കണക്കാക്കുന്നത്. ഹാരപ്പ, ചന്ദ്രവല്ലി തുടങ്ങിയ സ്ഥലങ്ങളിലെ പുരാവസ്തു ഗവേഷണങ്ങളിലും അദ്ദേഹം ഭാഗഭാക്കായിരുന്നു. ഇംഗ്ലീഷിലും, തമിഴിലും, മലയാളത്തിലുമായി ഏതാണ്ട് ഇരുപതിൽ പരം പുസ്തകങ്ങൾ അദ്ദേഹം പ്രസിദ്ധികരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭാര്യ കാഞ്ഞരക്കോട് വലിയ വീട്ടിൽ ഭാർഗ്ഗവി അമ്മയായിരുന്നു. ഈ ദമ്പതികൾക്ക് അഞ്ച് സന്താനങ്ങൾ ഉണ്ട്. മികവുറ്റ അദ്ധ്യാപകൻ, കേരള ചരിത്ര ഗവേഷണത്തിലെ അഗ്രഗണ്യൻ, ബഹുഭാഷാ പണ്ഡിതൻ, ഗ്രന്ഥകാരൻ, സാഹിത്യകാരൻ അങ്ങനെ വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച അസാധാരണ വ്യക്തിത്വത്തിന്റെ ഉടമയായിരുന്ന ശ്രീ ഇളംകുളം 1973 മാർച്ച് 4 ന് ഇഹലോകവാസം വെടിഞ്ഞു.

9-ാം പേജിൽ നിന്നും തുടർച്ച

# മഹോൽസവമായി മാറിയ.....

ളോട് സദസും വേദിയും യോജിക്കുകയായിരുന്നു.

തൃശൂർ തേക്കേമഠം മൂപ്പിൽ സ്വാമിയാർ ശ്രീമദ് വാസുദേവാനന്ദ ബ്രഹ്മാനന്ദ ഭൂതിയുടെ അനുഗ്രഹീത സാന്നിധ്യത്തിലായിരുന്നു സമാപന സമ്മേളനം. 90 വർഷം മുമ്പ് പ്രഗൽഭരായ 11 പേർ തുടങ്ങിവെച്ച ഈ പ്രസ്ഥാനത്തെ അവർക്കുണ്ടായിരുന്ന ലക്ഷ്യത്തിനപ്പുറം എത്തിക്കാൻ പിൻഗാമികൾക്ക് സാധിച്ചു എന്നത് പ്രശംസാർഹമാണെന്ന് മൂപ്പിൽ സ്വാമിയാർ ആശംസിച്ചു. എറണാകുളം ജില്ലയിലെ എം പി യുടെയും എം എൽ എമാരുടെയും സജീവ സാന്നിധ്യംകൊണ്ട് വേദി സമ്പുഷ്ടമായി. കരയോഗം പ്രസിഡണ്ട് കെ പി കെ മേനോൻ അധ്യക്ഷത വഹിച്ചു. പ്രൊഫ. കെ വി തോമസ് എം പി, എം എൽ എമാരായ ഹൈബി ഈഡൻ, ഡൊമനിക് പ്രസന്റേഷൻ, ബെന്നി ബഹന്നാൻ, ലൂഡി ലൂയിസ്, ബി ജെ പി മുൻ സംസ്ഥാന പ്രസിഡണ്ട് വി മുരളീധരൻ, ജില്ലാ കളക്ടർ എം ജി രാജമാണിക്യം, സിറ്റിസൺസ് ഇന്ത്യാ ഫൗണ്ടേഷൻ മാനേജിംഗ് ട്രസ്റ്റി ടി കെ എ നായർ, ഡെപ്യൂട്ടി മേയർ ടി ജെ വിനോദ്, ഗ്ലോബൽ എൻ എസ് എസ് സെക്രട്ടറി ജനറൽ എം കെ ജി പിള്ള, നഗരസഭ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ വി പി കൃഷ്ണകുമാർ, മുൻ സുപ്രീം കോടതി ജഡ്ജി കെ എസ് രാധാകൃഷ്ണൻ, ട്രഷറർ കെ ടി മോഹനൻ എന്നിവർ സംസാരിച്ചു. സ്മരണിക 'നവതിക'യുടെ എഡിറ്റർ രവി കുറ്റിക്കാടിനെ ചടങ്ങിൽ ആദരിച്ചു.

ആയിരം ദിവസത്തിനുള്ളിൽ കരയോഗം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ജനറൽ സെക്രട്ടറി പി രാമചന്ദ്രൻ(വേണു) പ്രഖ്യാപിച്ചപ്പോൾ കരഘോഷങ്ങളോടെയാണ് സദസ് സ്വീകരിച്ചത്. സൗജന്യനിരക്കിൽ രോഗികൾക്ക് സേവനം ലഭ്യമാക്കുന്ന പോളി ക്ലിനിക്ക്, ഗുരുവായൂരിൽ ഗസ്റ്റ് ഹൗസ്, ചെറായി തൃക്കടക്കാപ്പിള്ളി ക്ഷേത്രത്തോടനുബന്ധിച്ച് അമ്മമാരുടെ സംരക്ഷണ കേന്ദ്രവും ബാലമന്ദിരവും, പത്തുകേന്ദ്രങ്ങളിലായി ദിവസേന 1000 പേർക്ക് സൗജന്യഭക്ഷണം എന്നിവക്ക് പുറമേ കരയോഗം ശതാബ്ദിയിലുള്ള 'വസുധൈവ കുടുംബകം' സ്വപ്ന പദ്ധതിയിൽ 5000 കുടുംബങ്ങൾ ഉൾക്കൊള്ളുന്ന സ്വയംപര്യാപ്ത ഗ്രാമം നിർമിക്കുമെന്നും അദ്ദേഹം അറിയിച്ചു.

ക്ഷേത്രകലകളുടെയും പാരമ്പര്യ കലാരൂപങ്ങളുടെയും സ്മരണകൾ ഉണർത്തിയ അഞ്ചു നാളുകളിലെ കൃഷ്ണ ഹാളിലെ ദൃശ്യകലകളും സായാഹ്നങ്ങളിലെ സംഗീത കലാവിരുന്നുകളും ആഘോഷങ്ങൾക്ക് മധുരം പകർന്നു. കഥകളി പ്രേമികളായ എറണാകുളത്തുകാർക്ക് ആസ്വാദനത്തിന്റെ അവാച്യമായ അനുഭൂതി പകർന്ന കരയോഗം കഥകളി ക്ലബിന്റെ 'നളചരിതം ഒന്നാം ദിവസം' അത്യപൂർവമായി മാത്രം സംഭവിക്കുന്ന പ്രതിഭാ സംഗമമായി. പത്മഭൂഷൺ മടവൂർ വാസുദേവൻനായരും പത്മശ്രീ കലാമണ്ഡലം ഗോപിയും മാർഗി വിജയകുമാറും കോട്ടക്കൽമധുവും വേദിയിൽ ഒരുമിച്ചപ്പോൾ ഗംഗാ ഹാളിന്റെ രംഗപടം നീക്കി നളനും ദമയന്തിയും ഹംസവും ആസ്വാദക ഹൃദയങ്ങളിലേക്ക് ഇറങ്ങിവന്നു. കഥകളിയെ നെഞ്ചേറ്റിയവർക്ക് അത് ജീവിതത്തിലെ അവിസ്മരണീയ സായാഹ്നമായി.

പറവൂർ കാവിൽ ഉണ്ണികൃഷ്ണ വാര്യരുടെ കുടുക്കവീണക്കച്ചേരിയും തൃശൂർ മിഴാവ് കളരിയിലെ വി വി കെ ഹരിഹരനും സംഘവും അവതരിപ്പിച്ച മിഴാവ് തായമ്പകയും നഗരം ആദ്യമായി ആസ്വദിക്കുകയായിരുന്നു. ആചാരങ്ങളും വിശ്വാസങ്ങളും അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട ദൃശ്യകലകളുടെ പ്രദർശനവും ഓർമചിത്രങ്ങളുടെ പ്രദർശനവും കൃഷ്ണ ഹാളിൽ അറങ്ങേറിയതു കാണാൻ തിക്കും തിരക്കുമായിരുന്നു. കുരുത്തോലപണിക്കൂട്ടം, കോലമെഴുത്ത്, കളമെഴുത്ത്, ചുമർചിത്രരചന എന്നിവയുടെ ആഖ്യാനം കൗതുകത്തോടെ കണ്ടിരുന്നു. ചിത്രകലാനിരൂപകൻ വിജയകുമാർ മേനോനാണ് ഉദ്ഘാടനം ചെയ്തത്. കാണികളുടെ അഭ്യർഥനയെ തുടർന്ന് ഫോട്ടോ പ്രദർശനം രണ്ടു നാൾ കൂടി നീണ്ടു.

ആഘോഷത്തിരക്കിൽ കുട്ടികൾക്കും പ്രാധാന്യം ലഭിച്ചു. അവർക്കായി കവിതാ പാരായണ മത്സരവും പ്രസംഗ മത്സരവും നടന്നു. സമാപന സമ്മേളനത്തിൽ വിജയികൾ കൈനിറയെ സമ്മാനങ്ങളുമായാണ് പോയത്. നഗരവുമായി ചേർന്നു നിൽക്കുന്ന മഹാപ്രസ്ഥാനത്തിന്റെ നവതി ആഘോഷത്തിൽ പങ്കാളിയാകാൻ കഴിഞ്ഞതിന്റെ ആത്മസംതൃപ്തിയോടെയാണ് എറണാകുളം കരയോഗവും സ്ത്രീസമാജവും സംയുക്തമായി സംഘടിപ്പിച്ച ശ്രീമതി. പാർവ്വതി നായരുടെ നേതൃത്വത്തിലുള്ള തിരുവാതിരക്കളിയും കണ്ട് കുളിർ കോരുന്ന രാത്രിയിൽ സഹൃദയർ വീടുകളിലേക്ക് മടങ്ങിയത്; ഇനി ജൻമശതാബ്ദി നാളുകളിൽ കാണാമെന്ന യാത്രാമൊഴിയോടെ.


**ശ്രീ വിദ്യാധിരാജാവചനം**

ദുഃഖത്തിൽ ഈശ്വരസ്മരണയും സുഖത്തിൽ ഈശ്വരവിസ്മരണവും നിരീശ്വരത്തേക്കാൾ നിന്ദിതമാണ്

# നഗരങ്ങൾ ഗ്രാമങ്ങളെ വിഴുങ്ങുന്നത്

പറവൂർ ബാബു

പാടങ്ങളൊക്കെ
പീഠഭൂമികളായതോടെ
കുട്ടികളിപ്പോൾ
വയലുകൾ കാണുന്നത്
പാഠപുസ്തകങ്ങളിൽ.
നീർച്ചാലുകൾ കാണുന്നത്
അമ്മയുടെ കണ്ണുകളിൽ
ദുരിതങ്ങളുടെ തീക്കനലുകൾ
നെഞ്ചിലൊതുക്കി
മൗനത്തിന്റെ
ഗുഹാക്ഷേത്രമായ്
അച്ഛനിരിപ്പൂ കോലായിൽ.
കത്തിയെരിയുന്ന
സ്വപ്നങ്ങളുടെ ചിതയ്ക്ക്
കൂട്ടിരിക്കുന്നു
നിശ്ശബ്ദയായ് ഓപ്പോൾ.
ചേറിൽ നിന്നും
ചോറെന്നു ചൊല്ലി
ചിരിച്ചിരുന്നു
പണ്ടു കോലായിൽ
ഒരു മുത്തശ്ശൻ
വൈക്കോലിന്റെ
നിറവും മണവുമായിരുന്നു
അന്ന് സന്ധ്യകൾക്ക്
മേഞ്ഞിരുന്നു തൊടികളിൽ
കന്നുകാലികൾ
കാലത്ത് ഞങ്ങളെ
വിളിച്ചുണർത്തിയിരുന്ന
കറവക്കാരൻ തമിഴൻ
വിദേശത്താണിപ്പോൾ
പുന്നെല്ലിന്റെ മണമുയർന്നിരുന്ന
കളപ്പുരയിലിന്ന്
വില്ലകൾ പണിയാനെത്തിയ
ബംഗാളികളാണ് താമസം
പണ്ട് പാടത്ത്
കൂട്ടമായ് പറന്നിറങ്ങിയിരുന്ന
വെട്ടുകിളികളെപ്പോലെ
നാട്ടുവഴികളിൽ നിറയുന്നുണ്ടവർ
ഏതോ കുന്നിന്റെ
ഹൃദയം വെടിവെച്ചു തകർത്ത്
കൊണ്ടുവന്ന് കൂട്ടുന്നുണ്ട്
പാടശേഖരങ്ങളിൽ
വിശ്രമിക്കുന്നുണ്ട്
അകലെയല്ലാതെ
തുമ്പിക്കൈയുള്ള
യന്ത്രരാക്ഷസൻ
നാടുവിട്ടിരിക്കുന്നു
പച്ചപ്പനന്തത്തകൾ
കേൾക്കുന്നുണ്ട്
അകലെയല്ലാതെ
ഒരു പുഴയുടെവിലാപം കൂടി
നഗരങ്ങൾ
ഗ്രാമങ്ങളെ വിഴുങ്ങുന്നത്
എങ്ങനെയെന്ന്
ഇനിയാരും ചോദിക്കരുത്.



## പ്രദോഷം

| | | |
|---|---|---|
| 21.01.2016 | 07.06.1191 | വ്യാഴാഴ്ച |
| 06.02.2016 | 23.06.1191 | ശനിയാഴ്ച |
| 20.02.2016 | 07.07.1191 | ശനിയാഴ്ച |
| 06.03.2016 | 22.07.1191 | ഞായറാഴ്ച |
| 20.03.2016 | 07.08.1191 | ഞായറാഴ്ച |
| 05.04.2016 | 23.08.1191 | ചൊവ്വാഴ്ച |
| 19.04.2016 | 06.09.1191 | ചൊവ്വാഴ്ച |
| 04.05.2016 | 21.09.1191 | ബുധനാഴ്ച |
| 19.05.2016 | 05.10.1191 | വ്യാഴാഴ്ച |
| 02.06.2016 | 19.10.1191 | വ്യാഴാഴ്ച |
| 17.06.2016 | 03.11.1191 | വെള്ളിയാഴ്ച |
| 02.07.2016 | 18.11.1191 | ശനിയാഴ്ച |
| 17.07.2016 | 02.12.1191 | ഞായറാഴ്ച |
| 31.07.2016 | 16.12.1191 | ഞായറാഴ്ച |
| 15.08.2016 | 31.12.1191 | തിങ്കളാഴ്ച |
| 29.08.2016 | 13.01.1192 | തിങ്കളാഴ്ച |
| 14.09.2016 | 29.01.1192 | ബുധനാഴ്ച |



ഡോ. കല്യാണി മേനോൻ

# പ്രമേഹം

**രോഗലക്ഷണങ്ങൾ**

അമിത ദാഹം, മൂത്രം അധികം പോകുന്നത്, ക്ഷീണം, തൂക്കം കുറയുന്നത് ഇവ കൂടുതലും കാണുന്നത് Diabetes Type 1 ൽ ആണ്.

D M Type 2 ൽ ആരംഭത്തിൽ കാര്യമായ രോഗലക്ഷണങ്ങൾ കാണാറില്ല. കുടുംബത്തിൽ പ്രഷർ, ഷുഗർ, കൊളസ്ട്രോൾ, അമിതഭാരം എന്നീ രോഗങ്ങൾ ഉണ്ടാവാം. Complications ആണ് കൂടുതൽ രോഗലക്ഷണങ്ങൾ ഉണ്ടാക്കുന്നത്.

1) വൃക്ക : വൃക്കകൾക്ക് തകരാറ് Kidney Failure വളരെ പ്രധാനമായ ഒരു Complication ആണ്. അസുഖം ബാധിച്ചതിന്റെ കാലയളവും Glucose Level Control ശരിയായ ചികിത്സയും അനുസരിച്ച് End Stage Renal Disease (E R D S) ന്റെ അവസ്ഥയിലെത്തുന്ന കാലയളവ് വ്യത്യാസം വരും.

കണ്ണ് : കാഴ്ചയെ സംബന്ധിച്ച പ്രശ്നങ്ങൾ :

Cataract, Glaucoma, Retinopathy

Infections x ശരീരത്തിന്റെ പ്രതിരോധശക്തി കുറക്കുന്ന അവസ്ഥയായതുകൊണ്ട് പലതരത്തിൽ ഉള്ള Infection- Bacterial, Viral, Fungal ഉണ്ടാവുന്നു. മോണ രോഗങ്ങൾ തൊലിപ്പുറത്തെ Inf-ectons Genital Infection നിസ്സാര മുറിവുകൾ ഉണങ്ങാൻ താമസം, പെട്ടെന്നു പഴുപ്പ് ഉണ്ടാവുന്നത് സാധാരണമാണ്. കാൽപാദങ്ങളെ ബാധിക്കുന്ന അസുഖങ്ങളും മുറിവുകളും പ്രത്യേക ശ്രദ്ധ ആർജ്ജിക്കുന്നു. Sensation ഉം രക്തത്തിന്റെ Circulation നും കുറയുന്നതു കാരണം Infections വളരെ വേഗം ആഴത്തിലേക്ക് പകരുകയും Gangrene (Local Tissue Death) ആവുകയും ചെയ്യുന്ന ഈ അവസ്ഥ Amputation ൽ ആണ് അവസാനിക്കുന്നത്. പ്രമേഹ രോഗികൾക്ക് മറ്റു അസുഖങ്ങൾ ഉണ്ടാവുമ്പോൾ (TB, Pneumonia, HIV, Meningitis, Urinary Infections) അവ കൂടുതൽ Complications ഉണ്ടാക്കുന്നു.

രക്തത്തിലെ Glucose ന്റെ അളവ് വളരെ കൂടുതലായി Keto Acidosis, ഉണ്ടായാൽ തലച്ചോറിനെ ബാധിച്ച് Coma വരെ വരും.

രക്ത ധമനികളുടെ ഉൾചർമം കേടുവന്ന് കൊഴുപ്പ് അടഞ്ഞ് ഉൾവ്യാസം കുറഞ്ഞ് Heart Attacks, Stroke മുതലായവ ഉണ്ടാകാൻ സാധ്യത കൂടുന്നു.

ചികിത്സ

Pre Diabetes ഉള്ളവർക്ക് ജീവിതശൈലി മാറ്റവും, ഭക്ഷണത്തിൽ Control ആണ് പ്രഥമവും പ്രധാനവുമായ ആവശ്യം.

1) മദ്യപാനവും പുകവലിയും നിർത്തണം.

2) Glycemic Index കൂടുതൽ ഉള്ള ഭക്ഷണങ്ങൾ ഒഴിവാക്കണം (Glucose ന്റെ അളവ് കൂട്ടുന്നവ)

3) പതിവായി വ്യായാമം ചെയ്യണം, Sugar ന്റെ അളവ് കുറയ്ക്കാനും, മരുന്നിന്റെ Dose കുറയ്ക്കുവാനും, എല്ലുകൾക്ക് ബലം ഉണ്ടാക്കാനും Cholestrol കുറയ്ക്കാനും വ്യായാമം സഹായിക്കുന്നു. ഹൃദയത്തിന്റെയും ശ്വാസകോശത്തിന്റെയും പ്രവർത്തനത്തിനും വ്യായാമം ഗുണകരമാണ്.

4) ശരീരത്തിന്റെ തൂക്കം കൂടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

BMI - Body Mass Index = Wt in kg, HT in Meters

Ideal BMI = 19-25

25- 30 Over Weight

30 -35 Obesity Grade I

35-40 Obesity II

> 40 Morbid Obesity

# ഭക്ഷണക്രമങ്ങൾ

രക്തത്തിലെ Glucose ന്റെ അളവ് ഉയർത്താൻ ഉള്ള കഴിവിന് Glycemic Index (G-I) എന്നു പറയുന്നു. (കൂടുതൽ ഉയർത്തുന്ന ഭക്ഷണങ്ങൾ High GI Foods എന്നും അധികം ഉയർന്നവ Low GI Foods എന്നും പറയുന്നു).

High GI Foods: എല്ലാത്തരം മധുരങ്ങൾ, പഞ്ചസാര, ശർക്കര, തേൻ, Refined Carbs (തവിട് കളഞ്ഞവ, മൈദ, റവ, തവിട് കളഞ്ഞ അരി, ഗോതമ്പ്, മധുരം കൂടിയ പഴവർഗ്ഗങ്ങൾ (പഴുക്കുന്തോറും മധുരം കൂടുന്നു. പഴം, ചക്കപ്പഴം, മാമ്പഴം, ഈന്തപ്പഴം (Dates) ഉണക്കമുന്തിരി, മുന്തിരിങ്ങ മുതലായവ).

പപ്പായ, ആപ്പിൾ, പേരക്ക, ഓറഞ്ച് മുതലായവ Low GI Fruits ആണ്. തൊലി കളയാതെ കഴിക്കാവുന്ന പഴങ്ങൾക്ക് എശയ്യല അര്മിമേഴല ഉണ്ട്, തവിട് കളയാത്ത അരി ഗോതമ്പ്, Oats GI കുറഞ്ഞവയാണ്.

കൊഴുപ്പ് മാറ്റിയ പാലും, പാൽ ഉത്പന്നങ്ങളും ഉപയോഗിക്കാം.

Fats and Oils ന്റെ ഉപയോഗം ആവുന്നതും കുറയ്ക്കണം. വറുത്ത ഭക്ഷണങ്ങൾ ആവുന്നതും കുറച്ച് ആവിയിൽ പുഴുങ്ങിയവ (ഇഡലി, പുട്ട്, നൂലപ്പം മുതലായവ) കഴിക്കുക.

എല്ലാത്തരം പച്ചക്കറികളും ഇലക്കറികളും പയർവർഗ്ഗങ്ങളും GI കുറഞ്ഞവയുമാണ്.

Processed Red Meat Bരോഗ്യത്തിന് ഹാനീകരമാണ്. ബേക്കറി പലഹാരങ്ങൾ കൂടുതൽ Trans Fats ഉള്ളതും High GI ഉള്ളവയുമാണ്.

പ്രാതൽ Break Fast ഒഴിവാക്കാൻ പാടില്ല. കഴിക്കുന്നതിന്റെ അളവ് കുറച്ച് രണ്ടര അല്ലെങ്കിൽ മൂന്നു മണിക്കൂർ ഇടവിട്ട് കഴിക്കുന്നത് Glucose Levels ക്രമീകരിക്കാൻ സഹായിക്കുന്നു.

വ്യായാമവും പ്രമേഹവും

40 വയസ്സിന് മേലെയുള്ളവർ Cardiac Check up, TMT ചെയ്ത്, വ്യായാമം ഹൃദയത്തെ ഹാനീകരമായി ബാധിക്കുന്ന വ്യത്യാസങ്ങൾ ഉണ്ടോ എന്ന് Check ചെയ്യണം. Exercise Induced Ischemia ഉള്ളവർ, Doctor ന്റെ Instructions അനുസരിച്ച് വേണം വ്യായാമം ചെയ്യാൻ.

Target Heart Rate 20-30 Minutes Maintain ചെയ്യാനുള്ള വ്യായമങ്ങൾ വേണം ചെയ്യാൻ.

Maximum Heart Rate = 220 Age

അതിന്റെ 50 75 % ആണ് Target Heart Rate. വ്യായാമത്തിന് മുമ്പും പിമ്പും Warming up, Stretches, Cooling Down എന്നിവ 5 -10 Minute സമയമെടുത്ത് ചെയ്യണം.

Brisk Walking ചൊടിയോടെ നടത്തം, നീന്തൽ, Cycleing എന്നിവ (Aerobic Exercise) മിക്കവർക്കും ചെയ്യാവുന്നവയാണ്.

പാദങ്ങളുടെ സുരക്ഷക്ക് ഉതകുന്ന പാദരക്ഷകൾ വളരെ പ്രാധാന്യം അർഹിക്കുന്നു.

ഭക്ഷണക്രമീകരണവും ജീവിതശൈലി മാറ്റങ്ങളും കൊണ്ട് Control ആവാത്തവർക്ക് മരുന്ന് ആവശ്യമാവുന്നു.

കുത്തിവയ്ക്കുന്ന Insulin നും Glucose Level കുറക്കുന്ന ഗുളികകളും ഇതിൽ പെടുന്നു. ●

2 -ാം ചരമവാർഷികം

19.01.2016



**പി. എ. നാരായണപിള്ള**


പേരേപറമ്പിൽ


വട്ടേക്കുന്നം

ഇടപ്പള്ളി നോർത്ത്. പി. ഒ

കൊച്ചി 682024

- സന്തപ്ത കുടുംബാംഗങ്ങൾ



# വീടു പണിയുമ്പോൾ കിടപ്പുമുറിയുടെ സ്ഥാനം പ്രത്യേകം നോക്കേണ്ടതുണ്ടോ, വീടിന്റെ ഏതു ഭാഗമാണ് കിടപ്പുമുറിയ്ക്ക് അനുയോജ്യമായിട്ടുള്ളത്?

**ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്**
റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ

കിടപ്പുമുറി പണിയാൻ തീർച്ചയായും സ്ഥാനം നോക്കേണ്ടതുണ്ട്. ഒരു ദിവസത്തിന്റെ, മാസത്തിന്റെ, കൊല്ലത്തിന്റെ മൂന്നിലൊന്നു സമയം നാം ഉറങ്ങുന്നുണ്ട്. അതുകൊണ്ട് കിടപ്പുമുറിയുടെ സ്ഥാനത്തിന് വളരെ പ്രാധാന്യമുണ്ട്.

ഭൂമി ഒരു വലിയ കാന്തമാണ്. വടക്ക്, തെക്ക് എന്നിങ്ങനെ രണ്ടു ധ്രുവങ്ങളുണ്ട്. രണ്ടു വടക്കു ധ്രുവങ്ങൾ അടുത്തടുത്തു വന്നാൽ അവ വികർഷിക്കപ്പെടുന്നു. എതിർധ്രുവങ്ങൾ തമ്മിൽ ആകർഷിക്കപ്പെടുന്നു. Magnetic ഈ തത്വങ്ങൾ അനുസരിച്ചാണ് വാസ്തുശാസ്ത്രപ്രകാരം ഭാരവും, മർദ്ദവും എപ്പോഴും തെക്കോട്ടായിരിക്കണമെന്ന് നിർദ്ദേശിക്കുന്നത്. തെക്കും, പടിഞ്ഞാറും വലിയ മുറികൾ വേണം. വീടിന്റെ ആ ഭാഗത്ത് ഭാരം കൂടാനാണിത്. വടക്കുകിഴക്കു ഭാഗത്ത് ചെറിയ മുറികൾ മതി. കേരളത്തിൽ ഒമ്പതു മാസത്തോളം കാറ്റ് വടക്കു കിഴക്കോട്ടാണ് വീശുന്നത്. ആ കാറ്റ് വീടിന്റെ അകത്തുകൂടി കടന്നു പോകണമെങ്കിൽ വീടിന് തെക്കോട്ടും, പടിഞ്ഞാറോട്ടും ധാരാളം ജനലുകൾ വേണം. കൂടാതെ തെക്കും പടിഞ്ഞാറും ധാരാളം മരങ്ങളുണ്ടെങ്കിൽ ശുദ്ധവായു വീടിന്റെ അകത്തുകൂടി കടന്നു പോകുന്നതായിരിക്കും.

ഉറങ്ങുന്ന മുറിയിൽ കാറ്റും, വെളിച്ചവും, ചൂടും വേണം. ധാരാളം കാറ്റും പോക്കുവെയിലും കിട്ടണമെങ്കിൽ പ്രധാന കിടപ്പു മുറി തെക്കു പടിഞ്ഞാറു ഭാഗത്തു തന്നെ വേണം. പോക്കുവെയിൽ കൊണ്ടാൽ പൊന്നാകും എന്നാണ് പറയുന്നത്. തെക്കു പടിഞ്ഞാറെ മുറിയ്ക്ക് തെക്കോട്ടും, പടിഞ്ഞാറോട്ടും ജനലുകൾ നിർബ്ബന്ധമാണ്. തെക്കു പടിഞ്ഞാറു നിന്ന് വരുന്ന കാറ്റ് വടക്കു കിഴക്കെ മൂലയിലാണ് എത്തുന്നത്. അതുകൊണ്ട് Bed Room ന്റെ വാതിൽ വടക്കു കിഴക്കെ മൂലയിൽ തന്നെ ആയിരിക്കണം. പടിഞ്ഞാറു വടക്ക് കിടപ്പു മുറി കൊടുക്കുകയാണെങ്കിൽ പടിഞ്ഞറോട്ടും, വടക്കോട്ടും ജനലുകൾ വേണം. കിടപ്പു മുറി തെക്ക് കിഴക്കു വരികയാണെങ്കിൽ തെക്കോട്ടും, കിഴക്കോട്ടും ജനലുകൾ വേണം.

കിടക്കുമ്പോൾ തല വയ്ക്കുന്ന ഭാഗവും ഉണർന്നെഴുന്നേൽക്കുന്ന ഭാഗവും ശ്രദ്ധിക്കേണ്ടതുണ്ട്. തല തെക്കോട്ട് വയ്ക്കുന്നതാണ് ഏറ്റവും നല്ലത്. കിഴക്കോട്ടും വയ്ക്കുന്നത് നല്ലതാണ്. എഴുന്നേൽക്കുന്നത് കിഴക്കോട്ടോ, വടക്കോട്ടോ ആകാം. കിടക്കയുടെ വടക്കും, കിഴക്കും ധാരാളം സ്ഥലം വേണം.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**




# ടി.ഡി.എം. ഹാളിന്റെ ഓർമ്മച്ചെപ്പ് തുറക്കുമ്പോൾ......

**പി.എസ്. സുകുമാരൻ**

1947 48 കാലഘട്ടം രാഷ്ട്രഭാഷാ പരിപോഷണത്തിനായി ഹിന്ദിപ്രചാരസഭ ഹിന്ദിക്ലാസുകൾ നടത്തിപ്പോന്നിരുന്ന കാലം......

ഹാളിന്റെ തെക്കുവശത്തെ മുറിയിൽ ഇരുപതിൽ താഴെ കുട്ടികൾ ഉർദു സമ്മിശ്രമായ ഹിന്ദി പഠിച്ചിരുന്നു............. പെട്ടെന്നാണ് ക്ലാസ്സ് നടന്നുകൊണ്ടിരിക്കുമ്പോൾ മഹാത്മജിയുടെ മരണവാർത്ത റേഡിയോയിലൂടെ നാടെങ്ങും കേൾക്കുന്നത്. ...........എല്ലാവരും ക്ലാസ്സിൽ നിന്നും പലവഴി ഇറങ്ങിയോടി...........ഞാൻ നേരെ വീട്ടിലേയ്ക്കും.....എന്റെ അമ്മ എം.ജി. റോഡിലെ ഞങ്ങളുടെ വീട്ടിലെ തൊഴുത്തിൽ പശുവിനെ കറന്നുക്കൊണ്ടിരിക്കുകയായിരുന്നു...... എന്താ ഈ കേക്കണേ എന്ന വേവലാതിയോടെ കറവ നിറുത്തി അമ്മ മൊന്തയുമായി അകത്തേക്ക്.....ഓടിപ്പോയ കുട്ടികളെല്ലാം ഓരോരുത്തരായി തിരിച്ചു വന്ന് ടി.ഡി.എം ഹാളിന്റെ മുറ്റത്ത് ഒരു കുഴിയെടുത്ത്, ഒരു മുളങ്കാലിൽ കറുത്ത ഒരു കൊടി തൂക്കി........

